Rge. No. M. 2293 ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മിഥുനം 30 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 ജൂലൈ 14 | ലക്കം 45

## പാവപ്പെട്ടവരുടെ പിതാവ്

(മിസ്സിസ് ഡോക്ടർ പോൾ ജെ. മാമ്പിള്ളി)

വിൻസെൻറ് ഡി പോൾ! എത്രയെത്ര മധുരസ്മരണകളാണ് ആ പരിപാവനനാമം മാനവഹൃദയങ്ങളിൽ ഉൽഭൂതമാക്കുന്നത്. ആടുകളേയും പന്നികളേയും മേച്ചുകൊണ്ടുനടക്കുന്ന ഒരു ഇടയച്ചെറുക്കനായിട്ട് അദ്ദേഹം ലോകത്തിനു പ്രത്യക്ഷപ്പെടുന്നു, ആദ്യമായിട്ട്. വിശ്രമസമയങ്ങളിൽ അടുത്തുള്ള വൃക്ഷക്കോടരത്തിൽ ദൈവജനനിയുടെ പ്രതിമ അലങ്കരിച്ചുവെച്ചു പാടുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന ആ സുന്ദരബാലന്റെ സന്മാതൃക ഇന്നു എത്രയെത്ര കൊച്ചുകുട്ടികളെയാണ് മാതൃഭക്തിയിൽ പുളകംകൊള്ളിക്കുന്നത്.

ചെറുപ്പത്തിൽത്തന്നെ ബുദ്ധിമാനായ ആ ബാലൻ പ്രപഞ്ചത്തിന്റെ പ്രകൃതിമനോഹരതകളെ സൂക്ഷ്മവീക്ഷണംചെയ്തുകൊണ്ടിരുന്നു. നീലനീലമായ അംബരവീഥിയും പച്ചവിരിച്ച മൈതാനങ്ങളും തിങ്ങി നില്ക്കുന്ന വൻകാടുകളും അദ്ദേഹത്തിന്റെ കുഞ്ഞുഹൃദയത്തെ കുളർപ്പിച്ചു. ചക്രവാളത്തെ മോടിപിടിപ്പിക്കുന്ന സൂര്യചന്ദ്രനക്ഷത്രാദികൾ, മനോഹരങ്ങളായ ഫലവൃക്ഷങ്ങൾ, കണ്ണും കരളും കവരുന്ന സുന്ദരകുസുമങ്ങൾ ഇവയെല്ലാം അദ്ദേഹം ആവേശപൂർവ്വം നോക്കിക്കണ്ടു. കാർമേഘ പടലങ്ങൾക്കിടയിൽ മിന്നിമായുന്ന മഴവില്ല്, ഭയങ്കരമായ ഇടിമിന്നലുകൾ, ഇരമ്പിപ്പാഞ്ഞുവരുന്ന കൊടുങ്കാററ്, ശീതളമായ മന്ദമാരുതൻ എന്നിവ ആ കൊച്ചുഹൃദയത്തെ സ്പർശിച്ചു. അരുവികളും കാട്ടാറുകളും നദികളും സമുദ്രങ്ങളും ആകെക്കൂടി പ്രപഞ്ചനാഥന്റെ അത്ഭുതശക്തിയെ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു. പ്രകൃതിസൗന്ദര്യങ്ങളിലൂടെ ആ നിർമ്മലാത്മാവ് ജഗദീശനെ വാഴ്ത്തി.

വെള്ളിമേഘങ്ങൾക്കപ്പുറം അല്ലലില്ലാത്ത ഒരു സുന്ദരലോകമുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കി. മരണദുഃഖങ്ങളില്ലാത്ത ആ പരലോകത്തിൽ—നിർമ്മലാത്മാക്കളുടെ ആ അഭയകേന്ദ്രത്തിൽ—സൗഹാർദ്ദത്തിന്റെ സൗഭാഗ്യമാസ്വദിച്ചുകൊണ്ട് ആനന്ദമടയുന്ന പുണ്യാത്മാക്കളെക്കുറിച്ച് അദ്ദേഹം ആലോചിച്ചു. ഈ ഇരുലോകങ്ങൾക്കും തുല്യാവകാശികളായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരുടെ വിഭിന്നജീവിതസ്ഥിതികളെപ്പററി ചിന്തിച്ചു തുടങ്ങി ആ മനുഷ്യസ്നേഹി. ചിന്തിക്കുന്തോറും ഹൃദയം വെന്തുരുകി; അതു് പരസ്നേഹവും ദീനാനുകമ്പയും ഉളവാക്കി. തൽഫലമായി ബാല്യത്തിൽതന്നെ അദ്ദേഹത്തിൽ സാധുക്കളോടു അതിരററ അനുകമ്പ ഉദയംചെയ്തു. വഴിമദ്ധ്യേ കണ്ടുമുട്ടിയ ഒരു ദരിദ്രന്റെ കൈവശമുണ്ടായിരുന്ന സമ്പാദ്യം മുഴുവനടങ്ങിയ പണക്കിഴി സമ്മാനിച്ച കഥ പിശുക്കന്മാരായ പണക്കാരെ വെല്ലുവിളിക്കുന്നു. സാമാനം വാങ്ങിച്ചുകൊണ്ടു വരുമ്പോൾ അതിനാവശ്യമുള്ള വല്ല സാധുക്കളേയുംകണ്ടാൽ അതവർക്കു കൊടുക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഔൽസുക്യം ലോകത്തെ ലജ്ജിപ്പിക്കയാണ്.



വിശുദ്ധ വിൻസെൻറ് ഡി പോൾ

(തിരുനാൾ ജൂലൈ 19-ാംതീയതി)

അങ്ങനെ സഹോദരസ്നേഹവും അനുകമ്പയും ഉജ്ജ്വലിപ്പിച്ചുകൊണ്ട് ആ ബാല്യകാലം കടന്നുപോയി. ഫ്റാൻസിലേയും സ്പെയിനിലെയും സർവ്വകലാശാലകളിൽ അദ്ദേഹം വിദ്യ അഭ്യസിച്ചു. വേദശാസ്ത്രത്തിലും കാനൻനിയമത്തിലും പ്രശസ്തബിരുദങ്ങൾ നേടി. മിശിഹായുടെ പൗരോഹിത്യത്തിലേക്കു അദ്ദേഹം ഉയർന്നു; ഒരു വൈദികനായി. താമസംവിനാ കടൽക്കള്ളന്മാരുടെകൈയിൽ അകപ്പെട്ടു. ഒരു അടിമയായി വില്ക്കപ്പെട്ടു. അടിച്ചോടിച്ചും ശക്തിപരീക്ഷിച്ചും വിപണികളിൽ മൂന്നുപ്രാവശ്യം അദ്ദേഹത്തെ കൈമാറി, ഒരു കന്നുകാലിയെപ്പോലെ. അങ്ങനെ മൂന്നു യജമാനന്മാരെ സേവിക്കുകയും അവരുടെ കർക്കശമായ പെരുമാററങ്ങൾക്കു കീഴ്പ്പെട്ടു ജീവിക്കുകയും ചെയ്തു. മൂന്നാമത്തെ യജമാനനായ ഒരു മതത്യാഗിയെ മനസ്സുതിരിച്ച് അദ്ദേഹവുമൊന്നിച്ച് രക്ഷപെട്ടു ഫ്റാൻസിൽ തിരിച്ചെത്തി.

മടക്കയാത്രയിൽ അദ്ദേഹത്തിന്റെ എളിമയുടെ മാററുരച്ചുനോക്കുന്ന ഒരു സന്ദർഭമുണ്ടായി. മോഷണക്കുററം സംശയിച്ച് അദ്ദേഹം പിടിക്കപ്പെട്ടു. തന്മൂലം വളരെയേറെ അവമാനവും അപകീർത്തിയും സഹിക്കുവാൻ ഇടവന്നു. ഒടുവിൽ അദ്ദേഹത്തിന്റെ നിരപരാധിത്വം താനേ തെളിഞ്ഞു. സംശയിച്ചവർ ആ പാദാരവിന്ദങ്ങളിൽ വീണു മാപ്പപേക്ഷിച്ചു. അതിനുശേഷം ഇടവകവികാരിയായും ഗോണ്ടി പ്രഭുകുടുംബത്തിന്റെ കപ്ലോനായും കുറെനാൾ ജോലി നോക്കി. ഉന്നതനിലയിലുള്ള പലരുമായി പരിചയപ്പെട്ടു. വലിയ സ്ഥാനമാനങ്ങളും സിദ്ധിച്ചു. ഉന്നതതരമായ പദവികൾ പലതും വാഗ്ദാനംചെയ്യപ്പെട്ടു. പക്ഷെ അതെല്ലാം ഉപേക്ഷിച്ചു ചിരകാലമായി അദ്ദേഹത്തിൽ ചിറകെട്ടി നിന്നിരുന്ന പരസ്നേഹപ്രവർത്തനാസക്തിയെ തുറന്നുവിടുന്നതിനായി അദ്ദേഹം പുറപ്പെട്ടു.

പട്ടിണിപ്പാവങ്ങളുടെ മൂകരോദനങ്ങൾ! അടിമകളുടെ ശോകാലാപങ്ങൾ! ചാരിത്രഭംഗം ഭയപ്പെടുന്ന അബലകളുടെ ചുടുനെടുവീർപ്പുകൾ! അവരെ വഴിപിഴപ്പിക്കുന്ന കടുത്ത ദാരിദ്ര്യം! ഊടുവഴികളിൽ ഉപേക്ഷിച്ചുപോയ ചോരക്കുഞ്ഞുങ്ങളുടെ മരണവിലാപം! ഇവയെല്ലാം പരസ്നേഹത്തിന്റെ പൂനിലാവിൽക്കൂടി അദ്ദേഹത്തിൽ പ്രതിഫലിച്ചു. അദ്ദേഹത്തിന്റെ മൃദുലഹൃദയം നൊന്തുകരഞ്ഞു, ദരിദ്രസഹോദരങ്ങളുടെ ദയനീയസ്ഥിതി കണ്ടിട്ട്; വേദനിക്കുന്ന ലോകത്തിന്റെ ചുടുനിശ്വാസനങ്ങൾ കേട്ടിട്ട്. മൂകകോടികളുടെ മഹാദുഃഖം അറിഞ്ഞിട്ടദ്ദേഹം പൊട്ടിക്കരഞ്ഞു.

വെറും വികാരാവേശംകൊണ്ടദ്ദേഹം തൃപ്തിപ്പെട്ടില്ല. അദ്ദേഹം ഇറങ്ങിച്ചെന്നു, ഉന്നതസ്ഥാനത്തുനിന്നു പട്ടിണിപ്പാവങ്ങളുടെ ഇടയിലേക്ക്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററിനടന്നു. ആശുപത്രികളേയും അടിമകളുടെ സങ്കേതസ്ഥലങ്ങളേയും അന്വേഷിച്ചു ചെന്നു. നാട്ടുവഴികളിൽക്കൂടി നഗ്നപാദനായി നടന്നുപോയി. ഇരുളടഞ്ഞ ഇടവഴികളിൽക്കൂടി ഓടിനടന്നു, ഹൃദയമില്ലാത്ത മാതാക്കൾ നിശയുടെ നിശ്ശബ്ദതയിൽ കളഞ്ഞിട്ടുപോയ പിഞ്ചുകുഞ്ഞുങ്ങളെ മാറോടണച്ചു രക്ഷിക്കുവാൻ. അദ്ദേഹത്തിനറിയാമായിരുന്നു, ഭൂലോകസമ്പത്തുകൾക്കു് അതോരോന്നും അവകാശിയാണെന്നു്. മനുഷ്യസഹോദരങ്ങളുടെ മാറാലക്കുടിലുകളിൽ അദ്ദേഹം കയറിച്ചെന്നു, ദരിദ്രജീവികളുടെ ദാരുണാവസ്ഥ കണ്ടറിയുവാൻ. അടിമകളുടെ തുറയിലും ഇറങ്ങി നോക്കി, അവരുടെ നിരാശനിറഞ്ഞ ദീർഘനിശ്വാസനങ്ങൾക്കൊരു വിരാമമിടുവാൻ. അടിമയ്ക്കുവേണ്ടി അദ്ദേഹം അടിമയായി. അടികളും അനവധി കൊണ്ടു. പണക്കാരുടെ പടിവാതില്ക്കലിൽ അദ്ദേഹം കൈക്കുമ്പിൾ നീട്ടി, പാവപ്പെട്ടവരെ സഹായിക്കുവാൻ. ഭിക്ഷക്കാർക്കുവേണ്ടി അദ്ദേഹം ഭിക്ഷുവായി. അനുകമ്പയററവരുടെ അവഹേളനങ്ങൾക്കിരയായി. കടുത്ത വിദ്വേഷത്തിനു വിധേയനായി.

പക്ഷെ, അതുകൊണ്ടൊന്നും അദ്ദേഹം മടുത്തു പിന്മാറിയില്ല. പുതിയ പുതിയ സ്ഥാപനങ്ങൾ അദ്ദേഹം നിർമ്മിച്ചു. അദ്ദേഹത്തിന്റെ ആദ്യസ്ഥാപനമാണ് വിൻസെൻഷ്യൻ സഭ. അവരുമായി അദ്ദേഹം പാവങ്ങളുടെ ലോ

കത്തിലേക്കിറങ്ങി, സർവ്വരാലും പരിത്യജിക്കപ്പെട്ടവരെ സഹായിക്കുവാൻ; നാശഗർത്തത്തിന്റെ വക്കിൽ എത്തിയവരെ രക്ഷിക്കുവാൻ. കടുത്ത നിരാശയും കണ്ണുനീരിൽ കുതിന്ന ദിവസങ്ങളുമായി കഴിയുന്ന സഹജീവികളെ സഹായിക്കുവാൻ. അങ്ങനെ ഒരു സുന്ദരലോകം സൃഷ്ടിക്കുവാൻ.

ഉപവികളുടെ സഹോദരികളുടെ സഭയും അദ്ദേഹം സ്ഥാപിച്ചു. ആവൃതികളുളിൽനിന്നു ആശുപത്രി വാർഡുകളിലേക്കും മഠഭിത്തികൾക്കുള്ളിൽനിന്നു തെരുവീഥികളിലേക്കും അവർ ആനയിക്കപ്പെട്ടു. രോഗികളേയും സാധുക്കളേയും സഹായിച്ചു പരിചരിക്കുവാൻ അദ്ദേഹം അവരെ പഠിപ്പിച്ചു. കുലീനകളും കുടുംബജീവിതം നയിക്കുന്നവരുമായ സ്ത്രീകളുടെ ഒരു ധർമ്മസംഘം അദ്ദേഹം ഏർപ്പെടുത്തി. ഈ സൈന്യനിരകളെക്കൊണ്ടു് അന്നത്തെ ഭയങ്കരയാതനകളോടദ്ദേഹം പടവെട്ടി.

ആ ധീരപടയാളികളുടെ പടനായകനായി അദ്ദേഹം മുന്നോട്ടു നീങ്ങി, പരിപാവനമായ ഒരു ലോകം കെട്ടിപ്പടുക്കുവാൻ. അവശരുടെ അന്തമില്ലാത്ത അവശതകൾക്കൊരു പരിഹാരമുണ്ടാക്കുവാൻ. സാധുസ്ത്രീകളുടെ മാനം രക്ഷിക്കുവാൻ. തെമ്മാടികളുടെ ഇടയിലേക്കും അദ്ദേഹം കടന്നുചെന്നു, മൃഗീയപ്രേരണകളിൽ നിന്നും അവരെ പിൻവലിക്കുവാൻ. അവിവേകികളെ സ്നേഹപൂർവ്വം ഉപദേശിച്ചു. ഒരു സുകൃതജീവിതം അവരെ ചൂണ്ടിക്കാണിച്ചു. അങ്ങനെ ഒരു നവലോകത്തിനു നാമ്പിട്ടു.

വൈദികഗണത്തെ അദ്ദേഹം വിശുദ്ധീകരിക്കയും നവീകരിക്കയും ചെയ്തു. ഉത്തമവൈദികരെ വാർത്തെടുക്കുന്ന സെമ്മിനാരികൾ സ്ഥാപിച്ചു. മുതലാളികളേയും തൊഴിലാളികളേയും തമ്മിലിണക്കി. തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കികൊടുക്കുവാൻ ഇൻഡസ്ട്രിയൽസ്കൂളുകൾ നടത്തി. പക്ഷെ, ഇവയൊന്നും ചെയ്യുന്നുണ്ടെന്നുള്ള ഭാവം അദ്ദേഹത്തിനില്ലായിരുന്നു. മഹത്തമമായ എളിമയോടുകൂടി പരസ്നേഹവും ദീനാനുകമ്പയും ഒന്നിച്ചിണങ്ങിച്ചേർന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികൾക്കവ മാറ്റുകൂട്ടി. ചരിത്രത്തിന്റെ ഏടുകളിൽ അവ തങ്കരേഖകളാൽ എഴുതപ്പെട്ടുകിടക്കുന്നു.

സംഭവബഹുലമായ എൺപത്തിനാലു സംവത്സരങ്ങൾ അങ്ങനെ കടന്നുപോയി. വാർദ്ധക്യത്താലും ഇരവുപകലില്ലാതെ ചെയ്ത കഠിനമായ അദ്ധ്വാനത്താലും അദ്ദേഹം വിവശനായി. ജോലിയിൽനിന്നു വിരമിക്കേണ്ട സമയം സമാഗതമായി. ആ സൽപ്രവൃത്തികൾക്കെല്ലാം സമ്മാനം നൽകുവാൻ അദ്ദേഹം സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടു. സ്വർഗ്ഗീയസൗഭാഗ്യമാണല്ലോ അതിനുള്ള പ്രതിസമ്മാനം. ആ പാവനനാമം ഇന്നു സ്വർഗ്ഗത്തിൽ സുവർണ്ണലിപികളിൽ അങ്കിതമായി വിശുദ്ധരുടെ പട്ടികയിൽ മിന്നിത്തിളങ്ങുകയാണ്.

ആ മാതൃകയുടെ മാഹാത്മ്യം ഇന്നും ലോകത്തിൽ നിലനില്ക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ അനുഗാമികൾ ആ ജോലി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇന്നു അയ്യായിരത്തിൽപ്പരം വിൻസെൻഷ്യൻ വൈദികരും അമ്പതിനായിരത്തോളം ഉപവിയുടെ സഹോദരികളും രണ്ടു ലക്ഷം അംഗങ്ങളു [illegible] [illegible] വിൻസെന്റു ഡി പോൾ കോൺഫറൻസുകളും അദ്ദേഹം സമർപ്പിച്ച ജോലി വിജയകരമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ചെറുചെറുകളുള്ള ചെറുപ്പക്കാർ പാവപ്പെട്ടവരുടെ പാഴ്കുടിലുകളിൽ കയറിയിറങ്ങുന്നു; അവർക്കു നന്മ ചെയ്യുന്നു. ധനികരായ കുടുംബനായകന്മാർ ഉദാരമായി മുന്നോട്ടു ചെല്ലുകയാണ്, ആ യുവാക്കൾക്കു പണവും പ്രോത്സാഹനവും പ്രദാനം ചെയ്യുവാൻ. സമ്പന്നകളായ സ്ത്രീകൾ അവരെ കയ്യയച്ചു സഹായിക്കുന്നു. അങ്ങനെ ഇന്നു ലോകം ഉയർന്നുകഴിഞ്ഞിരിക്കുകയാണ്; അല്ല, മഹാവിശുദ്ധനായ വിൻസന്റു ഡി പോൾ ലോകത്തെ ഉയർത്തിക്കഴിഞ്ഞിരിക്കുകയാണ്.

അദ്ദേഹത്തിന്റെ അനുയായികളിൽ പലരും വിശുദ്ധപദത്തിൽ ആരോഹിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. ഉപവിയുടെ സഹോദരികളിലൊരാളായ വിശുദ്ധ കാതറയിൻ ലബോർ അതിനു ഉത്തമോദാഹരണമാണ്. വി. വിൻസന്റിന്റെ അഭീഷ്ടമനുസരിച്ചു് നാല്പതുകൊല്ലത്തോളം സാധുക്കളെ ശുശ്രൂഷിച്ച ആ കന്യകയുടെ നിർമ്മലശരീരം ഇന്നും അഴിയപ്പെടാതിരിക്കുന്നു, പാരീസിലെ ഉപവിയുടെ കന്യകാമഠത്തിന്റെ കപ്പേളയിൽ. എൺപതുകൊല്ലങ്ങൾക്കു മുൻപു മരിച്ച ആ വിശുദ്ധ, ഉറങ്ങിക്കിടക്കുന്നതുപോലെ കാണപ്പെടുന്നു, അഭംഗമായ സൗന്ദര്യദീപ്തിയോടുകൂടി. കണ്ണുകൾ കാണുവാൻ കൊതിക്കുന്ന ഒരു കാഴ്ച! സാധുജനസംരക്ഷണത്തിന്റെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്ന അത്ഭുതരംഗം. അവിടെത്തന്നെയാണ് അദ്ദേഹത്തിന്റെ കൃപാർദ്രഹൃദയവും സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. അതു് ഇന്നും സാധുക്കളോടുള്ള സ്നേഹത്താൽ തുടിക്കുന്നുണ്ടാവും!

വിശുദ്ധന്റെ സ്മരണയ്ക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ആ സുദിനം—ജൂലൈ 19-ാംതീയതി—ലോകം അത്യാശയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്, ഈ യാഥാർത്ഥ്യങ്ങളെല്ലാം ഏററുപറയുവാൻ, ഈ പരമാർത്ഥങ്ങൾ [illegible] പ്രഖ്യാപിക്കുവാൻ.

—o—

ചെറുകഥ

# കണ്ണുനീരിൽ പുഞ്ചിരി

(തോമസ് തരകൻ, പാറന്തൂർ)

സമയം അർദ്ധരാത്രി. മസ്തിഷ്കം തുളച്ചുകയറുന്ന ശീതം. താരകങ്ങൾ വാരിവിതറിയ നീലാകാശത്തിൽ പാലൊളിച്ചന്ദ്രൻ പുഞ്ചിരിതൂകുന്നുണ്ടു്. വെള്ളിയുരുക്കിയൊഴിച്ചപോലെ, ചക്രവാളച്ചെരുവിൽ ലയിച്ചുകിടക്കുന്ന ഹിമാവൃതഭൂമി പാലൊളിച്ചന്ദ്രികയിൽ പതഞ്ഞുതിളങ്ങുന്നു. അടുത്തെതോ മരച്ചില്ലയിലിരുന്നു് ഒരു രാപ്പാടി എന്തോ ചില ശോകഗാനങ്ങൾ ആലപിക്കുന്നുണ്ടു്. ലനിൻഗ്രാഡിലെ ആ പ്രധാന ആസ്പത്രിയിലെ ഒരു കട്ടിലിൽക്കിടന്നു ഒരു രോഗി ഞരങ്ങുകയാണ്.

"ഹാവൂ!" ആ പാവം ഒന്നു നെടുവീർപ്പിട്ടു. ആയിരം പ്രതീക്ഷകൾ ഒന്നിച്ചു വാടിനില്ക്കുന്ന ഒരു നെടുവീർപ്പ്! അയാളുടെ നയനങ്ങൾ നിറഞ്ഞു. കവിൾത്തടം ചുവന്നു.........

"നിങ്ങളെന്തിനാണ് കരയുന്നതു്?" അയാളുടെ നെഞ്ചിലെ മുറിവിൽ മരുന്നുവച്ചു കെട്ടിയിരുന്ന ഡോക്ടർ വ്യസനസമേതം ചോദിച്ചു.

"ഡോക്ടർ, ഞാനെന്റെ ജീവിതഗ്രന്ഥത്തിലെ പഴകിദ്രവിച്ച താളുകൾ മറിച്ചുനോക്കുകയാണ്: ഈശ്വരനെതിരായി, മതത്തിനെതിരായി, അല്ല മാനുഷികമൂല്യങ്ങൾക്കെതിരായിത്തന്നെ ഞാൻ പ്രവർത്തിച്ച പരമസാഹസങ്ങൾ!.........ഹാ!.... അതെങ്ങിനെ ഞാനോർക്കും.....!! എത്ര വൈദികരെ, എത്രയെത്ര എതിർവിപ്ലവകാരികളെ ......ഞാൻ കഴുവിൽ കയററി .........ഹാവൂ!.....എന്റെ ഹൃദയം പിളരുന്നു......!!" അയാളുടെ കണ്ഠമിടറി. ചുണ്ടുകൾ വിറച്ചു.

"നിങ്ങളുടെ പേരെന്താണു്?" ഡോക്ടർ ജിജ്ഞാസയോടെ ചോദിച്ചു.

"പെട്രോവ്സ്കി" ആ സാധു വിക്കിവിക്കിപ്പറഞ്ഞു.

"നിങ്ങളെന്തിനാണീ കടുംകൈ പ്രവർത്തിച്ചതു്?" ഉൽക്കണ്ഠയോടുകൂടി ഡോക്ടർ വീണ്ടും ചോദിച്ചു.

"ഡോക്ടർ, അതിന്റെ പിന്നിലൊരു നീണ്ടകഥയുണ്ടു്. കണ്ണുനീരിൽ കുതിന്ന ഒരു ജീവിതകഥ!" അയാൾ തുടർന്നു: "യുക്രയിനിലെ സാമാന്യം ഭേദപ്പെട്ട ഒരു കത്തോലിക്കാഭവനത്തിലായിരുന്നു എന്റെ ജനനം."

"എന്തു്? അപ്പോൾ നിങ്ങളൊരു കത്തോലിക്കനായിരുന്നു, അല്ലേ?" ആശ്ചര്യത്തോടെ ഡോക്ടർ രോഗിയുടെ കണ്ണുപുടങ്ങളിൽ പതുക്കെ മന്ത്രിച്ചു.

"അതെ, താങ്കൾ ക്ഷമിക്കൂ. ഞാൻ പറയാം" രോഗി ഡോക്ടരെ വിലക്കി. അയാൾ തുടർന്നു: "എന്റെ ജ്യേഷ്ഠനും, കൊച്ചുസഹോദരിയും ഞാനും മാത്രമേ എന്റെ അപ്പനമ്മമാർക്കു സന്താനങ്ങളായി ഉണ്ടായിരുന്നുള്ളു. സാറിന്റെ സൈന്യത്തിലെ ഒരു യോദ്ധാവായിരുന്നു എന്റെ അപ്പൻ.

എനിക്കഞ്ചുവയസ്സു തികഞ്ഞു, അക്കാലത്താണ് ബോൾഷെവിക് വിപ്ലവം പൊട്ടിപ്പുറപ്പെട്ടതു്. അനേകായിരം ഭടന്മാർ കൊല്ലപ്പെട്ടകൂട്ടത്തിൽ എന്റെ അപ്പനും ചരമമടഞ്ഞു.

കണ്ണീരിൽ കുതിന്ന മാസമൊന്നീഴഞ്ഞുനീങ്ങി. ആകുലചിത്തയായ എന്റെ മാതാവു് ഹൃദയസ്തംഭനംമൂലം നിര്യാതയായി.

കാലചക്രം അതിവേഗം തിരിഞ്ഞു. കഥകൾ നിറഞ്ഞ കൊല്ലങ്ങൾ പലതു നീങ്ങി. ഞങ്ങളുടെ പഠനം ഏതാണ്ടവസാനിച്ചു.

ഡോക്ടർ, ഞാൻ ചുരുക്കിപ്പറയുകയാണ്. പരസ്പരവിരുദ്ധങ്ങളായ രണ്ടു വിഭിന്നവ്യവസ്ഥിതികളെ ഞങ്ങൾ അനുധാവനംചെയ്തു. ജ്യേഷ്ഠനും സഹോദരിയും ഈശ്വരാസ്തികൃത്തിലേക്കുള്ളയിട്ടപ്പോൾ എന്റെ ചിന്തകൾ ഭൗതികവാദത്തിലേക്കു ചിറകുവിടർത്തിപ്പറന്നു.

ജ്യേഷ്ഠൻ ഒരു രഹസ്യസെമ്മിനാരിയിൽ ചേർന്നു. ഞാനും കൊച്ചുസഹോദരിയും ഞങ്ങളുടെ ഭവനത്തിലും പാർപ്പുറപ്പിച്ചു. കുറച്ചു മാസങ്ങൾക്കുശേഷം എന്റെ കൊച്ചുസഹോദരിയും ഒരു രഹസ്യകന്യകാമഠത്തിൽ ചേർന്നു.

എന്റെ കുടുംബത്തിൽ ഞാൻ മാത്രം ശേഷിച്ചു. ഗണികയും വോഡ്കയും എന്റെ പിരിയാസഖികളായി. ഭൗതികവാദത്തിന്റെ മറപിടിച്ചു ഞാൻ ചെയ്ത ഘോരാപരാധങ്ങൾ......ഹാ! അതോർക്കുമ്പോൾ ഇപ്പോഴും എന്റെ ഹൃദയം തകരുന്നു[illegible]

അനേകം നിരപരാധികളെ ഞാറികൊടുത്തു ഞാൻ പള്ളുവിപ്പിച്ചു. അങ്ങിനെ റഷ്യൻ രഹസ്യപ്പോലീസുവകുപ്പിൽ എനിക്കൊരുദ്യോഗം ലഭിച്ചു.

എന്റെ വിവരണം അധികരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഇനിയും ചുരുക്കാം. പാഷാണഹൃദയവും കായശക്തിയും ഒത്തിണങ്ങിയ ഞാൻ ലനിൻഗ്രാഡിലെ രഹസ്യപ്പോലീസ് മേധാവിയായുയർത്തപ്പെട്ടു.

മാസങ്ങൾ പലതു നീങ്ങി. സൈബീര്യായിലെ ഒരു രഹസ്യകന്യകാമഠത്തെപ്പററി എനിക്കറിവു ലഭിച്ചു. ഞങ്ങൾ അങ്ങോട്ടു കുതിച്ചു.

സോദരാ, ഇനിയത്തെ ചോരക്കഥ കേൾക്കാൻ അങ്ങേക്കു കരളുറപ്പുണ്ടോ? എങ്കിൽ ഞാൻ തുടരാം. ഞാൻ വാതിൽ ചവിട്ടിപ്പൊളിച്ചുകത്തു കയറി......പതിമൂന്നു കന്യകാരത്നങ്ങളെ ഞാനെന്റെ കഠാരിത്തുമ്പിൽ കോർത്തു... രക്തം ചീററിത്തെറിച്ചു......കബന്ധങ്ങൾ നൃത്തംചെയ്തു...... രക്തം! സർവ്വത്രരക്തം!! ഹാ! എന്റെ തല കറങ്ങുന്നു.

ഞാൻ ശ്രേഷ്ഠത്തിയുടെ നേർക്കു തിരിഞ്ഞു. അവരുടെ ന്യായവാദം കേട്ടു ഞാൻ രോഷംകൊണ്ടു കലി തുള്ളി...എന്റെ കടക്കണ്ണുകൾ ചുവന്നു... ഹൃദയം അലറി...മസ്തിഷ്കം പുകഞ്ഞു....ച്ഛീ! രാക്ഷസി നിറുത്തു്!! ഞാൻ ഗർജ്ജിച്ചു....തെളുതെളെ തിളങ്ങുന്ന കഠാരി ഞാൻവലിച്ചൂരി......ഹാ! ഞാൻ പറയണോ? ആ ചാരിത്രദേവതയുടെ പാവനഹൃദയത്തിൽ ആ കഠാരി കുത്തിയിറക്കി...

എന്റെ പ്രതികാരം ശമിച്ചില്ല. അടുത്തിരുന്ന ചില്ലലമാര ഞാൻ ചവിട്ടിത്തകർത്തു. അതിനുള്ളിൽ നിന്നൊരു ഫോട്ടോ നിലത്തുവീണു തകർന്നു. ഞാൻ സൂക്ഷിച്ചുനോക്കി...എന്റെ ദേഹം ഞെട്ടിവിറച്ചു....ഹൃദയത്തിൽ ആയിരം മിന്നൽപിണരുകൾ ഒന്നിച്ചു പാഞ്ഞു....അതെ, ഞാനുമെന്റെ കുടുംബാംഗങ്ങളും ഒരുമിച്ചിരുന്നെടുത്ത ഛായാപടമായിരുന്നു അതു്. എന്റെ ഹൃദയം തകർന്നു. അനേകം തീയമ്പുകൾ ഒരുമിച്ചെന്റെ മസ്തിഷ്കത്തിലേക്കു തുളച്ചുകയറി....കണ്ണുകളിൽ ഇരുട്ടുനിറഞ്ഞു..... ചുണ്ടുകൾ വിറച്ചു....

"എന്റെ കൊച്ചുസോദരീ!!" ഞാൻ വിളിച്ചുതീർത്തു. ആ വിളർത്ത നെററിത്തടത്തിൽ ഞാൻ സഹോദരനിർവ്വിശേഷമായൊന്നു ചുംബിച്ചു, സ്നേഹത്തിന്റെ മുദ്രയെന്നോണം......!

അപരാധബോധത്താൽ എന്റെ ഹൃദയം പിളർന്നു. അന്തരീക്ഷം മുഴുവൻ എന്നെനോക്കി കൊഞ്ഞനം കുത്തുന്നതായി എനിക്കുതോന്നി. പക്ഷേ...ഒന്നുമാത്രം എന്നെനോക്കി ചിരിച്ചു! ആ നിണമണിഞ്ഞ കഠാരി!! ഞാൻ വികൃതമായൊന്നു പൊട്ടിച്ചിരിച്ചു! അനേകം ആശയങ്ങൾ തുളുമ്പുന്ന ഒരു പൊട്ടിച്ചിരി!!

ഒരൊററനിമിഷം! ആ കഠാരി ഞാനെന്റെ നെഞ്ചിലേക്കു സ്വാഗതംചെയ്തു. രക്തം ചീററി! ...ഹൃദയം പൊരിഞ്ഞു......ഞാൻ മൂർഛിച്ചുവീണു......

നാലഞ്ചുമണിക്കൂറുകൾ നീങ്ങി. എനിക്കു ബോധംവീണു. ഞാൻ ചുററുംനോക്കി. ഞാൻ ആസ്പത്രിയിലെ കിടക്കയിൽ കിടക്കുന്നതായിക്കണ്ടു." നിറയുന്ന കണ്ണുകളോടുകൂടി രോഗി ഡോക്ടരുടെ മുഖത്തേക്കുനോക്കി. അദ്ദേഹത്തിന്റെ ലോചനങ്ങളിൽനിന്നു ബാഷ്പകണങ്ങൾ അടർന്നുവീണുകൊണ്ടിരുന്നു.

"പൊന്നനുജാ!" കരുണാമസൃണമായ ആ മധുരസ്വരം ഡോക്ടരുടെ ഇടറിയ കണ്ഠത്തിൽനിന്നുതിർന്നു. "എന്തു്? എന്റെ സഹോദരനായ ഫാ. പീററരാണോ നിങ്ങൾ?" അയാളത്ഭുതത്തോടെ ചോദിച്ചു. "അതെ" അദ്ദേഹം മധുരമായി പറഞ്ഞു.

"അങ്ങെങ്ങിനെയിവിടെയെത്തി?" രോഗി വിസ്മയഭരിതനായി ചോദിച്ചു. ഡോക്ടർ തുടർന്നു: "ഞാൻ വൈദികനായി അണ്ടർഗ്രൗണ്ടിൽ വസിക്കുമ്പോൾ രഹസ്യപ്പോലീസ്സുകൾ എന്നെ പിടികൂടി. പക്ഷേ, ഞാൻ വൈദികനാണെന്ന പൂർണ്ണതെളിവു് അവർക്കു ലഭിച്ചില്ല. അതിനാൽ എന്നെ സൈബീരിയായിലേക്കു നാടുകടത്തി. എന്നാൽ ഞാൻ അവിടെനിന്നും കടന്നുകളഞ്ഞു. ഞാൻ മോസ്കോയിലെ ഒരു മെഡിക്കൽ കോളെജിൽച്ചേർന്നു പഠനമാരംഭിച്ചു. കഴിഞ്ഞയാണ്ടിൽ ഇവിടത്തെ ഒരു ഡോക്ടരായി എന്നെ നിയമിച്ചു. പക്ഷേ, ഞാൻ വൈദികനാണെന്ന വസ്തുത ഇപ്പോഴും രഹസ്യമാണ്." രണ്ടുപേരും കെട്ടിപ്പുണർന്നു. ഹാ! സഹോദരസ്നേഹം......!

പെട്രോവ്സ്കിയുടെ ഹൃദയം പിളരുകയായിരുന്നു. വിവിധ ചിന്തകൾ അവന്റെ ഹൃദയത്തിലുളയിട്ടു......കണ്ണുനീർ ചിറപൊട്ടിയൊഴുകി......അവന്റെ മനസ്താപം അത്യഗാധമായിരുന്നു. "അച്ചാ! എനിക്കൊന്നു കുമ്പസാരിക്കണം." പെട്രോവ്സ്കി കേണപേക്ഷിച്ചു......ഒരു മണിക്കൂർ കഴിഞ്ഞു. പെട്രോവ്സ്കി അന്ത്യകൂദാശകൾ കൈക്കൊണ്ടു. അയാളുടെ വദനബിംബം തിളങ്ങി......ഹൃദയത്തിൽ സമാധാനത്തിന്റെ മഴവില്ലു തെളിഞ്ഞു.... ആ ചെഞ്ചുണ്ടുകളിൽ മധുരമനോഹരമായൊരുപുഞ്ചിരിവിരിഞ്ഞു.

പിറേറന്നു നേരം പുലർന്നു. ഡോക്ടർ രോഗിയുടെ നാഡികൾ പരിശോധിച്ചു. പക്ഷേ......അവ തുടിച്ചിരുന്നില്ല!!

## 90-ാംവയസ്സിൽ പൂജയ്ക്കു സഹായിക്കുന്നു

90 വയസ്സ് പ്രായമുള്ള മി. ഹെൻറിലിൻഡെക്കു് എന്ന വൃദ്ധൻ ഇപ്പോഴും എല്ലാ ഞായറാഴ്ചയും ദിവ്യപൂജയിൽ സഹായിച്ചുകൊണ്ടിരിക്കുന്നു. ലണ്ടനിൽ വുഡ്ഗ്രീനിലുള്ള സെൻറു് പോൾസ് ദേവാലയത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ ഈ വൃദ്ധശുശ്രൂഷിയുടെ സേവനത്തെ അഭിനന്ദിച്ചു് "ബെനെമെരന്തി" എന്ന പേപ്പൽ ബഹുമതി മെഡൽ കാർഡിനൽ ഗ്രിഫിൻ തിരുമേനി അദ്ദേഹത്തിനു സമ്മാനിക്കുന്നതാണ്.

തെക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചു മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

# അശ്ലീലസാഹിത്യങ്ങൾ

(വി. എക്സ്. ജോസഫ്)

അശ്ലീലവും ആഭാസങ്ങളുമായ സാഹിത്യകൃതികൾ ധാരാളമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. പുരോഗമനക്കാരെന്നു സ്വയമഭിസംബോധനം ചെയ്യുന്ന ചിലരുടെ തൂലികത്തുമ്പിൽനിന്നും നിർഗ്ഗമിക്കുന്ന ഓടസാഹിത്യത്തെ സങ്കോചലേശമെന്യേ അച്ചടിച്ചു വായനക്കാരായ പൊതുജനങ്ങളുടെ മുന്നിലേക്കൊഴുക്കിവിടാൻ ധൈര്യപ്പെടുന്ന എഴുത്തുകാരുടേയും പ്രസാധകന്മാരുടേയും കാര്യമോർത്താൽ വിസ്മയമാണുണ്ടാവുക.

ആഭാസസാഹിത്യപ്രചരണപ്രണേതാക്കളിൽ വിവിധലക്ഷ്യങ്ങൾ മുളയിട്ടുനില്ക്കുന്നതായി കാണാം, ഒരു സൂക്ഷ്മനിരീക്ഷണം നടത്തുകയാണെങ്കിൽ. ചുരുക്കം ചിലരുടെ ലക്ഷ്യം സാമ്പത്തികമാണു്. എന്നാൽ, രാഷ്ട്രീയലാക്കാണു് മുഖ്യമായും ഇന്നാട്ടിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ആഭാസസാഹിത്യങ്ങളിൽ മുന്നിട്ടുനില്ക്കുന്നതു്. ദിനപ്പത്രങ്ങൾ, വാരികകൾ, മാസികകൾ, ചെറുഗ്രന്ഥങ്ങൾ തുടങ്ങിയ സാഹിത്യപ്രസ്ഥാനങ്ങൾവഴി ലിഖിതരൂപത്തിൽ പ്രചുരപ്രചാരം നടത്തിക്കൊണ്ടിരിക്കുന്നതിനും പുറമെ, സ്റ്റഡിക്ലാസുകൾ, പ്രസംഗപീഠങ്ങൾ, നാടകവേദികൾ, സിനിമാശാലകൾ മുതലായ ഇതരോപാധികൾ വഴിയും അശ്ലീലപ്രസ്ഥാനങ്ങളുടെ പ്രചരണം നടക്കുന്നുണ്ടു്.

രാഷ്ട്രീയമാണു ലക്ഷ്യമെങ്കിൽ അതിൽ ആഭാസസാഹിത്യത്തിനുള്ള സ്ഥാനമെന്തു് എന്ന ചോദ്യം സ്വാഭാവികമാണു്.

പരിപാവനമായ തത്വസംഹിതകളിൽ അധിഷ്ഠിതവും തലമുറതലമുറകളായി അഭംഗം സംരക്ഷിക്കപ്പെട്ടുപോരുന്നതുമായ വിശ്വാസസത്യങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും തട്ടിത്തകർത്താലല്ലാതെ തങ്ങളുടെ രാഷ്ട്രീയതത്വങ്ങൾ കത്തിച്ചെല്ലുത്തുവാൻ സാദ്ധ്യമാവുകയില്ലെന്നു പരിപൂർണ്ണബോദ്ധ്യമുള്ള ഒരു പ്രത്യേകകക്ഷിയുടെ വേലത്തരമാണീ "റിയലിസ"മെന്ന മുദ്രയൊട്ടിച്ചടിച്ചിറക്കിവിടുന്ന വിഷബീജങ്ങൾ. മതവിശ്വാസികളുടെയിടയിൽ മാർക്സിസം വിലപ്പോവുകയില്ലെന്നു അതുംപേറിക്കൊണ്ടു നടക്കുന്നവർക്കറിയാം. അതിനാൽ അക്കൂട്ടർ മതവിശ്വാസങ്ങളിലും അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും സമൂലപരിവർത്തനം ചെയ്യുവാൻ ശ്രമിക്കുകയാണു്. പൂജ്യവും ശ്രേഷ്ഠവുമായിട്ടുള്ളതെല്ലാം നിന്ദ്യവും നീചവുമാക്കി ചിത്രീകരിക്കാൻ അവർ പാഴ്ശ്രമം ചെയ്യുകയാണു്, വെളിച്ചത്തെ ഇരുട്ടുകൊണ്ടു മറയ്ക്കാൻ ശ്രമിക്കുംപോലെ.

ക്രിസ്ത്യാനികളധികമുള്ള കേരളംപോലെയുള്ള പ്രദേശങ്ങളിൽ യേശുക്രിസ്തു മോസ്കോവിലാണെന്നും, ബുദ്ധമതാനുയായികളധികമുള്ള ബർമ്മാ മുതലായ രാജ്യങ്ങളിൽ ബുദ്ധൻ മോസ്കോവിലാണെന്നും, മുസ്ലിങ്ങൾ അധികമുള്ള രാജ്യങ്ങളിൽ നബി മോസ്കോവിലാണെന്നും തക്കംപോലെ കുപ്രചരണം ചെയ്യാൻ ശ്രമിക്കുന്നതിന്റെ ഉദ്ദേശ്യം മറ്റൊന്നുമല്ല. മതപരമായും രാഷ്ട്രീയമായും അധികമൊന്നും അറിഞ്ഞിരിക്കാൻ സന്ദർഭം ലഭിച്ചിട്ടില്ലാത്ത സാധാരണക്കാരുടെ ഇടയിൽ ഒരു ചിന്താക്കുഴപ്പമുണ്ടാക്കിത്തീർക്കുവാൻ അവർ കിണഞ്ഞു പരിശ്രമിക്കുകയാണു്.

അപലപനീയമായ അവരുടെ അവഹേളനാസ്ത്രങ്ങൾ തൊടുത്തുവിടുന്നതു്, ഈ മലയാളക്കരയിൽ പ്രത്യേകിച്ചും, കത്തോലിക്കാ വൈദികരുടേയും സഭാദ്ധ്യക്ഷന്മാരുടേയും നേർക്കാണെന്നുള്ളതു് ശ്രദ്ധാർഹമായൊരു സംഗതിയാണു്. ന്യൂനപക്ഷമാണെങ്കിലും കേരളത്തിൽ ഒരു പ്രബലസമുദായമാണു കത്തോലിക്കരെന്നും, സമുദായമദ്ധ്യത്തിൽ വൈദികർക്കു് ഗണ്യമായൊരു സ്വാധീനതയുണ്ടെന്നും മനസ്സിലാക്കിയിട്ടുള്ള മതവൈരികളും മാർക്സിസ്റ്റുകളും ഈ കെട്ടുപാടുകളെ വെട്ടിമുറിക്കാൻ അവിശ്രമം പരിശ്രമിക്കുന്നുണ്ടു്. കമ്മ്യൂണിസ്റ്റാദർശങ്ങൾ പ്രചരിപ്പിക്കുവാൻ നിലകൊള്ളുന്ന പത്രങ്ങൾ, സിനിമാമാസികകൾ, വിനോദമാസികകൾ മുതലായവ ഇതിനു സാക്ഷ്യംവഹിക്കുന്നു. അവയോടൊട്ടിനില്ക്കുന്ന പത്രപ്രവർത്തകരുടെ പ്രതിപാദനരീതിയും രാഷ്ട്രീയഗതിയും പരിചിന്തനാർഹമാണു്. പു. സാ. ക്കാരെന്നു പറയപ്പെടുന്ന ചിലരുടെ രാഷ്ട്രീയനിറവും അവരെഴുതിവിടുന്ന കഥകളും നോക്കുക. അതിൽ വിരളമല്ലാതെ കാണാം, കത്തോലിക്കരേയും വൈദികരേയും അവഹേളിക്കുവാൻ പര്യാപ്തമായ പലതും.

ഈശ്വരവിശ്വാസികൾക്കു് തങ്ങളുടെ വിശ്വാസസത്യങ്ങളെ നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെ പാർശ്വവർത്തികളാകുവാൻ സാദ്ധ്യമല്ല; ദൈവദത്തമായ പ്രമാണങ്ങളിൽ എന്തെങ്കിലും ഭേദഗതിചെയ്യുവാൻ സാദ്ധ്യമല്ല; നിരീശ്വരത്വവുമായി ഏതെങ്കിലും തരത്തിലുള്ള ഒത്തുതീർപ്പിനും സാദ്ധ്യമല്ല. ആകയാൽ കത്തോലിക്കർ കമ്മ്യൂണിസത്തെ എതിർക്കുന്നു. അതു രഹസ്യമല്ല. വിട്ടുവീഴ്ചയില്ലാത്ത എതിർപ്പാണതു്, ആദ്ധ്യാത്മികമായി.

മാർക്സിസം പകുതിയും തെറ്റാണെന്നു സഖാവു് ശങ്കരൻ നമ്പൂതിരിപ്പാടു് കഴിഞ്ഞ ഡിസംബർ മാസത്തിൽ മധുരയിൽവച്ചു നടത്തിയ പ്രസ്കോൺഫറൻസിൽ സമ്മതിക്കുകയുണ്ടായി. കുറെക്കഴിയുമ്പോൾ മാർക്സിസം മുഴുവൻ തെറ്റാണെന്നു അദ്ദേഹവും അതുപോലെ മറ്റുള്ളവരും സമ്മതിക്കും. അപ്രായോഗികങ്ങളായ മാർക്സിസ്റ്റുസിദ്ധാന്തങ്ങൾ അന്തർദ്ധാനം ചെയ്യണം. അതുവരെ ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നവർ അവയെ എതിർക്കും. ശക്തിയായെതിർക്കും. അതവരുടെ കടമയാണു്. ഇതിൽ സുപ്രധാനമായ ഒരു പങ്കു നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു് വൈദികരാണു്. തന്നിമിത്തം എതിരാളികളുടെ നിർദ്ദാക്ഷിണ്യമായ ശൂചികാശരങ്ങൾക്കു് വൈദികർ ലക്ഷ്യമായിത്തീരുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

കമ്മ്യൂണിസത്തിനു കൂട്ടുനില്ക്കാത്ത സാഹിത്യകാരന്മാരേയും ക്രെംലിന്റെ പെട്ടിപ്പാട്ടുകാർക്കു വലിയ പുച്ഛമാണു്. ഇതിനും ധാരാളം ഉദാഹരണങ്ങളുണ്ടു്. ഒട്ടേറെ സാഹിത്യകൃതികൾ കൈരളിക്കു കാഴ്ചവച്ചിട്ടുള്ള സാഹിത്യകുശലൻ ഹരിശർമ്മ, പന്തളത്തു തമ്പുരാൻ ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ മുതലായ പലരുടേയും ജീവചരിത്രങ്ങളെഴുതിയിട്ടുണ്ടു്. അതു മനഃപൂർവ്വം വിസ്മരിച്ചുകൊണ്ടു്, അതുല്യനും സർവ്വാദരണീയനുമായ 11 ാം പീയൂസ്സു് മാർപ്പാപ്പായുടെ ജീവചരിത്രമെഴുതിയെന്ന കാര്യം ഉയർത്തിപ്പിടിച്ചു് അദ്ദേഹത്തെ പുലഭ്യംപറയാൻ ചിലർ ശ്രമിക്കുന്നതും വെറുതേയല്ല.

ഒരുകാലത്തു് കമ്മ്യൂണിസപ്രേമിയായിരുന്ന കേശവദേവു് ഇപ്പോൾ അറിഞ്ഞു, പാവപ്പെട്ടവന്റെ പേരുംപറഞ്ഞു മുതലക്കണ്ണീരൊഴുക്കിക്കൊണ്ടു നടക്കുന്ന കമ്മ്യൂണിസ്റ്റുകാർ യഥാർത്ഥത്തിൽ "ആർക്കുവേണ്ടി"യാണു നിലകൊള്ളുന്നതെന്നു്. കമ്മ്യൂണിസ്റ്റാധിപത്യരാഷ്ട്രങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന കടുത്ത ജനകീയവഞ്ചനകളുടെ നഗ്നരൂപം ഓജസ്സേറിയ ഭാഷകളിൽക്കൂടി കരുത്തേറിയ അദ്ദേഹത്തിന്റെ തൂലിക സമർത്ഥമായിചിത്രീകരിക്കുന്നുണ്ടു്.

മനുഷ്യന്റെ അധഃപ്പതനത്തിനതിരില്ലെന്നു തോന്നും ഈ അഭിനവ"പുരോഗമന"ക്കാരുടെ ഗതികണ്ടാൽ. ദുർഗ്ഗന്ധം വമിക്കുന്ന ആഭാസസാഹിത്യങ്ങൾവഴി തങ്ങൾ ആത്മവഞ്ചന ചെയ്യുകയാണെന്നവർ മനസ്സിലാക്കുന്നില്ല; മാനവസമുദായത്തോടു ചെയ്യുന്ന മഹാപരാധമാണതെന്നവർ ധരിക്കുന്നില്ല; സ്വന്തം അഴുക്കുകളെ സ്വയം തുറന്നുകാട്ടുകയാണതെന്നും അവർ ഗ്രഹിക്കുന്നില്ല. നിഷ്കന്മഷരായ ഒട്ടേറെ യുവതീയുവാക്കളെ നിത്യനാശത്തിലേക്കു വലിച്ചിഴയ്ക്കുന്ന ഒരു സംരംഭമാണതു്. അതു് പരിതാപകരമായ ഒരവസ്ഥയാണു്.

സാഹിത്യകാരൻ വിവേചനയുള്ളവനായിരിക്കണം. ശരിയിൽനിന്നും തെറ്റിലേക്കോ, തെറ്റിൽനിന്നും വീണ്ടും തെറ്റിലേക്കു തന്നെയോ വഴുതിവീഴാൻ പ്രേരണ നൽകത്തക്കവിധം തൂലിക ചലിപ്പിക്കുന്നവർക്കു് സാഹിത്യലോകത്തിലെന്നല്ല, സാമൂഹ്യജീവിതത്തിൽപോലും സ്ഥാനമനുവദിക്കാവതല്ല. പ്രത്യുത, തെറ്റിൽനിന്നും ശരിയിലേക്കു് പുരോഗമിക്കാനുള്ള മാർഗ്ഗം തെളിച്ചുകൊടുക്കുകയാണു് ഉത്തമസാഹിത്യകാരന്റെ കർത്തവ്യം. ഈ ലക്ഷ്യത്തെ മുൻനിറുത്തിയുള്ള കൃതികളാണു് പുരോഗമനസാഹിത്യമെന്ന പേരിൽ അറിയപ്പെടേണ്ടതു്.

അപ്പോൾ തെറ്റും ശരിയും വേർതിരിക്കുന്നതിന്നൊരു മാനദണ്ഡമാവശ്യമായി വരും. എന്നാൽ, തെറ്റും ശരിയും തരംതിരിക്കാൻ മനുഷ്യരാശിയുടെ ഭൂരിഭാഗത്തിനും ഇതുവരെ കഴിഞ്ഞിട്ടില്ലാത്ത ഒരവസ്ഥയിലാണു് ലോകമിന്നും നിലകൊള്ളുന്നതു്. തെറ്റേതു്? ശരിയേതു്? സന്ദിഗ്ദ്ധമായ ഈ നില പരിഹരിക്കാൻ അസന്ദിഗ്ദ്ധമായ ദൈവികനിയമങ്ങൾ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധമെന്തെന്നും, അനശ്വരമായൊരു ഭാവിജീവിതം മനുഷ്യർക്കുണ്ടെന്നും അതിനു യഥായോഗ്യം ഒരുങ്ങുന്നതിനാണു് താല്ക്കാലികമായ ഭൗതികജീവിതമെന്നും ഈ ജീവിതത്തിൽ ഓരോരുത്തരും സർവ്വോപരി ദൈവത്തേയും അതു കഴിഞ്ഞാൽ സഹോദരങ്ങളായ മനുഷ്യരാശിയേയും സ്നേഹിക്കുകയും സേവിക്കുകയുമാണു് വേണ്ടതെന്നും പ്രസ്പഷ്ടമായി അറിയിച്ചിട്ടുണ്ടു്. ദൈവദത്തമായ പ്രമാണങ്ങളാണു് എല്ലാ എഴുത്തുകാർക്കും മാർഗ്ഗദർശകമാകേണ്ടതു.

അശ്ലീലസാഹിത്യ പ്രസ്ഥാനത്തേയും ഇതരഅസാന്മാർഗ്ഗികസംരംഭങ്ങളേയും പ്രചരണങ്ങളേയും സുശക്തമായിഎതിരിടേണ്ടതത്യന്താപേക്ഷിതമായിരിക്കുന്നു.

അശ്ലീലങ്ങളായ പ്രസിദ്ധീകരണങ്ങൾ കണ്ടെടുത്തു ചുട്ടെരിച്ചുകളയുവാൻ ഈയിടെ മദ്രാസ്ഗവണ്മേണ്ടു് ഉത്തരവുപുറപ്പെടുവിച്ചിരിക്കുന്നതു സ്വാഗതാർഹമാണു്. ഇതരഗവണ്മേണ്ടുകളും ആ നയം സ്വീകരിക്കുന്നതു് കാലോചിതമായിരിക്കും. പ്രസ് അഡ്വൈസറിബോർഡിന്റെ ശുപാർശയനുസരിച്ചു് അശ്ലീലപ്രസിദ്ധീകരണങ്ങളുടെമേൽ ആവശ്യമായ നടപടികളെടുക്കുവാൻ നമ്മുടെ സ്റ്റേറ്റുഗവണ്മേണ്ടു് ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകമാണു്. അശ്ലീലങ്ങളായ സിനിമാപ്രദർശനങ്ങളിൽനിന്നും തങ്ങളുടെ കുഞ്ഞുങ്ങളെ രക്ഷിക്കണമെന്നു് ഡൽഹിയിലെ അനേകായിരം അമ്മമാർ കൂടി ഈയിടെ പ്രധാനമന്ത്രി നെഹ്റുവിനോടു് അഭ്യർത്ഥിച്ചിട്ടുള്ളതും അർത്ഥവത്താണു്.

ആഭാസപ്രസിദ്ധീകരണങ്ങൾക്കെതിരെ സ്വീകരിക്കപ്പെടുന്ന ഏതൊരു നടപടികളുടേയും വിജയം പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തേയും പിന്തുണയേയും ആശ്രയിച്ചിരിക്കും. നടപടി എടുക്കുന്നതിനു മുമ്പു കഴിഞ്ഞുപോയ പ്രചരണങ്ങളുടേയും, ഗവണ്മേണ്ടു നടപടികൾക്കു വിധേയമാകാത്ത മറ്റു അശ്ലീലപ്രസിദ്ധീകരണങ്ങളുടേയും കാര്യം വിട്ടുകളയാവുന്നതല്ല.

പ്രചരണങ്ങളെ പ്രചരണം കൊണ്ടു തടയണമെന്നു പലരും ഉൽഘോഷിക്കാറുണ്ടെങ്കിലും അക്കാര്യം അർഹിക്കുന്ന ഗൗരവത്തോടുകൂടി മലയാളഭാഷയിൽ ഇനിയും കൈകാര്യം ചെയ്യപ്പെട്ടു കാണുന്നില്ല. ചില പത്രങ്ങളും പ്രസിദ്ധീകരണങ്ങളും കാലോചിതമായി ഉയർന്നിട്ടുണ്ടെങ്കിലും സമർത്ഥമായി നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന കുപ്രചരണങ്ങളെ വിജയകരമായെതിരിടുവാൻ പര്യാപ്തമായ ഒരു പ്രതിരോധനനിര കെട്ടിപ്പടുക്കുവാൻ അതിനു കഴിവുള്ള ഓരോരുത്തരും വളരെയധികം പരിശ്രമിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണു്.

—o—

## കന്യാസ്ത്രീകൾ സഹകരണസംഘം നടത്തുന്നു

വെസ്റ്റ്ഇൻഡീസിൽ ഡൊമിനിക്കായെന്നു പേരുള്ള ഒരു ചെറുദ്വീപിൽ വിശുദ്ധ ആഗസ്തീനോസിന്റെ കാനോനെസ്സുകൾ എന്നറിയപ്പെടുന്ന സന്യാസിനീസമൂഹത്തിൽപ്പെട്ട മദർ മരിയെ അലിസിയാ എന്ന ഒരു മിഷനറി കന്യാസ്ത്രീ സഹകരണസംഘങ്ങളെ സംഘടിപ്പിക്കുന്ന ജോലിയിൽ ഇപ്പോൾ വ്യാപൃതയായിരിക്കയാണു്. ബെൽജിയംകാരിയായ ഈ കന്യാസ്ത്രീ കഴിഞ്ഞകൊല്ലത്തിൽ മദർ അഡെലെ എന്ന വേറൊരു കന്യാസ്ത്രീയുമൊന്നിച്ചു യുണൈറ്റഡ് സ്റ്റേറ്റ്സിലും കാനഡായിലുംപോയി കടവായ്പ സഹകരണപ്രസ്ഥാനത്തെപ്പറ്റിയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും പഠനം നടത്തിയിട്ടുണ്ടു്.

## യഹൂദന്മാരെ മെത്രാപ്പോലീത്താ അനുമോദിക്കുന്നു

അമേരിക്കയിലെ നാഷനൽ കാത്തലിക്കു് വെൽഫെയർ കോൺഫറൻസിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡു് പ്രസിഡന്റായ ചിൻചിനാറ്റിയിലെ മെത്രാപ്പോലീത്താ തിരുമേനി, യഹൂദന്മാർ യുണൈറ്റഡ് സ്റ്റേറ്റ്സിൽ കുടിയേറിപ്പാർത്തതിന്റെ 3-ാം ശതാബ്ദപൂർത്തി ആഘോഷിച്ച അവസരത്തിൽ, ഐക്യനാടുകളുടെ അഭിവൃദ്ധിക്കും സുസ്ഥിതിക്കുംവേണ്ടി യഹൂദജനം നിർവ്വഹിച്ചിട്ടുള്ള സേവനങ്ങളെ അഭിനന്ദിച്ചും അവരെ അനുമോദിച്ചും ഒരു സന്ദേശം അയച്ചിരിക്കുന്നു. ഇതു ചരിത്രപ്രാധാന്യമുള്ളതും മഹത്തരവുമായ ഒരവസരം യഹൂദവിഭാഗംമാത്രം അനുസ്മരിച്ചാൽ പോരാ, ഈ രാജ്യത്തെ ജനത ഒന്നടങ്കം അതാഘോഷിക്കേണ്ടതാണു് എന്നത്രെ തിരുമേനി പ്രസ്താവിച്ചതു്.


## കോയമ്പത്തൂർ

കോയമ്പത്തൂർ ഒപ്പനകര സ്റ്റ്രീറ്റിൽ 1954 ജൂലായി 1-ാംനു- മുതൽ കാളൻ'സ് സെയിൽസ് ഡിപ്പോ തുറന്നു് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ജലദോഷം, ക്ഷയം, ഏങ്ങൽ (ആസ്ത്മ), ചുമ, വയറുവേദന, ഗ്യാസ് ട്രബിൾ, മൂലക്കുരു (അർശസ്സ്), മലബന്ധം, പ്രമേഹം, രക്തദൂഷ്യം തുടങ്ങിയ രോഗങ്ങൾക്കു് ഏറ്റവും ഫലപ്രദങ്ങളെന്നു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുള്ള 115 "അനുഭവസാക്ഷ്യങ്ങൾ"വഴി സുപ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ള 3 സിദ്ധൗഷധങ്ങൾ

### നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

**ഈ 3 ഔഷധങ്ങൾമാത്രം കഴിഞ്ഞ ഒരു കൊല്ലത്തിൽ 146438 ക. 8ണ. 4സ. ക്കു് വില്പനയുണ്ടായിട്ടുണ്ടു്.**

ഈ ഔഷധങ്ങൾ കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, ഭരണങ്ങാനം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾവഴിയായും, സേലം, ആലുവാ, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിലുള്ള 114 ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ ഔഷധങ്ങളുടെ പ്രചാരം വർദ്ധിച്ചുവരുന്നതിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ചില ദുരാഗ്രഹികൾ ശാരിബാതൈലത്തിന്റെ ഗുണങ്ങൾക്കു് തുല്യമായതാണെന്നു് പറഞ്ഞു് ചില അനുകരണ "തൈല"ങ്ങൾ വില്പനക്കു ഇറക്കിട്ടുള്ളതുകൊണ്ടു് സ്വയരക്ഷക്കു വേണ്ടി "കാളൻ"സ്ഥാപനം വക ടി മൂന്നു ഔഷധങ്ങളുടെ പേരുകൾ പ്രത്യേകം ഓർമ്മിക്കുവിൻ. പ്രസിദ്ധിയുള്ള ഒരു പേരിന്റെ തണലിൽ അനുകരണവ്യാപാരത്തിനിറങ്ങുന്നതുതന്നെ സ്വന്ത കഴിവുകേടിന്റെ ഒരു പ്രത്യക്ഷതെളിവാണല്ലോ.

N. B. നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപറ്റി പ്രതിപാദിക്കുന്നതും മാസത്തിൽ രണ്ടു തവണവീതം പ്രസിദ്ധപ്പെടുത്തിവരുന്നതുമായ "കാളൻ'സ് ബുള്ളറ്റി"ന്റെ ലക്കങ്ങൾ കാളൻ'സ് സെയിൽസ് ഡിപ്പോകളിൽനിന്നു് കിട്ടുന്നതാണു്. ബുള്ളറ്റിന്റെ സാമ്പിൾ കോപ്പിക്കു് ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

കാളൻ, നെല്ലായി

തിരുസഭാചരിത്രം 36

# പാഷണ്ഡതയും ശീശ്മയും

(പ്രഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

## 3. സഹസ്രാബ്ദ ഭരണവാദം

(Millenarianism)

ക്രിസ്തുവിന്റെ പ്രത്യാഗമനത്തെപ്പററിയുള്ള ദൃഢമായ പ്രതീക്ഷയിലാണു് ആദിമക്രിസ്ത്യാനികൾ ജീവിച്ചിരുന്നതു്. എന്നാൽ തന്റെ രണ്ടാമത്തെ വരവിൽ ക്രിസ്തു ലൗകികപ്രതാപങ്ങളോടുകൂടിയായിരിക്കും പ്രത്യക്ഷപ്പെടുക എന്നൊരാശയംകൂടി ജനഹൃദയങ്ങളിൽ അചിരേണ സ്ഥലംപിടിച്ചു.

ചിരപ്രതീക്ഷിതനായ മിശിഹാ ലോകത്തെ ജയിച്ചടക്കി തന്റെ ഭരണം സ്ഥാപിക്കുമെന്നായിരുന്നു യഹൂദരുടെ വിശ്വാസം. എന്നാൽ ക്രിസ്തു തന്റെ ആദ്യത്തെ വരവിൽ ഈ പ്രതീക്ഷകളെ നിവർത്തിക്കയുണ്ടായില്ല. അതുകൊണ്ടു് തന്റെ രണ്ടാമത്തെവരവിൽ ക്രിസ്തു ലോകജേതാവായി സർവ്വവിധ പ്രതാപൈശ്വര്യങ്ങളോടുകൂടി ആയിരം സംവത്സരം വാഴുമെന്നും, അതിന്റെ അവസാനത്തിൽ പൊതുവിധി നടക്കുമെന്നും അനേകം ക്രിസ്ത്യാനികൾ വിശ്വസിച്ചുപോന്നു. വെളിപാടിന്റെ പുസ്തകത്തിലെ ചില ഭാഗങ്ങളുടെ തെററായ വ്യാഖ്യാനവും ഈ വിശ്വാസത്തിനു് പിൻബലം നൽകി. ഒന്നാംശതാബ്ദത്തിന്റെ അവസാനത്തിൽ ഈ അബദ്ധസിദ്ധാന്തത്തിന്റെ പ്രചാരകനും വ്യാഖ്യാതാവുമായി സെറിന്തൂസ് (Cerinthus) എന്ന ഒരു പാഷണ്ഡകൻ രംഗപ്രവേശം ചെയ്തു. ഇക്കാലത്തു് ഈ പാഷണ്ഡതയ്ക്കു് വളരെ പ്രചാരം ലഭിച്ചു. വി. ജസ്റ്റിൻ, വി. ഇരേനിയൂസ്, പാപ്പിയാസ് (Papias) തുടങ്ങിയ സഭാപിതാക്കന്മാർപോലും ഈ അബദ്ധസിദ്ധാന്തത്തിൽ ആകൃഷ്ടരായി എന്നുള്ളതിൽനിന്നു് അതിനു ലഭിച്ച പ്രചാരത്തിന്റെ വ്യാപ്തി നമുക്കു മനസ്സിലാക്കാം. എന്നാൽ സെറിന്തൂസ് ഈ സഹസ്രാബ്ദവാഴ്ചയെ ഇന്ദ്രിയസുഖാനുഭോഗങ്ങളുടെ ഒരു കാലമായി വിഭാവനചെയ്തപ്പോൾ മേല്പറഞ്ഞ സഭാപിതാക്കന്മാർ അതിനെ ആത്മീയോൽക്കർഷത്തിന്റെ കാലമായിട്ടാണു് ചിത്രീകരിച്ചതു്.

## 4. മൊൺടാനിസം

(Montanism)

രണ്ടാംശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ഫ്രീജിയാക്കാരനായ മൊൺടാനസ് (Montanas) എന്ന ഒരു തീക്ഷ്ണവാദിയാൽ സമാരംഭിക്കപ്പെട്ടതാണു് ഈ പാഷണ്ഡത. താൻ ഒരു പ്രവാചകനും പരിശുദ്ധാത്മാവിന്റെ വക്താവും ആണെന്നു് അയാൾ ഭാവിച്ചു. ക്രിസ്തീയസഭയിൽ പരിശുദ്ധാത്മാവിന്റെ ഭരണം സ്ഥാപിക്കുവാനായുള്ള മാർഗ്ഗം തെളിക്കുകയായിരുന്നു അയാളുടെ ദൗത്യം. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവും അതോടുകൂടി ലോകാവസാനവും ആസന്നമായിരിക്കുന്നു എന്നു് അയാൾ പ്രവചിച്ചു. ക്രിസ്തുവിന്റെ ആയിരം സംവത്സരത്തെ ഭരണം ഫ്രീജിയായിലെ ഒരു നഗരമായ പെപൂസാ (Pepuza)യിൽ സ്ഥാപിതമാകുമെന്നും സ്വർഗ്ഗീയജറുസലേം അവിടേക്കിറങ്ങിവരുമെന്നും മൊൺടാനസ് ഉൽബോധിപ്പിച്ചു. വളരെ കർക്കശമായ ജീവിതചര്യകൾ അയാൾ വിശ്വാസികൾക്കു നിർദ്ദേശിച്ചു. സ്വർഗ്ഗീയ ജറുസലേം ഏതുനിമിഷത്തിലും പെപൂസായിലേക്കു ഇറങ്ങിവന്നേക്കാവുന്നതിനാൽ വിശ്വാസികൾ രണ്ടാം വിവാഹം വർജ്ജിക്കണമെന്നും കുടുംബബന്ധങ്ങളിൽനിന്നൊഴിഞ്ഞിരിക്കണമെന്നും കൂടുതൽ തീക്ഷ്ണതയോടുകൂടി ഉപവസിക്കണമെന്നും അയാൾ ആജ്ഞാപിച്ചു. ഗൗരവമായ പാപങ്ങൾ ചെയ്തവരെ അയാൾ വിശ്വാസികളുടെ ഐക്യത്തിൽനിന്നും പുറത്താക്കി.

അനവധി ആളുകൾ മൊൺടാനസിനെ അനുഗമിച്ചു് പാഷണ്ഡതയിൽ പതിച്ചു. എന്നാൽ ഏഷ്യാമൈനറിനു പുറത്തേക്കു് ഈ പ്രസ്ഥാനം അധികം പ്രചരിച്ചില്ല. ആദ്യം ഏഷ്യാമൈനറിലും പിന്നീടു് റോമയിലും മൊൺടാനിസ്റ്റുകളെ മഹറോൻ ചൊല്ലുകയുണ്ടായി. ഈ നടപടികളെ അവഗണിച്ചുകൊണ്ടു് അവർ പ്രചരണശ്രമങ്ങളിൽ വ്യാപൃതരായി. ഒടുവിൽ പ്രസിദ്ധനായ തെർത്തുല്ല്യൻ (Tertullian) ഈ പാഷണ്ഡമതം സ്വീകരിക്കുകയും അതിനെ സാധൂകരിച്ചുകൊണ്ടു് അനവധി പ്രബന്ധങ്ങൾ രചിക്കയുംചെയ്തു.

മൊൺടാനിസം ദീർഘനാൾ നിലനില്ക്കുകയുണ്ടായി. എട്ടാം ശതാബ്ദത്തിൽപ്പോലും ഈ മതത്തിനെതിരായുള്ള നടപടികൾ സ്വീകരിക്കപ്പെട്ടതായിക്കാണുന്നു.

## 5. മാർസിയോണിസം

(Marcionism)


ഈ പാഷണ്ഡതയുടെ ഉപജ്ഞാതാവു് മാർസിയോൺ (Marcion) എന്ന ദേഹമാണു്. മാർസിയോൺ ഒരു സഭ സ്ഥാപിക്കുകയും ഏവർക്കും സുഗ്രാഹ്യമായ ഒരു വിശ്വാസസംഹിത ക്രോഡീകരിക്കയും ചെയ്തു. പക്ഷേ ഇയാളുടെ സിദ്ധാന്തങ്ങൾ അബദ്ധജടിലമായിരുന്നു. മനുഷ്യപരിത്രാണനം നിർവ്വഹിക്കുവാൻ ദൈവത്താൽ നിയുക്തനായി ക്രൂശാരോഹണം ചെയ്തു് പീഡകൾ സഹിച്ച ഒരു രക്ഷകനിൽ മാർസിയോൺ വിശ്വസിച്ചു. എന്നാൽ ഈ രക്ഷകന്റെ ശരീരം വെറും ബാഹ്യപ്രതീതി ജനിപ്പിക്കുന്ന ഒരു അയഥാർത്ഥശരീരമായിരുന്നു എന്നും അതിനു ജീവൻ ലബ്ധമായതു് രക്ഷകൻ സുവിശേഷപ്രസംഗങ്ങൾ ആരംഭിച്ചപ്പോഴാണെന്നും മററുമുള്ള വിചിത്രസിദ്ധാന്തങ്ങൾ മാർസിയോൺ ഉന്നയിച്ചു. വിശ്വാസികൾ വിവാഹം പാടേ വർജ്ജിക്കണമെന്നും ജീവസന്ധാരണത്തിനു മതിയാകുന്നിടത്തോളം ഭക്ഷണമേ കഴിക്കാവു എന്നും അയാൾനിർദ്ദേശിച്ചു. വേദപുസ്തകത്തിലെ വി. ലൂക്കായുടെ സുവിശേഷവും വി. പൗലോസിന്റെ ലേഖനങ്ങളും ഒഴിച്ചുള്ളവയെ എല്ലാം അയാൾ നിഷേധിച്ചു. മാർസിയോൺ 155 A. D. യിൽ റോമയിൽ താമസമാക്കുകയും അവിടവിടെയായി പാഷണ്ഡസഭകൾസ്ഥാപിക്കയും ചെയ്തു. ഈ സഭാംഗങ്ങളിൽ ചിലർ രക്തസാക്ഷികളായി മരണം വരിച്ചു. അനേകവർഷക്കാലം ഈ പാഷണ്ഡമതം കത്തോലിക്കാസഭയെ രൂക്ഷമായി എതിർത്തുകൊണ്ടിരുന്നു.


## 6. പരിശുദ്ധത്രിത്വത്തെ സംബന്ധിച്ചുണ്ടായ പാഷണ്ഡതകൾ

രണ്ടാംശതാബ്ദത്തോടുകൂടി പരിശുദ്ധ ത്രിത്വത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചു്, ചില തത്വചിന്തകന്മാർ സംശയങ്ങൾ ഉന്നയിച്ചുതുടങ്ങി. ഈ വിശ്വാസരഹസ്യത്തെ സംബന്ധിച്ചു് രണ്ടു തരത്തിലുള്ള അബദ്ധസിദ്ധാന്തങ്ങൾ ക്രമേണ രൂപംപ്രാപിച്ചു. അവയുടെ പേരുകൾ മൊണാർക്കിയനിസമെന്നും (Monarchianism) അഡോപ്ഷ്യനിസമെന്നും ആണു്. പ്രാക്സിയാസു് എന്ന ആളാണു് ആദ്യത്തേതിന്റെ ഉപജ്ഞാതാവു്. മൊൺടാനിസത്തെ എതിർക്കുന്നതിലുള്ള വ്യഗ്രതയിൽ അയാൾ ത്രിത്വത്തെ സംബന്ധിച്ചുള്ള ചില തെററായ അനുമാനങ്ങളിൽ എത്തിച്ചേർന്നു. പരിശുദ്ധാത്മാവും പുത്രനും പിതാവിന്റെ അംശങ്ങളാണെന്നും പീഡകൾ അനുഭവിച്ചു ക്രൂശിൽ മരണം പ്രാപിച്ച പുത്രൻ പിതാവിന്റെ അവതാരമാണെന്നും അയാൾ വാദിച്ചു. മൊണാർക്കിയനിസം എന്ന ഈ അബദ്ധസിദ്ധാന്തത്തെ അനുകൂലിച്ചവരിൽ പ്രധാനികളാണു് നോവേത്തൂസ് (Noetus of Smyrna), സബേല്ലിയൂസ് (Sabellius) മുതലായവർ. തെർത്തുല്ല്യൻ, ഹിപ്പോളിററസ്, കാലിക്സ്റ്റസ് മാർപ്പാപ്പാ തുടങ്ങിയവർ ഈ പാഷണ്ഡതയെ ശക്തിയുക്തം എതിർക്കുകയുണ്ടായി. മാർപ്പാപ്പായുടെ ശാപത്തോടുകൂടി പാശ്ചാത്യദിക്കിൽ ഇതു നാമാവശേഷമായി. എങ്കിലും പൗരസ്ത്യദിക്കുകളിൽ, പ്രത്യേകിച്ചു് ഈജിപ്റ്റിലും പെൻറാപോളീസിലും (Pentapolis) ഇതു അല്പം വ്യത്യസ്തമായ രൂപത്തിൽ പ്രചാരത്തിലിരുന്നു.

മേൽ വിവരിച്ച അബദ്ധസിദ്ധാന്തത്തിന്റെ നേരേ വിരുദ്ധമായ ഒരു പാഷണ്ഡതയാണു് അഡോപ്ഷ്യനിസം. ബൈസാന്തിയം (Byzantium) കാരനായ തിയോഡോട്ടസ് (Theodotus) എന്ന ഒരു ധനികനായ ക്രിസ്ത്യാനി മതപീഡനകാലത്തു് വിശ്വാസം ഉപേക്ഷിച്ചശേഷം റോമയിലെത്തി അയാളുടെ പ്രവൃത്തിയെ ന്യായീകരിക്കുവാനായി താഴെക്കാണുംവിധം ചില വാദങ്ങൾ പുറപ്പെടുവിച്ചു. യേശു കന്യകയിൽനിന്നും ജന്മമെടുത്ത ഒരു മനുഷ്യവ്യക്തിമാത്രമാണു്. ജ്ഞാനസ്നാനദിവസം അദ്ദേഹം ദൈവവരപ്രസാദത്താൽ നിറയ്ക്കപ്പെടുകയും അങ്ങനെ മനുഷ്യരക്ഷാദൗത്യം നിറവേററുവാൻ അദ്ദേഹത്തിനു സാദ്ധ്യമാകയും ചെയ്തു. ദൈവത്തിന്റെ ദത്തുപുത്രനായി സ്വീകരിക്കപ്പെട്ടെങ്കിലും അക്കാരണത്താൽ അദ്ദേഹം ദൈവമായിത്തീരുന്നില്ല. അതുകൊണ്ടു് മനുഷ്യൻ മാത്രമായ ക്രിസ്തുവിനെ ഉപേക്ഷിച്ചതുകൊണ്ടു് ഒരുവൻ ദൈവനിഷേധിയായിത്തീരുന്നില്ല. ഇതായിരുന്നു തിയോഡോട്ടസിന്റെ സമർത്ഥനം. ഈ സിദ്ധാന്തം പരിശുദ്ധത്രിത്വത്തിന്റെ രണ്ടാം ആളായ പുത്രന്റെ ദൈവത്വത്തെ നിഷേധിക്കയും പകരം മനുഷ്യത്വം മാത്രം പുത്രനിൽ ആരോപിക്കയുംചെയ്തു. A. D.190-ൽ വിക്ടർ മാർപ്പാപ്പാ തിയോഡോട്ടസിനെ മഹറോൻചൊല്ലി. എങ്കിലും അയാൾ പാഷണ്ഡതയെ ഉപേക്ഷിച്ചില്ല. ചരിത്രത്തിൽ അഡോപ്ഷ്യനിസം എന്ന പേരിലാണു് ഇതറിയപ്പെടുന്നതു്. പാശ്ചാത്യദേശത്തു് ഇതിനു് ഒട്ടും വിജയം സിദ്ധിച്ചില്ല. A. D. 260-ൽ അന്ത്യോക്യയിലെ മെത്രാനായിരുന്ന പൗലോസ് ചില ഭേദഗതികളോടുകൂടി ഈ പാഷണ്ഡതയെ പുനരുദ്ധരിക്കുവാൻ ഒരു ശ്രമം നടത്തി. അന്ത്യോക്യയിൽ സമ്മേളിച്ച എഴുപതു മെത്രാന്മാരുടെ സംഘം ഇതിനെ ശപിച്ചു. പൗലോസിന്റെ അബദ്ധസിദ്ധാന്തം നാലാംശതാബ്ദത്തിന്റെ ആരംഭദശയിൽ ഏരിയനിസം എന്ന രൂപത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും തിരുസ്സഭയ്ക്കു് വലിയ നാശങ്ങൾ വരുത്തിവയ്ക്കുകയും ചെയ്തു

ആദ്യശതകങ്ങളിൽ ശക്തിപ്രാപിച്ച പാഷണ്ഡതകളെയാണു് മേൽ വിവരിച്ചിട്ടുള്ളതു്. ഇവയിൽനിന്നു വിഭിന്നമാണു് ശീശ്മകളുടെ സ്വഭാവം. ശീശ്മയിൽ വിശ്വാസസംബന്ധമായ പ്രശ്നങ്ങൾ അന്തർഭവിച്ചിരിക്കയില്ല. അതു് തിരുസ്സഭയുടെ അധികാരത്തോടുള്ള എതിർപ്പാണു്. ശിക്ഷണസംബന്ധമായ കാര്യങ്ങളിൽ സഭയുടെ തീരുമാനങ്ങളെ ചോദ്യംചെയ്തുകൊണ്ടു് സഭയുടെ ബാഹ്യമായ ഐക്യത്തിൽനിന്നു വേർപെട്ടുള്ള ഒരു നിലയാണു് ശീശ്മ. ശീശ്മകളുടെ രൂപത്തിൽ ആരംഭിക്കുന്ന പ്രസ്ഥാനങ്ങൾ പിന്നീടു് വിശ്വാസത്തിൽനിന്നുകൂടി വ്യതിചലിച്ചു് പാഷണ്ഡതകളായിപ്പരിണമിക്കാറുണ്ടു്. മതപീഡനകാലത്തു് വിശ്വാസത്യാഗം ചെയ്തവർക്കു് സഭയിൽ പുനഃപ്രവേശം അനുവദിക്കുന്നതിനാവശ്യമായ പ്രായശ്ചിത്തനടപടികളെ സംബന്ധിച്ചു് കാർത്തേജിൽ വി. സിപ്രിയാന്റെയും റോമയിൽ കോർണീലിയസ് മാർപ്പാപ്പായുടെയും തീരുമാനങ്ങൾക്കെതിരായി പൊട്ടിപ്പുറപ്പെട്ട ശീശ്മയെപ്പററി മുൻലേഖനത്തിൽ ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ടു്. അക്കാലത്തെ റോമൻ വൈദികരിൽവച്ചു് ഏററം പ്രശസ്തനായിരുന്ന നൊവേഷ്യൻ (Novatian) ആയിരുന്നു ഈ ശീശ്മയുടെ നേതൃത്വം വഹിച്ചതു്. കാർത്തേജിലെ നൊവാത്തൂസ് (Novatus) എന്നുപേരായ വൈദികൻ അദ്ദേഹത്തിനു പിൻബലം നൽകി. നൊവേഷ്യനെ അദ്ദേഹത്തിന്റെ അനുയായികൾ ചേർന്നു് അന്തിപ്പാപ്പാ (Anti-pope)യായി വാഴിച്ചതും മുൻലേഖനത്തിൽ വിവരിച്ചിട്ടുണ്ടു്. താമസംവിനാ ഈ ശീശ്മ ഒരു പാഷണ്ഡതയുടെ രൂപം കൈക്കൊണ്ടു. വിശ്വാസത്യാഗികൾ മരണംവരെ പ്രായശ്ചിത്തം അനുഷ്ഠിക്കുന്നപക്ഷം അവർക്കു് പാപവിമോചനം നൽകി സഭയിലേക്കു സ്വീകരിക്കാമെന്നായിരുന്നു കോർണീലിയസ് മാർപ്പാപ്പായുടെ തീരുമാനം. എന്നാൽ നൊവേസ്യനാകട്ടെ മരണസമയത്തുപോലും അവർക്കു് പാപമോചനം നിഷേധിച്ചു. പരിശുദ്ധന്മാരുടെ ഒരു പുതിയ സഭ സ്ഥാപിക്കുവാൻ നൊവേഷ്യൻ നിശ്ചയിക്കുകയും തിരുസ്സഭയെ വിട്ടുപേക്ഷിച്ചു് ഈ പുതിയ സമൂഹത്തിൽ ചേരുന്നവർക്കു് വീണ്ടും ജ്ഞാനസ്നാനം നൽകുകയും ചെയ്തു. ഈ സഭയ്ക്കു വലിയ പ്രചാരം സിദ്ധിച്ചു. പൗരസ്ത്യദിക്കുകളിൽ ഏഴാംനൂററാണ്ടുവരെയും അതു നിലനിന്നു പോരുകയും ചെയ്തു.






പന്തക്കുസ്താ: 6-ാം ഞായർ

## ഈശോ

# അപ്പം വർദ്ധിപ്പിക്കുന്നു


(സുവിശേഷം—വിശുദ്ധ മർക്കോസ്, 8; 1-9)

"ആ സമയത്തു ഒരിക്കൽക്കൂടി ജനക്കൂട്ടം സംഖ്യയിൽ വർദ്ധിച്ചു. എന്നാൽ അവർക്കു ഭക്ഷിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അപ്പോൾ അവിടുന്നു തന്റെ ശിഷ്യന്മാരെ വിളിച്ചുപറഞ്ഞു: ഈ ജനാവലിയുടെമേൽ എനിക്കു അലിവുതോന്നുന്നു. അവർക്കു ഭക്ഷിക്കുവാൻ യാതൊന്നുമില്ലല്ലോ. പട്ടിണിയായി അവരെ വീട്ടുകളിലേക്കു പറ



ഈശോ ജനക്കൂട്ടത്തോടു പ്രസംഗിക്കുന്നു

ഞ്ഞയച്ചാൽ, അവർ യാത്രയിൽ തളർന്നുവീണുപോകും. അവരിൽ ചിലർ വളരെ ദൂരെനിന്നാണ് വന്നിരിക്കുന്നതു്. ഇവിടെ ഈ മരുഭൂമിയിൽ അവരെ തൃപ്തരാക്കുവാനുള്ള അപ്പം ഉണ്ടാക്കുവാൻ ആർക്കാണ് കഴിയുക? എന്നു അവിടുത്തെ ശിഷ്യന്മാർ ചോദിച്ചു. അപ്പോൾ അവിടുന്നു്, നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ടു് എന്നു അവരോടു ചോദിച്ചു. ഏഴ് എന്നവർ മറുപടി നൽകി. ഉടനെ ജനക്കൂട്ടത്തോടു നിലത്തിരി



ഏഴപ്പവും മീനും ആശീർവ്വദിച്ചുകൊടുക്കുന്നു

ക്കുവാൻ അവിടുന്നു ആജ്ഞാപിച്ചു. അനന്തരം അവിടുന്നു ആ അപ്പം ഏഴും എടുത്തു വാഴ്ത്തി മുറിച്ചു്, അവർക്കു വിളമ്പുന്നതിനായി ശിഷ്യന്മാരെ ഏല്പിച്ചു. അവർ അതു ജനക്കൂട്ടത്തിന് വിളമ്പി. അവരുടെ പക്കൽ കുറെ ചെറുമത്സ്യങ്ങളും ഉണ്ടായിരുന്നു. ഇതും ആശീർവ്വദിച്ചശേഷം, അവർക്കു വിളമ്പിക്കൊടുക്കുവാൻ അവിടുന്നു കല്പിച്ചു. അവർ ഭക്ഷിച്ചു തൃപ്തിയടഞ്ഞു. മുറിച്ച അപ്പക്കഷണങ്ങളിൽ ശേഷിച്ചവ അവർ പെറുക്കിക്കൂട്ടി; അതു ഏഴ കുട്ട നിറച്ചുണ്ടായിരുന്നു. ഭക്ഷണം കഴിച്ചവർ ഏകദേശം നാലായിരംപേരായിരുന്നു. അതിന്റെ ശേഷം അവിടുന്നു അവരെ വീട്ടിൽ പറഞ്ഞയച്ചു."

അമ്മ:- മക്കളെ, ഇന്നു അപ്പച്ചനില്ലല്ലോ.

ജോണി:- സുവിശേഷം അമ്മച്ചിപറഞ്ഞുതരുമോ ഞങ്ങൾക്കു്? ഇന്നത്തെ ഒരു നല്ല കഥയാണ്.



ശിഷ്യന്മാർ ജനക്കൂട്ടത്തിനു തൃപ്തിയാകുവോളം വിളമ്പി കൊടുക്കുന്നു.

ലൂസി:- ജോണി! അതു കഥയും മററുമൊന്നുമല്ല. ഈശോ പ്രവത്തിച്ച ഒരത്ഭുതമാണ്.

ജോണി:- അമ്മച്ചീ, ചേച്ചി എന്താണീ അത്ഭുതമെന്നു പറയുന്നതു്?

അമ്മ:- മകനെ, അത്ഭുതമെന്നു പറയുന്നതു സാധാരണ സംഭവിക്കാൻ സാധിക്കാത്ത കാര്യം ദൈവത്തിന്റെ ശക്തികൊണ്ടു ചെയ്യുന്നതാണ്. ഞാൻ, അതു വിവരിച്ചു പറഞ്ഞുതരാം. ഒരുദാ



വിശുദ്ധ കുർബാനയിൽ ഈശോയുടെ തിരുശരീരം അപ്പത്തിന്റെ സാദൃശ്യത്തിൽ നൽകപ്പെടുന്നു.

ഹരണം പറയാം. ഇന്നലെ രാത്രി നമ്മൾ അപ്പം ചുട്ടില്ലേ?

ജോണി:- ഉവ്വ്. അതു നല്ല അപ്പമായിരുന്നു.

അമ്മ:- നമ്മളെല്ലാവരും ആ അപ്പം ഓരോന്നായി എടുത്തു. ചുട്ടിടത്തോളം എടുത്തപ്പോൾ എന്തു സംഭവിച്ചു?

മേരി:- അതു തീർന്നുപോയി.

അമ്മ:- ഉണ്ടാക്കിയതിൽ ഒന്നെങ്കിലും കൂടുതൽ എടുക്കാൻ നമുക്കു സാധിച്ചോ?

ജോണി:- ഈ അമ്മച്ചി കളി പറയുകയാണ്. എങ്ങിനെയാ, അമ്മച്ചീ ഇല്ലാത്തതെടുക്കുന്നതു്? നല്ല നേരംപോക്കു്!

അമ്മ:- ജോണീ, ഇന്നത്തെ സുവിശേഷത്തിൽ എന്താണ് വായിച്ചതു്?

ജോണി:- ഈശോ എല്ലാവർക്കും അപ്പവും മീനും കൊടുത്തു തീററി തൃപ്തിയാക്കി പറഞ്ഞയച്ചു എന്നല്ലേ?

അമ്മ:- അത്രയധികം അപ്പവും മീനും അവരുടെ കൈവശമുണ്ടായിരുന്നോ?

ലൂസി:- ഇല്ല. ഏഴപ്പവും കുറെ മീനും മാത്രം.

അമ്മ:- എത്രപേർ ഭക്ഷിച്ചു? ബാക്കി എന്തുമാത്രമുണ്ടായിരുന്നു?

ലൂസി:- ഭക്ഷിച്ചവർ ഏകദേശം നാലായിരം; ബാക്കി ഏഴു കുട്ടകൾ നിറയെ.

അമ്മ:- കേട്ടോ ജോണീ. ഏഴപ്പംകൊണ്ടു നാലായിരം ആളുകൾക്കു തൃപ്തിയാകെക്കൊടുത്തു; ബാക്കിവന്നതു ഏഴു കുട്ട നിറച്ചും. കൊള്ളാമോ?

ജോണി:- അതല്ലേ അമ്മച്ചീ, ഇതു നടപ്പില്ല, ഇതു കഥയാണെന്നു ഞാൻ പറഞ്ഞതു്. ലൂസിച്ചേച്ചിക്കതു പിടിച്ചില്ല.

അമ്മ:- അങ്ങിനെ അല്ല, ജോണീ. സാധാരണ ഇതു സംഭവിക്കാവുന്നതല്ല. പക്ഷെ ഈശോ ദൈവമല്ലേ. അവിടുത്തേക്കു എന്നും ചെയ്‌വാൻ ശക്തിയില്ലേ; അവിടുന്നു വിശന്നു വലഞ്ഞിരുന്ന ആ നല്ല ജനക്കൂട്ടത്തിന്റെ സ്ഥിതി കണ്ടപ്പോൾ മനസ്സലിഞ്ഞുപോയി. അപ്പം എടുത്താശീർവ്വദിച്ചു അതു വർദ്ധിക്കട്ടെ എന്നാജ്ഞാപിച്ചു. അതു മുറിക്കുന്തോറും വർദ്ധിച്ചു വർദ്ധിച്ചുവന്നു. എല്ലാവർക്കും വിളമ്പിക്കൊടുത്തു. എല്ലാവരും തിന്നു. പിന്നെയും ബാക്കി. ഇതാണ് ദൈവികശക്തികൊണ്ടു അവിടെ നടന്നതു്. അതുകൊണ്ടാണ് അതു അത്ഭുതസംഭവമാണെന്നു പറഞ്ഞതു്. ഇതു വെറും കെട്ടുകഥയല്ല. യഥാർത്ഥത്തിൽ നടന്ന ഒരു സംഭവമാണ്; അത്ഭുതസംഭവം.

ജോണി:- ഇപ്പോ മനസ്സിലായി. ചേച്ചി അതങ്ങനെ പറയണ്ടേ? അല്ലാതെങ്ങനെയാ അറിയുക.

അമ്മ:- അത്ഭുതം എന്താണെന്നു നിങ്ങൾക്കിപ്പോൾ മനസ്സിലായില്ലേ. ഈ അത്ഭുതത്തിൽ ഈശോയുടെ മനുഷ്യരോടുള്ള സ്നേഹം കണ്ടോ? ഇതിലും വലിയ സ്നേഹമാണ് ഈശോ നമ്മോടു കാണിക്കുന്നതു്. നാം കുർബാന കൈക്കൊള്ളുമ്പോൾ ഈശോ നമുക്കു ഒരപ്പം തരുന്നില്ലേ. ആ അപ്പം ലോകത്തിനടുത്ത നശിച്ചുപോകുന്ന അപ്പമല്ല ഈശോയുടെ ദിവ്യശരീരമാണ്. മാലാഖാമാരുടെ സ്വർഗ്ഗീയ അപ്പമാണ്. ഒരു ഗോതമ്പപ്പത്തിൽ ഈശോ എഴുന്നെള്ളിവരുന്നതും, അതു എണ്ണമില്ലാത്തവണ്ണം ലോകത്തിൽ എവിടെയും നിറഞ്ഞിരിക്കുന്നതും എത്ര വലിയൊരത്ഭുതമാണെന്നു ആലോചിച്ചു നോക്കുക. നിങ്ങൾ വിശുദ്ധകുർബാന കൈക്കൊള്ളുമ്പോൾ, ഈശോ അപ്പം മുറിച്ചു ആശീർവ്വദിച്ചു ജനക്കൂട്ടത്തിനു കൊടുത്ത അത്ഭുതസംഭവത്തെ ഓർത്തു് അതിലും വലിയ അത്ഭുതം നമുക്കുവേണ്ടിച്ചെയ്യുന്ന അവിടുത്തോടു സ്നേഹവും നന്ദിയും കാണിക്കുവാൻ ഓർമ്മിക്കുക, കേട്ടോ.

മേരി:- അമ്മച്ചീ ഞാനങ്ങിനെ ചെയ്യും.

ജോണി:- അമ്മച്ചീ ഞാനെന്നാ ആദ്യകുർബാന കൈക്കൊള്ളുക! എനിക്കും ഈശോയെ കൈക്കൊള്ളണം.

അമ്മ:- അടുത്ത ഒരവസരത്തിൽ നിന്റെ ആദ്യകുർബാന കൈക്കൊള്ളൽ നടത്തണം. നീ അതിനൊരുങ്ങിക്കൊള്ളുക. ഞാൻ അക്കാര്യം അപ്പച്ചനോടു പറഞ്ഞിട്ടുണ്ട്.

സെൻറ് വിൻസെൻറ ഡീ പോൾ സഖ്യം

# ജൂലൈ 19-ാംതീയതി

(ഡേവിഡ് മഹാപിള്ള)

"പാവങ്ങളുടെ പിതാവെ"ന്ന അപരനാമത്താലറിയപ്പെട്ടിരുന്ന ഒരു സാധാരണ വൈദികനായിരുന്നു വിൻസെൻറു് ഡീ പോൾ പുണ്യവാൻ. അനാഥർക്കും അവശർക്കും അദ്ദേഹം എവിടെയും എപ്പോഴും ആലംബമായിരുന്നു. ബാല്യം മുതല്ക്കേ ദാരിദ്ര്യവും കഷ്ടതകളുമായി ഏററുമുട്ടിയ വിൻസൻറച്ചനു ജീവിതത്തിന്റെ എല്ലാ വശങ്ങളും അനുഭവിച്ചറിയുവാനിടയായി. പില്ക്കാലത്തു പെരുമയുടേയും പ്രതാപത്തിന്റെയും, അങ്ങിനെ സുഖാഡംബരങ്ങളുടെയും സോപാനങ്ങളിൽ കയറുവാനുള്ള സാഹചര്യങ്ങളുണ്ടായെങ്കിലും സാധുക്കളുടെ ഉപചനത്തിനു തന്റെ ജീവിതമർപ്പിക്കുകയാണദ്ദേഹം ചെയ്തതു്. ക്രിസ്തുവിനുവേണ്ടി രോഗികളെ ശുശ്രൂഷിച്ചാശ്വസിപ്പിക്കുന്നതിലും ദാരിദ്ര്യപീഡിതരെ സഹായിച്ചുദ്ധരിക്കുന്നതിലുമാണദ്ദേഹം ആനന്ദം കണ്ടെത്തിയതു്.

സ്വാർത്ഥതനിറഞ്ഞു പരസ്നേഹം പരിത്യജിച്ചിരിക്കുന്ന ഇന്നത്തെ ജനസഞ്ചയത്തിന്റെ കണ്ണുളാക്കുന്നതിനു, ഇതിലേറെ അധഃപതിച്ചിരുന്ന ഫ്റഞ്ചുജനതയെ പരസ്നേഹത്താൽ പുനരുദ്ധരിച്ച വിൻസെൻറച്ചന്റെ ജീവിതമാതൃകകളും ആദർശങ്ങളും സഹായകരമായിരിക്കും. സ്നേഹത്തിനും ശാന്തിക്കുംവേണ്ടി ദാഹിച്ചു നിലവിളിക്കുന്ന ഇന്നത്തെ ലോകത്തിനു, ഈ വിശുദ്ധന്റെ ജീവിതത്തെയും ജീവിതാദർശങ്ങളേയും പ്രസ്പഷ്ടമാക്കി കാണിക്കേണ്ടതു അനിവാര്യമായിരിക്കുന്നു.

ജൂലൈ 19-ാംനു ആണല്ലോ ഈ വിശുദ്ധന്റെ തിരുനാൾ. ഇതു യോഗ്യമായാചരിക്കുവാൻ എല്ലാവിധ പരസഹായപ്രവത്തകർക്കും പ്രത്യേകമായ ചുമതലയും അവകാശവുമുണ്ടു്. എന്തുകൊണ്ടെന്നാൽ ഈ വിശുദ്ധൻ തിരുസഭയിലെ സകലവിധ ധർമ്മപ്രവത്തനങ്ങളുടേയും പ്രേഷിതനും മദ്ധ്യസ്ഥനുമാണ്. സെ. വി. ഡി പോൾ സഖ്യാംഗങ്ങൾക്കാകട്ടെ ഇതിനു പ്രത്യേക ചുമതലയുമുണ്ടു്. സഖ്യത്തിലെ നിയമശാസിതമായ നാലു തിരുനാളുകളിലൊന്നാണിതു്. തിരുസഭയിൽനിന്നു ഈ വിശുദ്ധനെ ധർമ്മകാര്യങ്ങളുടെ മദ്ധ്യസ്ഥനാക്കുന്നതിനു അമ്പതുവത്സരംമുമ്പു തന്നെ ഈ സഖ്യത്തിന്റെ സ്ഥാപകർ ഇദ്ദേഹത്തെ തങ്ങളുടെ മദ്ധ്യസ്ഥനും മാർഗ്ഗദർശിയുമായി വരിക്കുകയും ഈ തിരുനാൾ പ്രത്യേകം ആചരിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിശുദ്ധന്റെ ജീവിതാദർശങ്ങളാണ് നമ്മുടെ സഖ്യത്തിന്റെ പ്രവത്തനാദർശങ്ങളും അരൂപിയും. [ഇതു സംബന്ധിച്ചു സഖ്യതയുടെ നിയമം 58-ാം വകുപ്പും വിശദീകരണങ്ങളും (മാനുവൽ പേ. 121), കൗൺസിൽ ജനറലിന്റെ സർക്കുലറുകളും (മാനുവൽ പേ. 289-90) പൊതുയോഗങ്ങളെ സംബന്ധിച്ചുള്ള ഭാഗങ്ങളും വകുപ്പു 45മുതൽ 50വരെ (മാനു. പേ. 107-42) പ്രത്യേകം നോക്കുക]

പരസ്നേഹത്തിന്റെ പര്യായമായ ഈ വിശുദ്ധൻ കേരളീയരിൽ വേണ്ടപോലെ അറിയപ്പെട്ടിട്ടില്ല. "പാവങ്ങളുടെ പിതാവായ" ഈ പുണ്യവാനെപ്പററി ഇന്നാട്ടിലെ പാവങ്ങൾക്കാകട്ടെ പറയത്തക്ക അറിവുമില്ല. സെ. വി. ഡി പോൾ സഖ്യത്തിനു കേരളത്തിൽ ഏതാനും വർഷങ്ങളായി ഗണ്യമായ പ്രചാരമുണ്ടായിട്ടുണ്ടെങ്കിലും, ധർമ്മകാര്യങ്ങളുടെ മദ്ധ്യസ്ഥനും പ്രേഷിതനുമായ ഈ പുണ്യവാനെയും, അവിടുത്തെ പരസ്നേഹമാർഗ്ഗങ്ങളേയും പ്രസിദ്ധമാക്കുവാനോ (Popularise) പ്രചരിപ്പിക്കുവാനോ സഖ്യാംഗങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നു സമ്മതിച്ചേതീരു. ഈ വിശുദ്ധന്റെ ജീവിതാദർശങ്ങളേയും മാതൃകകളേയും പ്രചരിപ്പിക്കുന്നതു സഖ്യത്തിന്റെ പ്രവത്തനങ്ങൾക്കു കൂടുതൽ പ്രോത്സാഹനവും സഹകരണവും സിദ്ധിക്കുവാൻ സഹായകമാകുമെന്നുള്ളതിനു സംശയമില്ല.

സെൻട്രൽ കൗൺസിലുകൾ ഏല്പെടുത്തിയും മററും കേരളത്തിലെ സഖ്യപ്രവത്തനത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ ഈ തിരുനാൾ എത്രയും ഭംഗിയായും പ്രയോജനപ്രദമായും നമുക്ക് ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യാം. ഇതിലേക്കു ഒരു ചുരുങ്ങിയ പരിപാടി കോൺഫറൻസുകളുടേയും കൗൺസിലുകളുടേയും പരിഗണനയ്ക്കായി സാദരം സമർപ്പിച്ചുകൊള്ളുന്നു.

1. തിരുനാൾ നിർദ്ദിഷ്ടദിവസമോ അന്നുമുതൽ 7 ദിവസത്തിനകമോ നടത്തിയാൽമതി എന്നുള്ളതിനാൽ ഇത്തവണ 19-ാംനു കഴിഞ്ഞു വരുന്ന ഞായറാഴ്ച (25-ാംനു) ആഘോഷിക്കുന്നതായിരിക്കും കൂടുതൽ സൗകര്യം.

2. ഓരോ കോൺഫറൻസിന്റെയും ആഭിമുഖ്യത്തിൽ രാവിലെ ദിവ്യപൂജയും പൊതുദിവ്യകാരുണ്യസ്വീകരണവും, പ. കുർബാനയുടെ ആശീർവ്വാദത്തെ തുടർന്നു പ്രാർത്ഥനയോടും ഭക്തഗാനങ്ങളോടുംകൂടിയ ഒരു പ്രദക്ഷിണവും അനന്തരം പൊതുയോഗവും നടത്തണം. പൊതുയോഗം വൈകുന്നേരമാക്കുകയായിരിക്കും നല്ലതു്. അങ്ങനെയെങ്കിൽ ദിവ്യപൂജയുടെ സമയത്തു് ഒരു പ്രസംഗം (വിശുദ്ധനെപ്പററി) നടത്തിക്കുന്നതു നന്നായിരിക്കും.

3. ഓരോ പ്രധാന കേന്ദ്രത്തിലും, പട്ടണങ്ങളിലും സമീപസ്ഥലങ്ങളായ പലേ കോൺഫറൻസുകൾ ഒന്നിച്ചു—പർട്ടിക്കുലർ കൗൺസിലോ സെൻട്രൽകൗൺസിലോ ഉള്ളിടത്തുഅതിന്റെആഭിമുഖ്യത്തിൽ—കഴിയുന്നത്ര ആഘോഷമായ പരിപാടികളോടുകൂടി കൊണ്ടാടണം.

a) രാവിലെ ഒന്നിച്ചോ, അതതു കോൺഫറൻസു് നേരിട്ടോ, ദിവ്യപൂജയും ദിവ്യകാരുണ്യസ്വീകരണവും നടത്താം. ഉച്ചകഴിഞ്ഞു് ഏതെങ്കിലും ദേവാലയത്തിൽ ഒന്നിച്ചുചേർന്നു പരി. കുർബാനയുടെ വാഴ്വും, തുടർന്നു്

(ശേഷം 8-ാംപേജിൽ)

## കൃതജ്ഞത

വി. പത്താംപീയൂസിന്റെയും യൂദാതദേവൂസ്സ്ലീഹായുടേയും സഹായത്താൽ മരണകരമായ അപകടത്തിൽനിന്നും രക്ഷിച്ചതിനു ഉപകാരസ്മരണ.

താമസിച്ചതിനു ക്ഷമാപണം.

എസ്. കെ. വി. ഉലഹന്നാൻ
പെരുങ്ങഴ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM JULY 14, 1954 | No. 45


# വിൻസെന്റ് ഡി പോൾ സഖ്യം

1833-ലെ മേയ്മാസത്തിൽ പാരീസിൽവച്ച് എട്ടു ക്രിസ്തീയയുവധീരന്മാർ ചേർന്ന് ഫ്രെഡറിക്ക് ഒസാനാമിന്റെ നേതൃത്വത്തിൽ സമാരംഭിച്ച ഒരു ചെറുസംഘടനയാണ് ഇന്നു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രചരിച്ചു അനേകായിരം കോൺഫറൻസുകളും അനേകലക്ഷം സജീവാംഗങ്ങളും അണിനിരന്ന് ക്രിസ്തുവിന്റെ പരസ്നേഹദൗത്യത്തെ പ്രാവർത്തികമാക്കി പരിലസിച്ചുപോരുന്ന വിശ്വവിഖ്യാതമായ വിൻസെന്റ് ഡി പോൾ സഖ്യം. നമ്മുടെ ഭാരതത്തിലും പ്രത്യേകിച്ച് ഈ കേരളക്കരയിലും പരക്കെ എല്ലാ ഇടവകകളിലുംതന്നെ അതിന് കോൺഫറൻസുകളുണ്ട് എന്നുള്ളത് നമുക്കഭിമാനിക്കാവുന്ന ഒരു സ്ഥിതിവിശേഷമാണ്. ഈ സംഘടനയുടെ മദ്ധ്യസ്ഥനും മാതൃകയുമായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളാണല്ലോ ഈ മാസം 19-ാം തീയതി ആഘോഷിക്കപ്പെടുന്നത്. അതുകൊണ്ട് ഈ അവസരത്തിൽ വിൻസെന്റ് ഡി പോൾ സഖ്യത്തെക്കുറിച്ചു കുറഞ്ഞൊന്നു പ്രതിപാദിക്കുന്നതു സന്ദർഭോചിതവും ഫലപ്രദവുമാകാതിരിക്കയില്ലല്ലോ.

## വിശുദ്ധ വിൻസെന്റ് ഡി പോൾ

ഫ്രാൻസിൽ "പോയ്" എന്ന ഒരു ഗ്രാമത്തിൽ പാവപ്പെട്ട കൃഷിക്കാരായ മാതാപിതാക്കന്മാരിൽനിന്നു 16-ാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിലാണു വിൻസെന്റ് പിറന്നത്. 1600-ൽ അദ്ദേഹം പുരോഹിതനായി. പരസ്നേഹത്തിന്റെ ഒരു പ്രതിരൂപമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. തദ്ദേശ്യാർത്ഥം ലാസറിസ്റ്റ് അഥവാ വിൻസെൻഷ്യൻ സഭ, ധർമ്മസഹോദരീസംഘം മുതലായ സംഘടനകൾ അദ്ദേഹം സ്ഥാപിച്ചു. വീരോചിതവും ത്യാഗസമൃദ്ധവുമായ ഒരു ജീവിതത്തിനുശേഷം 1660-ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. പരിശുദ്ധ പിതാവ് 13-ാം ലെയോ മാർപ്പാപ്പ അദ്ദേഹത്തെ തിരുസഭയിലെ എല്ലാ ധർമ്മസ്ഥാപനങ്ങളുടെയും പൊതുമദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. വിശുദ്ധ വിൻസെന്റ് ഡി പോളാണ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ നാമകാരണനും, സ്വർഗ്ഗീയമദ്ധ്യസ്ഥനും, പ്രവർത്തനാദർശവും.

## ഫ്രെഡറിക്ക് ഒസാനാം

ഇറ്റലിയിലുള്ള 'മിലാനിൽ 1813-ൽ ഫ്രഞ്ചുകാരായ മാതാപിതാക്കന്മാരിൽനിന്ന് ഫ്രെഡറിക്ക് ഒസാനാം ഭൂജാതനായി. ഫ്രാൻസിലെ സൊർബോൺ സർവ്വകലാശാലയിലാണ് അദ്ദേഹം നിയമപഠനം നടത്തിയത്. ഫ്രാൻസിൽ മതബോധം വളരെ അധഃപ്പതിച്ചിരുന്ന അക്കാലത്ത് ഈ യുവധീരൻ വിശ്വാസപ്രചരണാർത്ഥം സർവ്വകലാശാലയിൽത്തന്നെ പല പ്രസ്ഥാനങ്ങൾക്കു നേതൃത്വം നൽകുകയുണ്ടായി. ഒസാനാമിന്റെ എല്ലാ പ്രവർത്തനങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് ഒരു ഭീകരപ്രശ്നം അവശേഷിച്ചു. "കത്തോലിക്കാസഭയുടെ മഹനീയതത്വങ്ങളെ പ്രായോഗികമാക്കുന്ന പ്രവർത്തനമെവിടെ?" ഇതായിരുന്നു ആ വെല്ലുവിളി. ഇതിന്റെ പ്രത്യുത്തരമാണ് അദ്ദേഹം സമാരംഭിച്ച വിൻസെന്റ് ഡി പോൾ സഖ്യം. ക്രിസ്തുമതത്തിന്റെ ഈ ധീരസേനാനി 1853-ൽ ചരമമടഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ പ്രേഷിതത്വം വിൻസെന്റ് ഡി പോൾ സഖ്യംവഴി ഇന്നു ലോകം മുഴുവനും തുടർന്നുകൊണ്ടിരിക്കുന്നു.

## സഖ്യത്തിന്റെ സമാരംഭം

"ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു (ഒരു നന്മപ്രവൃത്തി) ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തതെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (വി. മത്തായി 25: 40.) ഇതാണ് പരോപകാരപ്രവർത്തനങ്ങളെ സംബന്ധിച്ച ക്രിസ്തീയ വേദാന്തം. ദീനദയാലുവായ ക്രിസ്തു അവശരിൽ അവിടുത്തെ കാണുന്നതിന് ലോകത്തെ പഠിപ്പിച്ചിരിക്കുന്നു. ക്രിസ്തുമതത്തിന്റെ പ്രാമാണികതത്വവും ഇതുതന്നെയാണ്. "സർവ്വോപരി നീ നിന്റെ സ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കുക; നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക." ക്രിസ്തുമതത്തിന്റെ ശോഭനമായ ആദർശതകങ്ങളിൽ ക്രിസ്ത്യാനികൾ ഇതു ശരിയായി ധരിച്ച് തദനുസരണം ജീവിച്ചിരുന്നു. അതുതന്നെയായിരുന്നു ക്രിസ്തുമതത്തിന്റെ വിജയരഹസ്യവും. പക്ഷെ കാലാന്തരത്തിൽ ഈ ചൈതന്യം മന്ദീഭവിച്ചു. ഓരോ രാജ്യങ്ങളിലും ഓരോ കാലങ്ങളിലും ക്രിസ്തുമതാനുയായികൾ ഈ പരമാദർശത്തിൽനിന്നു വ്യതിചലിച്ചു. തൽഫലമായി വിശ്വാസം ക്ഷയിച്ചും ദൈവസ്നേഹം നാമമാത്രമായും ജനത അസമാധാനതയിലും അരിഷ്ടതകളിലും ആണ്ടുപോയി. ഈദൃശമായ ഒരു ദുരവസ്ഥയെ അതിന്റെ പാരമ്യത്തിൽ നേരിടേണ്ടിവന്ന ദുർഭഗയായ ഒരു രാജ്യമാണ് 19-ാം നൂറ്റാണ്ടിലെ ഫ്രാൻസ്.

ഫ്രാൻസിന്റെ ഈ അധഃപ്പതനത്തെക്കണ്ട് കരളുരുകിയ യുവാവായ ഒസാനാം തന്റെ മാതൃരാജ്യത്തെ വിശ്വാസസ്ഥിരതയിലേക്കും ക്രൈസ്തവചൈതന്യത്തിലേക്കും ആനയിക്കുന്നതിന് ഭഗീരഥയത്നം ചെയ്തു. "ചരിത്രപഠനസമിതി", "മതപ്രസംഗപരമ്പര" മുതലായി പല പ്രസ്ഥാനങ്ങളിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചു. പക്ഷെ അതുകൊണ്ടൊന്നും ഉദ്ദിഷ്ടഫലമുണ്ടായില്ല. ക്രൈസ്തവാദർശങ്ങളുടെ പ്രായോഗികമായ അനുവർത്തനത്തിനുവേണ്ടിയുള്ള മുറവിളി മുഴങ്ങിക്കൊണ്ടിരുന്നു. ഉത്തരംകിട്ടാത്ത ഒരു പ്രശ്നമായി, സമാധാനമില്ലാത്ത ഒരു വെല്ലുവിളിയായി അതവശേഷിച്ചു. അപ്പോഴാണ് ഫ്രെഡറിക്ക് ഒസാനാം പരസ്നേഹപ്രവൃത്തികളാണ് അന്നത്തെ ആവശ്യമെന്നു മനസ്സിലാക്കുകയും, തന്റെ സ്നേഹിതന്മാരെയും ഈ വസ്തുത ധരിപ്പിച്ചുകൊണ്ട് ഒരു ധർമ്മസംഘടനയ്ക്കു അടിത്തറയിടുകയും ചെയ്തത്. ഒരു പത്രപ്രവർത്തകനും ഉദാരഹൃദയനുമായ എം. ബെയിലിയുടെ ആഫീസുമുറിയിൽതന്നെ ഒസാനാമും അദ്ദേഹത്തിന്റെ ഏഴു യുവസ്നേഹിതരും സമ്മേളിക്കുകയും സെന്റ് വിൻസെന്റ് ഡി പോൾ ധർമ്മസംഘം അഥവാ കോൺഫറൻസ് ആരംഭിക്കുകയുംചെയ്തു. പ്രായത്തിലും പക്വതയിലും ക്രിസ്തീയചൈതന്യത്തിലും അക്കൂട്ടത്തിൽ പ്രമുഖനായ എം. ബെയിലിതന്നെ സംഘത്തിന്റെ ആദ്യപ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഈ സംഘടനാബീജമാണ് വിശുദ്ധ സുവിശേഷത്തിലെ കടുകുമണിപോലെ മുളച്ചുതഴച്ചുവളർന്ന് ഇന്നു സാർവ്വലൗകികപ്രസ്ഥാനമായി വിരാജിക്കുന്നത്.

## തിരുനാൾ മംഗളം



തിരുവനന്തപുരം മെത്രാൻ റൈററ് റവ. ഡോ. വിൻസന്റ് ഡെരേരാ ഡി. ഡി.

(തിരുനാൾ ജൂലൈ 19)

## പ്രവർത്തനലക്ഷ്യങ്ങൾ

വിൻസെന്റ് ഡി പോൾ കോൺഫറൻസിന്റെ പ്രവർത്തനലക്ഷ്യങ്ങൾ, ഒന്നാമതായി അതിലെ അംഗങ്ങൾ പരസ്പരം സന്മാതൃകയും സദുപദേശവുംവഴി സഹകരിച്ച് ഉത്തമക്രിസ്തീയജീവിതം നയിക്കുക; രണ്ടാമതായി, അവശരേയും അഗതികളേയും സഹോദരതുല്യം സ്നേഹിക്കുകയും അവരെ അവരുടെ വസതികളിൽ പോയി സന്ദർശിച്ച് അവർക്കാവശ്യമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുകയും ക്രിസ്തീയോപദേശങ്ങൾകൊണ്ട് ആത്മീയസമാധാനമാർഗ്ഗം പഠിപ്പിക്കുകയും ചെയ്യുക; മൂന്നാമതായി ആവശ്യവും കഴിവുമനുസരിച്ച് മററു പരോപകാരപ്രവൃത്തികൾ ചെയ്യുക: ഉദാ: കുട്ടികൾക്കു വിദ്യാഭ്യാസം പ്രത്യേകിച്ച് വേദസംബന്ധമായ വിദ്യാഭ്യാസം നൽകുക, നല്ല പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുക, അവശസഹോദരങ്ങൾക്കു സാമ്പത്തികവും, സാമൂഹികവും, ആദ്ധ്യാത്മികവുമായ ഉന്നമനത്തിന് സഹായകമായ എല്ലാ പ്രസ്ഥാനങ്ങളേയും സംഘടിപ്പിച്ച് നടത്തുക മുതലായവയാകുന്നു. ഈ ലക്ഷ്യങ്ങൾ സാധിക്കുന്നതിലാണ് പ്രവർത്തനത്തിന്റെ വിജയം അടങ്ങിയിരിക്കുന്നത്. ഇവയിൽനിന്നു വ്യതിചലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളൊന്നും വിൻസെന്റ് ഡി പോൾ സംഘത്തിന്റെ പ്രവർത്തനമാകയില്ല; സംഘത്തിന്റെ ലക്ഷ്യം അവകൊണ്ടു നേടുവാൻ സാദ്ധ്യവുമല്ല. പ്രായോഗികമായ ഭക്തജീവിതം, സഹോദരങ്ങളുടെ ദൈന്യതയിൽ അനുകമ്പയുള്ള ഒരു ക്രിസ്തീയഹൃദയം, സംഘത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനസഹകരണങ്ങൾ ഇത്രയും കാര്യങ്ങൾ ഒരു യഥാർത്ഥ അംഗത്തിനു അവശ്യം ആവശ്യമാണ്.

## പ്രാമാണികമായ ഉൽബോധനങ്ങൾ

ഈയിടെ വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പാ ഈ സഖ്യത്തെക്കുറിച്ചു ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "വിൻസെന്റ് ഡി പോൾ സഖ്യം, ഒസാനാമിന്റെ ചൈതന്യവും ജീവനും ഭൂമിയുടെ അതിർത്തികൾവരെ സംവഹിക്കട്ടെ. ഇതിനേക്കാൾ തീവ്രമായ മറെറാരാഗ്രഹം നമുക്കില്ല. അതു പരസ്നേഹത്തിന്റെ മഹാപ്രേഷിതനായ വിൻസെന്റ് ഡി പോളിന്റെ ജീവനാണ്, നമ്മുടെ രക്ഷകന്റെ തന്നെ ജീവനാണ്."

ആധുനികലോകത്തിന്റെ ദുർഘടമായ സാഹചര്യങ്ങളിൽ ഇന്നത്തെ പരിശുദ്ധ പാപ്പാ 12-ാം പീയൂസ് ലോകത്തിനുനൽകുന്ന ഉൽബോധനം വിൻസെന്റ് ഡി പോൾ സംഘത്തിന്റെ ആദർശാനുരൂപമാണ്: "സാധുക്കളെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതിനു നിങ്ങൾ അവരുടെ പക്കലേക്ക് പോകുവിൻ; യുവജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ നിങ്ങൾ ലോകത്തിലേക്കിറങ്ങി അവരെ സമീപിക്കുവിൻ. നിങ്ങളുടെ പ്രേഷിതവൃത്തിയുടെ ആയുധം പ്രാർത്ഥനയായിരിക്കട്ടെ. ക്ഷമയും, കരുണയും, വിവേകവും, വിവേചനയും സർവ്വോപരി ഉപവിയും നിങ്ങൾക്കുണ്ടായിരിക്കട്ടെ."

വിൻസെന്റ് ഡി പോൾ കോൺഫറൻസിന്റെ സ്ഥാപകനായ ഫ്രെഡറിക്ക് ഒസാനാം അതിന്റെ പ്രാരംഭഘട്ടത്തിൽ ശാഖാ സംഘങ്ങൾക്കെഴുതിയ എഴുത്തുകളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:-

"........പാവപ്പെട്ടവന്റെ ഭവനത്തിലേക്കു ഒരുപ്പുക്കഷണവും കൊണ്ട് പോകുന്നവൻ സാധാരണ തിരിച്ചുവരുന്നതു ആനന്ദവും ആശ്വാസവും കവിഞ്ഞൊഴുകുന്ന ഹൃദയത്തോടുകൂടിയാണ്. ഇങ്ങനെ സൗമ്യമായി ഉപവിപ്രവൃത്തികളിൽ ഏർപ്പെടുന്നവൻ അല്പം മുതൽമുടക്കി വലിയ ആദായം എടുക്കുന്നവനാണ്......... ദൈവാനുഗ്രഹത്തിലും, നമ്മുടെ സംരക്ഷകനായ വിശുദ്ധന്റെ സംരക്ഷണയിലും, നമ്മുടെ പരസ്പരമുള്ള ഐക്യത്തിലുമാണ് ഈ ആശ്വാസം നിലകൊള്ളുന്നത്. ഈ അവസാനവ്യവസ്ഥ നമ്മുടെ ശക്തിയിലും അധീനതയിലുമാണ്. നാമതിൽ പിന്നോക്കമാകാതിരിക്കട്ടെ."

കോൺഫറൻസിന്റെ ഒന്നാമത്തെ ജനറൽ സിക്രട്ടറി എം. ലാലിയറിന്റെ ആദ്യത്തെ സർക്കുലറിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:- "........മററു നിലകളിൽ നാം എത്ര അവശരായിക്കൊള്ളട്ടെ, എന്നാൽ കത്തോലിക്കാ അത്രപ്പിയാൽ പ്രേരിതരായി സംഘടിക്കുന്നവർ എത്ര അവാച്യമായ ശക്തിയാണ് പ്രാർത്ഥനവഴി പരസ്പരം പ്രദാനം ചെയ്യുന്നതെന്നു നിങ്ങൾ നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ട്. ആകയാൽ ഇങ്ങനെ ഒരു ക്രിസ്തീയസൗഹാർദ്ദത്തിൽ ഭാഗഭാക്കുകളാകുന്നതിനും ഞങ്ങളെ ഭാഗഭാക്കുകളാക്കുന്നതിനും നിങ്ങൾ ഞങ്ങളുടെ സഹോദരന്മാരായിത്തീർന്നിരിക്കുന്നു. വിശ്വാസത്തിൽനിന്നുൽഭൂതമാകുന്ന അമൂല്യമായ ഈ അനുഗ്രഹം നമുക്കു പ്രയോജനപ്പെടുത്താം.........

"നമ്മളും കുറച്ചുമാത്രമേ കൊടുക്കുന്നുള്ളു. കാരണം നമ്മൾ സാധുക്കളാണ്. യഥാർത്ഥപരസ്നേഹം എപ്പോഴും അതു സ്വീകരിക്കുന്നവരെപ്പോലെതന്നെ നിർദ്ധനമാണ്. എന്നാൽ ഹൃദയംനിറയെ സ്നേഹസമ്പത്തു നമുക്കുണ്ട്. അതു നമ്മുടെ ചില്ലിക്കാശിനെ ആറിരട്ടിയായി വർദ്ധിപ്പിക്കും. നമ്മുടെ ഹൃദയത്തിന്റെ സ്നേഹത്തുടിപ്പുകൾ ദർശിക്കുന്ന സാധുക്കൾ ആദരപൂർവ്വം നമ്മെ സ്വാഗതംചെയ്യും. പ്രത്യേകിച്ചും ആദ്ധ്യാത്മിക ദാനധർമ്മത്തിന്റെ വിതരണത്തിലാണ് വളരെ വിദൂരതയിൽ വസിക്കുന്നവരായാൽത്തന്നെയും, നമുക്ക് അന്യോന്യം സഹായിക്കാവുന്നത് .........ഇപ്രകാരം പ്രാർത്ഥനവഴി എല്ലാ കോൺഫറൻസുകൾക്കും പരസ്പരം സഹായിക്കുവാൻ കഴിയും."

സഖ്യത്തിന്റെ ഒന്നാമത്തെ പ്രസിഡന്റു എം. ബെയിലി ഒരു കത്തിൽ ഇപ്രകാരം പറയുന്നു: "...ഏതായാലും, വിലയേറിയ സമയം നിസ്സാരവും മുഷിച്ചിൽ വരുത്തുന്നതുമായ വാദപ്രതിവാദങ്ങൾക്കുവേണ്ടി ദുർവ്യയം ചെയ്യാതെ, നമ്മുടെ ചെറിയ കോൺഫറൻസിലേക്കു നമുക്കു പോകാം. ദൈവം നമുക്കു നൽകിയിരിക്കുന്ന സമയം അതിനുവേണ്ടി വ്യയംചെയ്യാം. ദരിദ്രരെ അവരുടെ വീടുകളിൽ ചെന്നു സന്ദർശിക്കുന്ന നമ്മുടെ സഖ്യത്തിന്റെ മൗലികകൃത്യം നമുക്കു തുടരാം. നമ്മുടെ സഖ്യത്തിന്റെ അസ്തിത്വംതന്നെ ഈ പ്രവർത്തനത്തിനു വേണ്ടിയത്രേ. ഇതുതന്നെയാണ് നമ്മുടെ സഖ്യത്തെ ജീവിപ്പിച്ചുകൊണ്ടു പോകുന്നതും. ദൈവാനുഗ്രഹത്തിന്റെ സമൃദ്ധമായ വിളവെടുക്കൽ ഇതുമൂലം നമുക്കു സംസിദ്ധമായിട്ടുണ്ട്. വിശ്വസ്തതയോടെ ഈ കൃത്യം തുടരുന്നുവെങ്കിൽ ഉപര്യുപരി പുണ്യവർദ്ധനവു നമുക്കുണ്ടാകുന്നതാണ്."

## നമ്മുടെ കർത്തവ്യം

മേൽ പ്രസ്താവിച്ചവയിൽനിന്നു വിൻസെന്റു ഡി പോൾ സഖ്യത്തിന്റെ ലക്ഷ്യവും പ്രവർത്തനവും വേണ്ടത്ര വിശദമാകുന്നു എന്നു വിശ്വസിക്കുന്നു. നമ്മുടെ സഖ്യപ്രവർത്തനം ഈ ആദർശത്തോടു യോജിക്കുന്നുണ്ടോ ഇല്ലയോ എന്നു ഇത്തരുണത്തിൽ ഒരാത്മശോധന ചെയ്യേണ്ടതു് ഓരോ വ്യക്തിയുടേയും കടമയാണ്. വിൻസെന്റു ഡി പോൾ സഖ്യം സർവ്വത്ര പ്രചരിക്കണമെന്നും ഓരോ കോൺഫറൻസും മാതൃസംഘം വിഭാവനം ചെയ്തിട്ടുള്ള ആദർശപാലനത്തിൽ ഉറച്ചുനിന്നു ഫലപ്രദമായി പ്രവർത്തിക്കണമെന്നുമുള്ള അഭിലാഷംമൂലമാണ് സത്യദീപം അതിന്റെ പംക്തികളിൽ ധാരാളം സ്ഥലം സഖ്യകാര്യങ്ങൾ പ്രതിപാദിക്കുന്നതിനും അവയുടെ റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്നതിനും വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ ലക്ഷ്യംതന്നെയാണ് സഖ്യത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധന്റെ തിരുനാൾസംബന്ധിച്ചു സഖ്യത്തെപ്പററി ഈ കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നതിനു ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതും. ദൈവാനുഗ്രഹ

ത്താൽ നമ്മുടെ കേരളക്കരയിൽ മഹത്തായ ഈ പ്രസ്ഥാനത്തിനു ഗണ്യമായ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. എന്നാൽ ആ കോൺഫറൻസുകളോരോന്നും അവയുടെ പ്രവർത്തനരീതിയെ നിഷ്കൃഷ്ടമായി പരിശോധിച്ച്, ആദർശയോഗ്യമല്ലാത്ത ഏതെങ്കിലും തഴക്കങ്ങളോ വഴക്കങ്ങളോ നിലവിലുണ്ടെങ്കിൽ അവയെ പരിഹരിച്ചു സഖ്യത്തെ സംശുദ്ധമാക്കി പ്രവർത്തിപ്പിക്കണമെന്നു സഹോദരബുദ്ധ്യാ ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു. നമ്മുടെ കോൺഫറൻസുകളെപ്പററി പൊതുവെ ചില ആരോപണങ്ങൾ കേൾക്കുന്നതുകൊണ്ടാണ് ഈ അഭ്യർത്ഥന ഇത്ര കാര്യമായി നടത്തുന്നതെന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

കമ്മ്യൂണിസംമൂലമായ അബദ്ധസിദ്ധാന്തങ്ങൾ ദൈവവിശ്വാസത്തേയും സഹോദരസ്നേഹത്തേയും തകിടംമറിച്ചു നിരീശ്വരത്വവും വർഗ്ഗസമരവും രക്തപങ്കിലമായ വിപ്ലവും ജനതയിൽ അടിച്ചുകയററുന്നതിനു ഇരവുപകലില്ലാതെ ശ്രമം ചെയ്യുമ്പോൾ ദൈവവിശ്വാസത്തേയും സഹോദരസ്നേഹത്തേയും അവരിൽ നിലനിർത്തത്തക്കവണ്ണം അവയെ അന്വർത്ഥമാക്കി പരസ്നേഹത്തിൻെറയും പരശുശ്രൂഷയുടേയും മാർഗ്ഗങ്ങളെ അവലംബിക്കേണ്ട കടമ ഓരോ മനുഷ്യവ്യക്തിക്കും, വിശേഷിച്ചു ഓരോ കത്തോലിക്കനും ഇല്ലയോ എന്നാണ് അവഗാഢമായി ചിന്തിക്കേണ്ടതു്. ഫ്രെഡറിക്ക് ഒസാനാമിനെ അഭിമുഖീകരിച്ച അതേപ്രശ്നമാണ് ഇന്നു രൂക്ഷതരമായി നിലകൊള്ളുന്നതു്; അതേ വെല്ലുവിളിക്കുതന്നെയാണ് ഇന്നത്തെ പ്രബുദ്ധമായ യുവചൈതന്യം സമാധാനം പറയേണ്ടതു്. ആ ധീരയുവാവിൻെറ ക്രിസ്തീയചൈതന്യം നമ്മെ ഉത്തേജിപ്പിക്കട്ടെ. വിശുദ്ധ വിൻസെൻറിൻെറ സഹായവും മാതൃകയും നമ്മെ കർത്തവ്യനിരതരാക്കി മുന്നോട്ടുനയിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### ഇൻഡ്യയിലേയും ചൈനയിലേയും പ്രധാനമന്ത്രിമാരുടെ പ്രസ്താവന

ജനീവകോൺഫറൻസിൽസംബന്ധിച്ചശേഷം സ്വരാജ്യത്തേക്കു മടങ്ങിയ ചൈനീസ് പ്രധാനമന്ത്രി മി. ചൗഎൻലായി ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ നെഹ്റുവിൻെറ ക്ഷണമനുസരിച്ചു് ഇൻഡ്യയിൽ മൂന്നുദിവസം താമസിച്ചു. അതിനിടയിൽ രണ്ടു മന്ത്രിമാരും തമ്മിൽ സർവ്വരാജ്യപ്രശ്നങ്ങളേയും ലോകസമാധാനത്തേയും പരാമർശിച്ചു സംഭാഷണം നടത്തി. ഒടുവിൽ ഇരുവരുംകൂടി ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു. അതിലെ ഏററവും സംഗതമായ ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നതു്.

ഇൻഡ്യക്കും ചൈനയ്ക്കും പൊതുവെ താല്പര്യമുള്ള പല പ്രശ്നങ്ങളെപ്പററി സംഭാഷണം നടത്തി. പ്രത്യേകമായി അവർ ദക്ഷിണപൂർവ്വേഷ്യയിൽ സമാധാനം സ്ഥാപിക്കുവാനുള്ള സാദ്ധ്യതകളെക്കുറിച്ചും, ഇൻഡോചൈനയെ സംബന്ധിച്ചു് ജനീവായിൽ നടന്ന സംഭാഷണങ്ങൾക്കിടയിലുണ്ടായ സംഭവവികാസങ്ങളെക്കുറിച്ചും ചർച്ചചെയ്യുകയുണ്ടായി.

സമാധാനപരമായ ഒത്തുതീർപ്പുണ്ടാക്കുന്നതിനു് ജനീവായിലും മററു സ്ഥലങ്ങളിലും നടക്കുന്ന ശ്രമങ്ങളെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പ്രധാനമന്ത്രിമാർ സംഭാഷണം നടത്തിയതു്. പരസ്പരസഹകരണത്തിലും, മററു രാജ്യങ്ങളുമായി യോജിച്ചും സമാധാനത്തെ നിലനിർത്തുന്നതിനു് ആവശ്യകമായ പരസ്പരധാരണയുണ്ടാക്കുകയായിരുന്നു സംഭാഷണങ്ങളുടെ പ്രധാനലക്ഷ്യം.

അടുത്തകാലത്തു ഇൻഡ്യയും ചൈനയും തമ്മിൽ ഒരുടമ്പടിയുണ്ടായിട്ടുണ്ട്. ഇരുരാജ്യങ്ങളുടേയും പരസ്പരമുള്ള പെരുമാററത്തെ നിയന്ത്രിക്കുന്ന ചില തത്വങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. ആ തത്വങ്ങൾ (1) രാജ്യാതിർത്തികളേയും, പരമാധികാരത്തേയും പരസ്പരം ആദരിക്കുക, (2) ആക്രമണം നടത്താതിരിക്കുക, (3) ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക, (4) സമത്വവും അന്യോന്യപ്രയോജനവും, (5) സമാധാനപരമായ സഹപ്രവർത്തനം, ഇവയാണ്.

ഈ തത്വങ്ങളെ പ്രധാനമന്ത്രിമാർ പുനരാവർത്തിക്കുകയും, ഏഷ്യയിലെ രാജ്യങ്ങളോടുള്ള പെരുമാററത്തിൽ ഈ തത്വങ്ങൾ അനുസരിക്കപ്പെടണമെന്നു് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഈ 5 തത്വങ്ങൾ ഏഷ്യയിലെന്നല്ല, ലോകത്തിൽ പൊതുവെ സമാധാനം സ്ഥാപിക്കാൻ സഹായിക്കുമെന്നാണ് അവരുടെ വിശ്വാസം.

സമാധാനം നിറഞ്ഞ ഒരന്തരീക്ഷം ലോകത്തുണ്ടാകണമെങ്കിൽ ഈ തത്വങ്ങൾ അംഗീകരിക്കപ്പെടേണ്ടതാണെന്നും പ്രധാനമന്ത്രിമാർ അഭിപ്രായപ്പെട്ടു.

* * *

### ചൈനയുടെ നടപടികൾ ഈ പ്രസ്താവനയെ ഖണ്ഡിക്കുന്നു

ജനീവകോൺഫറൻസിൽസംബന്ധിച്ചിരുന്ന ചൈനീസ് ഗവൺമെൻറ് പ്രതിനിധികൾ അവരുടെ നടപടികൾകൊണ്ടു് സ്പഷ്ടമായി തെളിയിച്ചുകഴിഞ്ഞു, ഈ പ്രസ്താവനയിൽ കൊള്ളിച്ചിട്ടുള്ള സമാധാനതത്വങ്ങളിലും സമാധാനമാർഗ്ഗങ്ങളിലും അവർ വിശ്വസിക്കുന്നില്ലെന്നു്. സമാധാനത്തിനുവേണ്ടിയുള്ള ചർച്ചകളിലും കൂടിയാലോചനകളിലും അവശ്യാവശ്യകമായിരിക്കുന്ന വിട്ടുവീഴ്ചയുടേയും ഒത്തുപോകലിൻെറയും മനോഭാവം ഒട്ടുംതന്നെ അവർ പ്രകാശിപ്പിക്കുകയുണ്ടായില്ല. ഐക്യരാഷ്ട്രസംഘടനയുടെ മേൽനോട്ടത്തിൽ കൊറിയായിൽ തിരഞ്ഞെടുപ്പുനടത്താൻ അവർക്കു സമ്മതമല്ല. ഇൻഡോചൈനയിൽ ഐക്യരാഷ്ട്രസംഘടനയുടെ മേൽനോട്ടത്തിൽ യുദ്ധവിരാമസന്ധിയുടെ കാര്യങ്ങൾ നടത്തുന്നതും അവർക്കു സമ്മതമല്ല. എന്നിട്ടും ഐക്യരാഷ്ട്രസംഘടനയിലെ അംഗത്വത്തിനു് കമ്മ്യൂണിസ്റ്റു ചൈന ശക്തിയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്! തങ്ങൾക്കു വിശ്വസിക്കുവാൻ കൊള്ളുന്ന ഉത്തമബോധവും നിഷ്പക്ഷതയും ഐക്യരാഷ്ട്രസംഘടനയ്ക്കില്ലെങ്കിൽ അതിൽ അംഗമായിച്ചേരാൻ കമ്മ്യൂണിസ്റ്റുചൈന ആഗ്രഹിക്കുന്നതെന്തിനു്? കൊറിയായിൽ ഐക്യരാഷ്ട്രസംഘടന ഒരു യുദ്ധകക്ഷിയായിത്തീർന്നതാണോ അതിൻെറ മേലുള്ള കുററം? ആ നടപടി ഐക്യരാഷ്ട്രസംഘടനയുടെ പ്രമാണപത്രികതന്നെ സാധൂകരിക്കുന്നുണ്ട്. ലോകസമാധാനത്തെ ഭഞ്ജിക്കുന്ന ഏതൊരു രാഷ്ട്രത്തിനെതിരായും യുദ്ധംചെയ്യുവാനുള്ള അവകാശവും അധികാരവും പ്രമാണപത്രിക സംഘടനയ്ക്കു നൽകുന്നുണ്ട്. എന്നിരിക്കെ ഐക്യരാഷ്ട്രസംഘടനയിൽ ചേരുവാൻ കമ്മ്യൂണിസ്റ്റു ചൈന ആഗ്രഹിക്കുന്നതു് ലോകസമാധാനത്തെ പുരോഗമിപ്പിക്കുവാനും ഭദ്രമാക്കുവാനും വേണ്ടിയല്ല, പിന്നയോ കമ്മ്യൂണിസത്തിനും കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങൾക്കുംവേണ്ടി പ്രചരണം നടത്തുവാനുള്ള ഒരു പ്രസംഗപീഠമായി അതിനെ പ്രയോജനപ്പെടുത്താനാണെന്നു് അനുമാനിക്കാതിരിക്കാൻ നിവൃത്തിയില്ല. റഷ്യ അവരുടെ പ്രതിനിധികൾ വഴിയായി ഐക്യരാഷ്ട്രസംഘടനയെ അങ്ങനെ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുകയാണല്ലോ!

കൊറിയായിൽ ആക്രമണം നടത്തിയ വടക്കെ കൊറിയാക്കാരെ സഹായിച്ചതു് കമ്മ്യൂണിസ്റ്റ് ചൈനയല്ലയോ? ഇൻഡോചൈനയിലും കമ്മ്യൂണിസ്റ്റു വിപ്ലവകാരികളായ വിയററ്മിൻകാർക്ക് ആളും ആയുധവും ഉപദേശവും കമ്മ്യൂണിസ്റ്റു ചൈന നൽകുന്നില്ലയോ? കൊറിയായിലും ഇൻഡോചൈനയിലും അമേരിക്ക ഇടപെട്ടതു് ഈ ആക്രമണത്തേയും അതിനെ പിൻതാങ്ങുന്നവരേയും എതിർക്കുവാൻവേണ്ടി മാത്രമാണ്.

* * *

### ടിബററ് കാര്യത്തിൽ ഇൻഡ്യാ–ചൈന ഉടമ്പടി

ഇൻഡ്യാ-ചൈന പ്രധാനമന്ത്രിമാരുടെ സംയുക്തപ്രസ്താവനയിൽ വളരെ പ്രാധാന്യം നൽകിയിരിക്കുന്ന ഒരു സംഗതി ടിബററിൻെറ കാര്യത്തിൽ ഇൻഡ്യയും ചൈനയും തമ്മിൽ അടുത്തകാലത്തു ചെയ്ത ഉടമ്പടിയാണല്ലോ. അതിലടങ്ങിയിരിക്കുന്ന തത്വങ്ങൾ ഏഷ്യയിലെന്നല്ല, ലോകത്തിൽ പൊതുവെ സമാധാനം സ്ഥാപിക്കുവാൻ സഹായിക്കുമെന്നാണ് പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു്. ഇതും കേവലം പ്രചരണത്തിനുവേണ്ടിയുള്ള ചൈനീസ് പ്രധാനമന്ത്രിയുടെ അടവുമാത്രമാണ്. ഇദ്ദേഹത്തെ പ്രീണിപ്പിക്കാൻവേണ്ടി മാത്രമായിരിക്കണം നമ്മുടെ പ്രധാനമന്ത്രി അതിനെതിരുപറയാഞ്ഞതു്. പ്രസ്തുത ഉടമ്പടിയെ സംബന്ധിച്ചു് ബോംബെയിൽനിന്നു് പുറപ്പെടുന്ന "ഫ്രീഡം ഫസ്റ്റ്" എന്ന ഹൈന്ദവമാസിക അതിൻെറ ജൂൺലക്കത്തിൽ വിമർശിച്ചിരുന്നതു് ഇങ്ങനെയാണ്:-

ചില ആളുകൾ ആ ഉടമ്പടിയെ "വിലസ്സു വില്ലൽ" എന്നു വിളിച്ചിട്ടുണ്ട്. ഇൻഡ്യൻ പട്ടാളത്തെ ടിബററിൽനിന്നും പിൻവലിച്ചതോ, ചില കച്ചവടാവകാശങ്ങൾ വിട്ടുകൊടുത്തതോ അല്ല ഇങ്ങനെ വിളിക്കാൻകാരണം, പിന്നയോ ഒരു തത്വം ബലികഴിച്ചതാണ്. ഏഷ്യയിലെ പുതിയ നയത്തിൻെറ മൂലക്കല്ലായി ആ ഉടമ്പടിയെ സ്വാഗതംചെയ്യുന്നതും, ചൈനാഗവൺമെൻറിൻെറ അഭിപ്രായം അനുസരിച്ചു് ഇനിയുണ്ടാകുവാൻ പോകുന്ന മററുടമ്പടികൾക്കു് അതൊരു മാതൃകയായിത്തീരുമെന്നുള്ളതുമാണ് അതിൻെറ ഏററവും മോശമായ ലക്ഷണം. ടിബററുകാര്യത്തിൽ ഇൻഡ്യയും ചൈനയും തമ്മിൽ ചെയ്ത ഉടമ്പടിയിൽ ടിബററൻകാരെ പരിഛേദം അകററിനിറുത്തിയിരിക്കുന്നു! അധീനരാജ്യങ്ങൾക്കുള്ള സ്വയംനിർണ്ണയാവകാശത്തെപ്പററി സകല പ്രസംഗപീഠങ്ങളിലും കേമമായി വാദിക്കുന്ന ഇൻഡ്യയാണ് ടിബററിൻെറ അവകാശത്തെ നിഷേധിക്കുന്നതിൽ പങ്കുചേർന്നിരിക്കുന്നതു്. "സമാധാനപരമായി ഒന്നിച്ചു വസിക്കാനും" "സമാധാനമേഖല വിസ്തൃതമാക്കുവാനും" വേണ്ടി ചൈനായ്ക്കു എത്ര വലിയ വിലയാണ് ഇൻഡ്യ കൊടുക്കേണ്ടിവന്നതു്. ടിബററിൻെറമേൽ ചൈനായ്ക്കു അധീശത്വമുണ്ടെന്നാണ് വാദിക്കപ്പെടുന്നതു്. ആ അധീശത്വത്തിൻെറ നാമത്തിൽ സൈനികശക്തി ഉപയോഗിച്ചു് ടിബററിനെ പുതിയ ചൈന അതിൻെറ കോളനിയാക്കിയിരിക്കുകയാണ്. പടിഞ്ഞാറുനിന്നു് സമുദ്രങ്ങൾ കടന്നുവരുന്ന സാമ്രാജ്യത്വത്തിൻെറ കാലം നശിച്ചിരിക്കുന്നുവെന്നു് വാദിക്കുന്നവർതന്നെ ഏഷ്യായിൽനിന്നു കരമാർഗ്ഗം മാർച്ചുചെയ്തുവരുന്ന സാമ്രാജ്യത്വം സ്വീകാര്യമാകുന്നു എന്നു പറയുന്നതു് എന്തൊരു വിരോധാഭാസം! ടിബററിലുണ്ടായിരുന്ന ഇൻഡ്യൻ പട്ടാളം പലായനം ചെയ്തുകൊണ്ടിരിക്കുന്ന പഴയ സാമ്രാജ്യത്വത്തിൻെറ കാലം വൈകിയ അവശിഷ്ടങ്ങളാണെന്നു് നമ്മുടെ പ്രധാനമന്ത്രി ഹാസ്യഭാവത്തിൽ പറയുകയുണ്ടായി. അങ്ങനെയെങ്കിൽ ഇപ്പോൾ ടിബററിൽ താവളമുറപ്പിച്ചിരിക്കുന്ന ചൈനീസ് പട്ടാളം നവീനവും പൂർവ്വാധികം നിഷ്കരുണവുമായ സാമ്രാജ്യത്വത്തിൻെറ മുന്നണിസേനയല്ലാതെ മററെന്താണ്? ചൈനയുമായി ചെയ്ത പ്രസ്തുത ഉടമ്പടി ടിബററിൻെറ നിർദ്ദയരായ പുതിയ യജമാനന്മാരുടെ ശക്തി തടുക്കാൻ സാധിക്കാഞ്ഞിട്ടു് സഹിക്കേണ്ടിവന്ന ഒരു തിന്മയാണെന്നു് പറയുന്നതായിരുന്നില്ലേ, അതു ഒരു മഹത്തായ പുതിയ രാഷ്ട്രീയതത്വമാണെന്നു് പ്രകീർത്തിക്കുന്നതിനെക്കാൾ ഭേദം? ടിബററൻകാരുടെ സ്വാതന്ത്ര്യത്തിനും സ്വയംനിർണ്ണയാവകാശത്തിനും വേണ്ടി തത്വത്തിൽ നാം നിലകൊള്ളുന്നു എന്നു പറയുന്ന സന്ദർഭത്തിൽ ഒരു ചെറിയ പ്രതിഷേധസ്വരമെങ്കിലും ഉയർത്തിയിരുന്നെങ്കിൽ അതു നാം കൊട്ടിഘോഷിക്കുന്ന നയത്തിനു കൂടുതൽ അനുയോജ്യവും കൂടുതൽ നിർവ്യാജവുമായിരുന്നേനെ. ആചാര്യകൃപലാനിയും, ശ്രീ താണ്ഡനും മററും പാർലമെൻറിൽ ഈ സംഗതി ഉന്നയിക്കുകയുണ്ടായെങ്കിലും ഗവൺമെൻറുഭാഗത്തുനിന്നുമുള്ള അംഗീകരണത്തിൻെറ ഒച്ചപ്പാടിൽ അവരുടെ സ്വരം ആണ്ടുപോയതേയുള്ളു. ഈ ഉടമ്പടിയുടെ ഗുണപാഠം ഏഷ്യയിലെ സ്വതന്ത്രരാജ്യങ്ങൾ മറക്കുകയില്ല. പുതിയ കമ്മ്യൂണിസ്റ്റ് സാമ്രാജ്യത്തിനെതിരായി ഈ പ്രദേശത്തെ സ്വതന്ത്രരാഷ്ട്രങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഇൻഡ്യ നിലകൊള്ളുമെന്നു് ഉറപ്പുവിചാരിക്കുവാൻ പാടില്ലെന്നുള്ള ഭീതി അവർക്കുണ്ടായിരിക്കും.

ഇങ്ങനെ അപലപനീയമായ ഒരുടമ്പടിയാണ് പ്രധാനമന്ത്രിമാരുടെ സംയുക്തപ്രസ്താവനയിൽ പ്രശംസിക്കുകയും മാതൃകാപരമെന്നു് പരിഗണിക്കുകയും ചെയ്തിരിക്കുന്നതു്.

* * *

### ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റ് ചാരന്മാർ

സാർവ്വദേശീയകമ്മ്യൂണിസ്റ്റ് വിപ്ലവപ്രസ്ഥാനം പ്രാവർത്തികമാക്കുവാൻ ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങൾ ഉണ്ടെന്നും, സോവ്യററ് റഷ്യക്കും അതിൻെറ കീഴിലുള്ള കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾക്കുംവേണ്ടി ചാരവൃത്തി നടത്തുകയാണ് അവരുടെ ലക്ഷ്യമെന്നും പ്രസിദ്ധമാണല്ലോ. ഈ വസ്തുതയ്ക്കു ഒന്നാംതരം സാക്ഷ്യം മോസ്ക്കോയിൽനിന്നും സോവ്യററ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സെൻട്രൽ കമ്മററി പുറപ്പെടുവിച്ചിട്ടുള്ള "പ്രക്ഷോഭകരുടെ ലഘുഗ്രന്ഥം" എന്ന ഒരു പ്രസിദ്ധീകരണത്തിൽ കാണാവുന്നതാണ്.

ഓരോ രാജ്യങ്ങളിലുമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടി മെമ്പന്മാർക്കും വിപ്ലവകാരികൾക്കും പ്രചാരകന്മാർക്കും വേണ്ട അറിവും നേതൃത്വവും നൽകുകയാണത്രേ ഈ ഗ്രന്ഥത്തിൻെറ ഉദ്ദേശം. കമ്മ്യൂണിസ്റ്റ്പാർട്ടി, നിയമവിധേയമായോ നിയമവിരുദ്ധമായോ, പ്രവർത്തനം നടത്താത്ത ഒററരാജ്യംപോലും ലോകത്തിലില്ലെന്നു് ഗ്രന്ഥത്തിലെ സർവ്വേയിൽ പറയുന്നു. ഗ്രന്ഥത്തിലെ കണക്കനുസരിച്ചു് വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങളുടെ സംഖ്യ താഴെ കാണുംപ്രകാരമാണ്.

കൊറിയ 1 ലക്ഷം; ഫ്രാൻസ് 8 ലക്ഷം; ഇററലി, 21 ലക്ഷം; ബ്രിട്ടൻ 35000; ബെൽജിയം 100,000; ഹോളണ്ട് 50,000; ഡന്മാർക്ക് 50,000; സ്വീഡൻ 60,000; ഫിൻലണ്ട് 50,000; ജപ്പാൻ 100,000; ഇൻഡ്യാ 60,000; നോർവേയും ഐസ്ലൻറും 60,000. ഇൻഡ്യയിലെ കണക്ക് 1953-ലേതാണെന്നും, മററു രാജ്യങ്ങളിലേതു് 1948-50-ലേതാണെന്നും സർവ്വേയിൽ പറയുന്നു. വിദൂരപൂർവ്വപ്രദേശത്തെ കണക്ക് ഈ സർവ്വേയിൽ കൊടുത്തിട്ടില്ല.

കണ്ടാലും: കമ്മ്യൂണിസം ലോകമാസകലം പ്രചരിപ്പിക്കുവാനും ഭരണം വിപ്ലവംവഴിയായി പിടിച്ചെടുക്കുവാനും സർവ്വരാജ്യകമ്മ്യൂണിസ്റ്റ് സംഘടന ഏർപ്പെടുത്തിയിട്ടുള്ള ചാരന്മാരാണ് ഇവരെല്ലാം. ഇൻഡ്യയിൽ അവർ 60,000 ഉണ്ട്. അതു് പാർട്ടി അംഗങ്ങളുടെ സംഖ്യയാണ്. അനുഭാവികൾ അവരെക്കാൾ എത്രയോ അധികം!

—o—

### അടുത്ത ആഴ്ചയിൽ

ജൂലൈ

18 ഞാ: പന്തക്കുസ്തേ 6-ാംഞായർ
19 തി: വിൻസെന്തിയോസ് പൗലാ
20 ചൊ: മർഗ്ഗരീത്താ
21 ബു: പ്രദക്സേദിസ്
22 വ്യാ: മറിയം മഗ്ദലെത്താ
23 വെ: അപ്പോളിനാരിസ്
24 ശ: ക്രിസ്റ്റ്യൻ

---

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

---

### കമ്മ്യൂണിസ്റ്റു പാർട്ടിയെ പൂർവ്വബംഗാളിൽ നിരോധിച്ചു

പൂർവ്വബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചിരിക്കുന്നതായി പൂർവ്വബംഗാൾ ഗവൺമെൻറിൻെറ ഒരസാധാരണ ഗസററിൽ പ്രസ്താവിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി പൊതുജനങ്ങൾക്ക് ഒരപകടമാണെന്നും ഗസററിൽ പ്രഖ്യാപിക്കുന്നുണ്ട്.

# മാർത്തോമ്മാദിനാചരണം

**മററക്കര:** സ്ഥലം സി. വൈ. എം. എ., സത്യാരാധനാസഖ്യം, മിഷൻലീഗ്, സൊഡാലിററി ഇവയുടെ സംയുക്താഭിമുഖ്യത്തിൽ മാർത്തോമ്മാദിനം സംബന്ധിച്ച് സെൻറ് ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂൾ ഹാളിൽവച്ച് ഒരു പൊതുയോഗം കൂടുകയുണ്ടായി. റവ. ഫാദർ മാത്യു വെള്ളാപ്പാട്ട് അദ്ധ്യക്ഷതവഹിച്ചു. കുമാരി എ. പി. ഏലിക്കുട്ടിയും കുമാരി കെ. ജെ. മേരിക്കുട്ടിയും ഓരോ പ്രസംഗംചെയ്തു. യോഗത്തിൽ ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**കലയന്താനി:** മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ പ്രമാണിച്ച് സ്ഥലം ഹൈസ്കൂൾ ഹാളിൽവച്ച് മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ വികാരി റവ. ഫാദർ വറുഗീസ് മൊതകുന്നേൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. മി. കെ. സി. ജോസഫ്, മിസ്സ് എ. സി. ഏലിയാമ്മ എന്നിവർ ഓരോ പ്രസംഗങ്ങൾചെയ്തു. ഇടയ്ക്കിടയ്ക്ക് കുട്ടികളുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**വടയാർ:** മാർത്തോമ്മാദിനം സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ആഘോഷിച്ചു. സാധുക്കൾക്കു അരിയും പണവും വിതരണം ചെയ്കയുണ്ടായി. വൈകുന്നേരം സ്ഥലത്തെ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ പുതിയതായി പണികഴിപ്പിച്ച സെൻറ് ലൂയിസ് സ്കൂൾഹാളിലേക്ക് പ്രദക്ഷിണംനടത്തുകയും അവിടെവച്ച് റവ. ഫാദർ ജോർജ് കണിയാന്തറ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടത്തുകയുംചെയ്തു. ശ്രീ ആർ. എം. ചാക്കോ കരിമഠം, ബ്രദർ പി. എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

**പെരുങ്ങുഴ:** മാർത്തോമ്മാദിനംപ്രമാണിച്ച് സെൻറ് ജോസഫ്സ് സ്കൂളിൽവച്ച് കൂടിയ മീററിംഗിൽ റവ. ഫാദർ എ. ജെ. കണ്ടത്തിൽ അവർകൾ ആദ്ധ്യക്ഷംവഹിച്ചു. മത്തായി മാത്യു പുന്നക്കപ്പടവിൽ ബി. എ. ഒരു പ്രസംഗംചെയ്തു.

**ആലുവാ:** സെൻറ് തോമസ് ദിനം പ്രമാണിച്ചുള്ള പൗരമഹായോഗം ശ്രീ ജോസഫ് കൈമാപറമ്പൻെറ അദ്ധ്യക്ഷതയിൽ മാറഗസ്സിൻ ഹാളിൽ സമ്മേളിച്ചു. റവ. ജേക്കബ് അയിരൂപ്പറമ്പിൽ അവർകളും മാസ്റ്റർ പുത്തനങ്ങാടി അവർകളും പ്രസംഗിച്ചു. അനന്തരം സൊഡാലിററി അംഗങ്ങൾ മാർത്തോമ്മായുടെ രക്തസാക്ഷിത്വത്തെ ആസ്പദമാക്കി അഭിനയിച്ച നീഴൽനാടകം സദസ്യരെ ഹാദാകർഷിക്കയുണ്ടായി.

**തിടനാട്:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ മാർത്തോമ്മാദിനംകൊണ്ടാടി. തത്സംബന്ധമായി കൂടിയ യോഗത്തിൽ ബ്രദർ സി. എം. മാത്യു ആദ്ധ്യക്ഷം വഹിക്കുകയും ബ്രദർ സി. ഡി. സെബാസ്ത്യൻ ബി. എ. പ്രസംഗിക്കുകയുംചെയ്തു.

**പള്ളുരുത്തി:** സ്ഥലം സുറിയാനിപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ ആറാമതുവാർഷികവും, വി. തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളും അത്യാഡംബരപൂർവ്വം ജൂലായി 4-ാംനു കൊണ്ടാടി. വൈകുന്നേരം സെൻറ് തോമസ് സ്കൂൾഹാളിൽ കൂടിയ മീററിംഗിൽ റവ. ഫാ. ജോസഫ് നടുവത്തുമറിയിൽ പി എച്ച്. ഡി. എസ്. ടി. എൽ. അദ്ധ്യക്ഷതവഹിക്കുകയും, വി. യു സേവ്യർ, വി. ടി. ജോസഫ്, പി. ടി. അന്ന എന്നിവർ പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം "തകർന്നഹൃദയം" എന്ന പ്രഹസനം സഖ്യാംഗങ്ങളാൽ അഭിനയിക്കപ്പെട്ടു.

**പൂഞ്ഞാർ:** സ്ഥലം ചെറുപുഷ്പാശ്രമത്തിൽ ദുക്റാനത്തിരുനാൾ സാഘോഷം കൊണ്ടാടപ്പെട്ടു. രാവിലെ ദേവാലയത്തിലെ തിരുകർമ്മങ്ങൾക്കുശേഷം സി. എ. സി. യുടെ ആഭിമുഖ്യത്തിൽ സ്കൂൾഹാളിൽ പൊതുയോഗംചേന്നു. റവ. ഫാദർ തോമസ് അരയത്തിനാൽ എം. ഒ. എൽ. അവർകൾ ആദ്ധ്യക്ഷംവഹിച്ചു. സി. എ. സി. പ്രസിഡൻറ് ശ്രീ കെ. സി. കുര്യൻ ബി. എസ്സി. സ്വാഗതപ്രസംഗം ചെയ്തു. ശ്രീ ജോസഫ് തെള്ളി ബി. എ. ബി. എൽ. അവർകൾ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ ഗാനാലാപം, ഡാൻസ് മുതലായവ സദസ്യരെ ആദ്യന്തം ആനന്ദിപ്പിച്ചു.

—o—

(5-ാംപേജ് തുടർച്ച)

ഭക്തിസംവർദ്ധകമായ പ്രദക്ഷിണവും നടത്തണം. (പ്രദക്ഷിണത്തിനു സൗകര്യമില്ലെങ്കിൽ കൊടിയിൽ പടം ഒട്ടിച്ചലങ്കരിച്ചുതായാൽ മതിയാകും) അനന്തരം വമ്പിച്ചരീതിയിൽ പൊതുയോഗവും നടത്തണം

b) പൊതുയോഗത്തിൽ വൈദികമേലദ്ധ്യക്ഷന്മാരെയോ മററു വൈദികശ്രേഷ്ഠന്മാരെയോ അദ്ധ്യക്ഷനായും, വിൻസെൻറ് പുണ്യവാൻെറ ജീവിതാദർശങ്ങളേയും മററുംപററി പ്രസംഗിക്കുവാൻ വിവരവും അഭിരുചിയുമുള്ള ആരെയെങ്കിലും പ്രസംഗിക്കുവാനും ക്ഷണിക്കണം. "യോഗങ്ങളുടെമോടിയേക്കാൾ കാര്യക്ഷമത അഥവാ ഫലപ്രാപ്തിയാണു നോക്കേണ്ടതെ"ന്നത്രെ കൗൺസിൽ ജനറലിൻെറ നിർബന്ധമായ നിർദ്ദേശം.

c) യോഗങ്ങളിൽ ജ്ഞാനവായനയും പിരിവും നടത്തി പൊതുജനങ്ങൾക്കും ഇക്കാര്യത്തിൽ പരിചയവും സൗമനസ്യവും ഉണ്ടാക്കണം.

4) ഓരോ സ്ഥലത്തുമുള്ള എല്ലാവിധ പരസ്നേഹ (ധർമ്മ) പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സന്യാസസമൂഹങ്ങൾ, ഭക്തസഭകൾ ആദിയായവയുടെ സഹായസഹകരണങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകമായിനേടണം.

കേരളത്തിലെ എല്ലാ സഖ്യാംഗങ്ങളുടേയും സത്വരശ്രദ്ധയ്ക്കും പരിഗണനയ്ക്കും ഇക്കാര്യങ്ങൾ വിഷയീഭവിക്കുമാറാകട്ടെ.

## ചരമം

വൈക്കം ഫൊറോനാപ്പള്ളി ഇടവക, പുത്തനങ്ങാടിയായ പുത്തൻപുരയിൽ ഇത്താക്കു (ഉമ്മൻ) ഭാര്യ മറിയം വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 75-ാമത്തെ വയസ്സിൽ ഈമാസം 2-ാംതീയതി വെള്ളിയാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ഉച്ചകഴിഞ്ഞു റവ. ഫാ. സിറിയക്ക് പുത്തനങ്ങാടിയുടെ പ്രധാനകാർമ്മികത്വത്തിലും, മററു പല വൈദികരുടേയും സഹകാർമ്മികത്വത്തിലും, ഒരു വമ്പിച്ച ജനാവലിയുടെ സഹകരണത്തിലും നടത്തപ്പെട്ടു.

R. I. P.

## വിനോദവീഥി



"എന്തുപററി! എങ്ങിനെ ബസ്സിങ്ങനെ മരത്തിലടിച്ചത്?"

"ഡ്റൈവർ പുറകിലിരുന്നവരോട് വർത്തമാനോം പറഞ്ഞോടിച്ചു അതുകൊണ്ടിങ്ങനെപററി."

* * *

പോലീസുകാരൻ:- (കള്ളപ്പുള്ളിയോട്) എടാ, നിങ്ങളുടെ നാട്ടിൽ യാതൊരാളും കളവു പറയുകയില്ലെന്നല്ലേ ഇന്നലെ നീ പറഞ്ഞത്. ഇപ്പോൾ നീ കളവാണു പറഞ്ഞതെന്നു തെളിഞ്ഞോ?

കള്ളൻ:- അതേ, ഏമാനനേ, ഞാനിപ്പോൾ ഞങ്ങളുടെ നാട്ടിലാണോ?

* * *

ഉപദേശി:- (പ്രസംഗത്തിൻെറ അവസാനത്തിൽ) അതുകൊണ്ടു സ്വർഗ്ഗത്തിൽ പോകാനുള്ളവരെല്ലാം എഴുന്നേൽക്കണം. (ഒരു വൃദ്ധനൊഴികെ എല്ലാവരും എഴുന്നേററു)

ഉപദേശി:- (വൃദ്ധനോട്) അപ്പോൾ, സഹോദരാ, നിങ്ങൾക്കുപോകണ്ടേ, സ്വർഗ്ഗത്തിലേക്ക്?

വൃദ്ധൻ:- നിങ്ങളോടുകൂടി ഓടിച്ചാടി സ്വർഗ്ഗത്തിലേക്കു പോരാൻ ഞാനില്ല; എന്നെക്കൊണ്ടു അതിനാവുകയുമില്ല.

## ഇടവകവാർത്തകൾ

**തലയോലപ്പറമ്പ്:** സ്ഥലം സെൻറ് തോമസ് മിഷൻലീഗിൻെറ ദ്വിതീയവാർഷികം 4-ാംതീയതി വിവിധപരിപാടികളോടുകൂടി നടത്തപ്പെട്ടു. മിഷൻ റാലിക്കുശേഷം പാരിഷ്ഹാളിൽ നടന്ന വാർഷികയോഗത്തിൽ വെരി റവ. ഫാദർ ഫ്രാൻസിസ് തച്ചിൽ അദ്ധ്യക്ഷത വഹിച്ചു. മിഷൻലീഗ് ഓർഗനൈസിംഗ് സെക്രട്ടറി പി. സി. അബ്രാഹം അവർകൾ പ്രസംഗിച്ചു. ലീഗംഗങ്ങളുടെ വിനോദപ്രകടനങ്ങളും "അന്നുരാത്രി" എന്ന പ്രഹസനവും വാർഷികാഘോഷങ്ങളുടെ ഹൃദ്യത വർദ്ധിപ്പിച്ചു.

**വാഴക്കുളം:** സ്ഥലം സെൻറ് ജോർജ്ജ്സ് സി. വൈ എം. എ. യുടെ ആഭിമുഖ്യത്തിൽ മാർത്തോമ്മാദിനവും മിഷൻബാലസഖ്യത്തിൻെറ വാർഷികവും ജൂലൈ മൂന്നാംതീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞു മൂന്നുമണിക്ക് ട്രെയിനിംഗ് സ്കൂൾഹാളിൽവച്ചു സ്ഥലം കർമ്മലകൊവേന്തയിലെ പ്രിയോർ വെ. റവ. ഫാദർ സുപ്രിയാനോസ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെടുകയുണ്ടായി. ശ്രീ സി. എ മാത്യു ബി. എസ്സി. ബി. എൽ., എം. എൽ. എ. പ്രസംഗിച്ചു. വേദോപദേശപരീക്ഷയിൽ വിജയികളായ ബാലികാബാലന്മാർക്കു സമ്മാനം നൽകപ്പെട്ടു.

ജൂലൈ നാലാംതീയതി പള്ളിവികാരി റവ. മാത്യു പോത്തനാമൂഴി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ സി. വൈ. എം. എ. യുടെ പൊതുയോഗത്തിൽ 54-55 വർഷത്തേക്കു പ്രസിഡൻറായി സാഹിത്യവിശാരദ് ശ്രീ കുര്യൻ ററി. തിരുതാളിൽ അവർകളും സെക്രട്ടറിമാരായി ശ്രീ എം. എം. ജോസഫ് ബി. എസ്സ്സി., ശ്രീ പി. വി കുര്യാക്കോസ് എന്നിവരും ഖജാൻജിയായി ശ്രീ എം. സി. തൊമ്മനും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

**കിഴപറയാർ:** സ്ഥലത്തു പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുപുഷ്പമിഷൻലീഗിൻെറ പരിശ്രമഫലമായി കാരണശേരിയിൽ ഒരു യാക്കോബായക്കാരി പുനരൈക്യപ്പെട്ടു കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു.

**കാഞ്ഞിരത്താനം:** സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസിലെ ഒരു പ്രവർത്തകാംഗമായ ബ്ര. പി. ററി. ചാക്കോ (പൂവക്കോട്ട്) അവർകൾ മിഷൻരംഗത്തേക്കു പോകുന്നതു പ്രമാണിച്ച് സ്ഥലം പള്ളിമേടയിൽവച്ച റവ. ഫാദർ വരികപ്പാറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യാത്ര അയപ്പു സമ്മേളനം നടന്നു. പലരും അനുമോദനപ്രസംഗങ്ങൾ നടത്തി.

**തേവര:** സേക്രഡ്ഹാർട്ട് കോളജിലെ മാർത്തോമ്മാദിനവും സൊഡാലിററി ഉദ്ഘാടനവും ഏദകാപ്പിച്ച് പെ. ബ. ജോൺ ബക്ക്മാൻസ് ററി. ഒ. സി ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീമാന്മാരായ മാത്യു ഉലകംതറ ബി. എ; സി. എം. ജോസഫ് ഒ. ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. സൊഡാലിററി മ്യൂസിക്ക് ക്ലബ്ബ്കാരുടെ ശ്രുതിമധുരമായ ഗാനാലാപങ്ങളും ഉണ്ടായിരുന്നു.

## തിരുക്കൊച്ചിവാർത്തകൾ

### അശ്ലീലപ്രസിദ്ധീകരണങ്ങൾക്കെതിരായി നടപടിയെടുക്കുന്നു

അശ്ലീലലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന മാസികകൾക്കെതിരായി നടപടികളെടുക്കണമെന്നുള്ള പ്രസ്സ്-അഡൈ്വസറിബ്യൂറോയുടെ ശുപാർശ സത്വരം നടപ്പിൽ വരുത്തണമെന്നുള്ള മുഖ്യമന്ത്രിയുടെ വ്യക്തിപരമായ നിർദ്ദേശത്തെ തുടർന്നു് അപ്രകാരമുള്ള പ്രസിദ്ധീകരണങ്ങൾക്കെതിരായി രാജ്യവ്യാപകമായ തോതിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇപ്രകാരമുള്ള പ്രസിദ്ധീകരണങ്ങൾക്കെതിരായി ഇൻഡ്യൻ പീനൽകോഡിലെ വ്യവസ്ഥകളനുസരിച്ച് നടപടികളെടുക്കുന്നതാണ്. ഇതനുസരിച്ച് അവയുടെ പ്രസിദ്ധീകരണം തടയാമെന്നു മാത്രമല്ല, അവയെ എഡിററു ചെയ്യുകയോ, അച്ചടിക്കുകയോ, വില്ക്കുകയോ മറേറതെങ്കിലുംതരത്തിൽ പരസ്യമായി പ്രദർശിപ്പിക്കുകയോ ചെയ്യുന്നവർ ശിക്ഷാർഹരാണ്. പൊതുജനതാല്പര്യത്തെയും പൊതുജനങ്ങളുടെ ആവശ്യങ്ങളെയും പരിഗണിച്ച് അപ്രകാരമുള്ള പ്രസിദ്ധീകരണങ്ങൾക്ക് എതിരായി നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഗവർമ്മെൻറ് പൊതുജനസഹകരണം അഭ്യർത്ഥിക്കുന്നു. ഇപ്രകാരമുള്ള പ്രസിദ്ധീകരണങ്ങളെല്ലാം ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെടുവാൻ വിഷമമുള്ളതുകൊണ്ട് ജനങ്ങൾ അവ ഐ ജി യുടെയോ പബ്ലിക്ക് റിലേഷൻസ് ഡയറക്ടറുടെയോ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

### നിയമസഭ

തിരുക്കൊച്ചി നിയമസഭാസമ്മേളനം ജൂലൈ 12-ാംനു ആരംഭിക്കുന്നതാണ്. തയാറാക്കപ്പെട്ടിരിക്കുന്ന ഭൂനയബിൽ ഇത്തവണത്തെ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുന്നതാണെന്നറിയുന്നു.

### ഗവർമ്മെൻറുഡിപ്പോകൾ നിർത്തലാക്കുന്നു

ഭക്ഷ്യനിയന്ത്രണം നിറുത്തലാക്കുന്നതിലേക്കുള്ള പ്രാരംഭപടിയായി സംസ്ഥാനത്തു് ഗവർമ്മെൻറുവകയായി നടത്തപ്പെടുന്ന മൊത്തഡിപ്പോകൾ നിറുത്തലാക്കി അവ സ്വകാര്യവ്യാപാരികളെ ഏല്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

### പെൻഷൻ നിരക്ക്

തിരുവിതാംകൂർ കൊച്ചി വിഭാഗങ്ങളിൽ നിലവിലിരിക്കുന്ന വ്യത്യസ്തപെൻഷൻ നിരക്കുകൾ ഏകീകരിച്ചുകൊണ്ട് ഗവമ്മെൻറു ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. 5 ക. മാത്രം പെൻഷനുള്ളവർക്ക് 5 ക. കൂടെയും 5 ക. മുതൽ 30 ക. വരെ പെൻഷനുള്ളവർക്ക് 7½ ക. യും 30 മുതൽ 300 വരെ ഉള്ളവർക്ക് 9 ക. യും അലവൻസു നൽകാനാണ് ഇപ്പോഴത്തെ തീരുമാനം.

## ഇൻഡ്യാവാർത്തകൾ

### "നക്ഷത്രംനോക്കി"കളെപ്പററി നെഹ്രു

നങ്ങൽ എന്ന സ്ഥലത്തു ഒരു പൊതുയോഗത്തിൽവച്ചു ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു് കഠിനാദ്ധ്വാനം ചെയ്യുന്നതിനു നെഹ്രു ജനങ്ങളെ ഉൽബോധിപ്പിച്ചു. ഈയവസരത്തിൽ അദ്ദേഹം ജ്യോത്സ്യന്മാരെയും "നക്ഷത്രംനോക്കി"കളെയുംപററി പരാമർശിക്കയുണ്ടായി. അഭ്യസ്തവിദ്യരുടെയിടയിലും തങ്ങളുടെ ഭാവിയെന്തെന്നറിയുന്നതിനുള്ള ഈ സുഖക്കേടു് ബാധിച്ചിരിക്കുന്നുവെന്നു് അദ്ദേഹം ഖേദപൂർവ്വം ചൂണ്ടിക്കാണിച്ചു. അതൊരിക്കലും നമ്മെ സഹായിക്കുകയില്ല. നാം കഠിനമായി അദ്ധ്വാനിക്കുകയും സ്വന്തം കാലിൽത്തന്നെ നില്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

### അരിനിയന്ത്രണം നിറുത്തലാക്കി

ജൂലൈ 10-ാംനു മുതൽ അരിയുടെ മേലുള്ള എല്ലാ നിയന്ത്രണങ്ങളും പിൻവലിച്ചിരിക്കുന്നതായി ഇൻഡ്യാഗവമ്മെൻറ് പ്രഖ്യാപനം ചെയ്തിരിക്കുന്നു. മേലിൽ ആർക്കും എവിടെയും അരി സ്വതന്ത്രമായി വില്ക്കുന്നതിനും വാങ്ങുന്നതിനും ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനും യാതൊരു തടസ്സവുമുണ്ടായിരിക്കുന്നതല്ല.

### ബോപ്പാൽ കുടിയേറിപ്പാർപ്പ്

ഭൂമിയില്ലാത്ത 1000 തൊഴിലാളികുടുംബങ്ങൾക്കായി ബോപ്പാലിലെ 10000 ഏക്കർഭൂമി പതിച്ചുകൊടുക്കുന്നതിനു് പദ്ധതികൾ തയാറാക്കിയിരിക്കുന്നു. തിരുക്കൊച്ചിയിൽനിന്നും 100 കർഷകകുടുംബങ്ങൾക്ക് ഇവിടെ കുടിയേറിപ്പാർക്കുവാൻ തല്ക്കാലം അനുവാദം നൽകുന്നതാണ്.

# ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

## കത്തോലിക്കാസഭയെ ആശ്ലേഷിക്കാനുണ്ടായ യഥാർത്ഥ കാരണങ്ങൾ

### മോൺ: ജോസഫ് പഞ്ഞിക്കാരനുമായി നടത്തിയ ഒരഭിമുഖസംഭാഷണം


(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

കത്തോലിക്കാസഭാ പുനരൈക്യത്തിനുശേഷം മാർ ഈവാനിയോസു തിരുമനസ്സുകൊണ്ട് എറണാകുളം സന്ദർശിച്ച അവസരത്തിൽ റൈററ് റവ മോൺ. പഞ്ഞിക്കാരനുമായി ഒരു അഭിമുഖസംഭാഷണം നടത്തുകയുണ്ടായി. "ഫീഡസ്" വാർത്താവിതരണസംഘ"ക്കാരുടെ ആവശ്യം അനുസരിച്ചായിരുന്നു ഏവംവിധമുള്ള ഒരു സംഭാഷണത്തിനു മോൺ പഞ്ഞിക്കാരൻ ഉദ്യുക്തനായത്. മാർ ഈവാനിയോസു" തിരുമേനി യാക്കോബായസഭയെ ഉപേക്ഷിക്കുന്നതിനും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുമുണ്ടായ കാരണങ്ങൾ വിശദമാക്കിയുള്ള ഒരു ലേഖനം അയച്ചുകൊടുക്കണമെന്നു പ്രസ്തുത വാർത്താവിതരണക്കാർ ബ: മോൺസിഞ്ഞോറിനോട് ആവശ്യപ്പെട്ടിരുന്നു. അഭിവന്ദ്യ തിരുമേനിയുമായി നടത്തിയ അഭിമുഖസംഭാഷണംമൂലം അവയെല്ലാം ശരിക്കു ഗ്രഹിക്കുന്നതിനും ലേഖനരൂപത്തിൽ അവക്ക് അയച്ചുകൊടുക്കുന്നതിനും മോൺസിഞ്ഞോറിനു സാധിച്ചു. യൂറോപ്പിലും അമേരിക്കയിലുമുള്ള ഒട്ടനേകം പത്രങ്ങളിൽ പ്രസ്തുത ലേഖനം അക്കാലത്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കേരളത്തിലെ കത്തോലിക്കർക്കും അകത്തോലിക്കർക്കും പലവിധത്തിൽ പ്രയോജകീഭവിക്കുന്നതാകയാൽ—അഭിവന്ദ്യ തിരുമേനിയുടെ ചരമവാർഷികദിനം സമാഗതമായിരിക്കുന്ന ഈ സന്ദർഭത്തിൽ—പ്രസ്തുത ലേഖനം മലയാളത്തിൽ പരിഭാഷപ്പെടുത്തി ചുവടെ ചേർത്തുകൊള്ളുന്നു:-

"ബഥനിയുടെ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി മദ്രാസിൽനിന്നും ഇക്കഴിഞ്ഞദിവസം എറണാകുളത്തു എത്തുകയുണ്ടായി. ഇൻഡ്യയിലെ രാഷ്ട്രീയനേതാക്കന്മാരിൽ ഗണനീയനായ ഒരുവനും, മഹാത്മാഗാന്ധിയുടെ പത്രമായ "യംഗ് ഇൻഡ്യ"യുടെ പത്രാധിപരായിരുന്ന ദേഹവുമായ മി. ജോർജ്ജ് ജോസഫിനെ മദ്രാസിൽവെച്ച് കത്തോലിക്കാസഭയിലേക്കു വന്ദ്യതിരുമേനി സ്വീകരിച്ചു. ഇൻഡ്യയുടെ ഡലിഗേറ്റ് അപ്പോസ്തോലിക്കായായ മോൺ: എഡ്‌വേർഡ് മൂണിയുമായി സുദീർഘനേരം സംഭാഷണം നടത്തുന്നതിനും മാർ ഈവാനിയോസിനു സൗകര്യം ലഭിച്ചു. ഡലിഗേറ്റ് തിരുമേനി നൽകിയ ഹൃദയപൂർവ്വകമായ സ്വീകരണവും പ്രദർശിപ്പിച്ച സഹോദരതുല്യമായ താല്പര്യവുംനിമിത്തം താൻ അത്യന്തം സന്തുഷ്ടനായിത്തീർന്നിരിക്കുന്നതായി മാർ ഈവാനിയോസ് പ്രസ്താവിക്കയുണ്ടായി. റോമിൽനിന്നും ഡലിഗേറ്റ് തിരുമേനി ഇൻഡ്യയിലേക്കു യാത്രപുറപ്പെട്ടതിന്റെ തലേദിവസം പരിശുദ്ധ പിതാവ് മാർ ഈവാനിയോസ് തിരുമേനിക്കായി ഒരു സന്ദേശം നൽകുകയുണ്ടായി. അതു ഇപ്രകാരമായിരുന്നു: 'മാർ ഈവാനിയോസിനും അദ്ദേഹത്തെ അനുഗമിച്ച് കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നവർക്കും സ്വാഗതം—വലിയ സ്വാഗതം(Welcome, a Big Welcome) നാം ആശംസിക്കുന്നതായി അദ്ദേഹത്തെ അറിയിക്കുക." ഇതിലെ "സ്വാഗതം, വലിയ സ്വാഗതം" എന്ന പദങ്ങൾ പരിശുദ്ധ പിതാവ് ഇംഗ്ലീഷിലാണ് കല്പിച്ചതെന്നും ഡലിഗേറ്റ് തിരുമേനി പ്രത്യേകം പ്രസ്താവിക്കയുണ്ടായി.

---

പുരതനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ



പ്രഥമ ചരമവാർഷികം

ജൂലൈ 15

---

"ഫീഡസ്" വർത്താവിതരണസംഘ"ക്കാരുടെ ആവശ്യം അനുസരിച്ച് ഒരു അഭിമുഖസംഭാഷണത്തിനായി മാർ ഈവാനിയോസ് തിരുമേനിയെ ഞാൻ സമീപിച്ചു. അഭിവന്ദ്യ തിരുമേനിയെപ്പററിയുള്ള എന്റെ ഒരു ലേഖനം ഫീഡസ് വാർത്താവിതരണക്കാർ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും അങ്ങനെ തിരുമേനിയുടെ കത്തോലിക്കാസഭാപ്രവേശനം അഖിലലോകപ്രശസ്തമായിത്തീർന്നിട്ടുണ്ടെന്നും ഞാൻ തിരുമേനിയെ ആദ്യമായി അറിയിച്ചു. അപ്രകാരം ഞാൻ ചെയ്തതിൽ തനിക്കുള്ള കൃതജ്ഞത തിരുമേനി പ്രകടിപ്പിക്കയുണ്ടായി. പ്രസ്തുത വാർത്താവിതരണസംഘക്കാരുടെ അഭ്യർത്ഥനയനുസരിച്ച് വന്ദ്യ തിരുമേനിയുടെ സഭാപരിവർത്തനത്തിനുള്ള കാരണങ്ങളെ ആസ്പദമാക്കി ഒരു ലേഖനം എഴുതുന്നതിനു ഒരഭിമുഖസംഭാഷണം നടത്തുന്നതിനു ആഗ്രഹിക്കുന്നതായി അപേക്ഷാരൂപത്തിൽ ഞാൻ അറിയിച്ചു. തൽക്ഷണം സസന്തോഷം അതിനു അദ്ദേഹം സമ്മതിക്കുകയും എനിക്കു ഇഷ്ടമുള്ള ഏതുചോദ്യവും ചോദിച്ചുകൊള്ളുന്നതിനു അനുവദിക്കുകയും ചെയ്തു. ഞാൻ ചോദിച്ച ചോദ്യങ്ങളും അതിനു അദ്ദേഹം നൽകിയ ഉത്തരങ്ങളും താഴെ ചേർത്തുകൊള്ളുന്നു:-

ചോ: യാക്കോബായസഭയിലെ ഒരു അംഗമായിരുന്ന അവസരത്തിൽ കത്തോലിക്കാസഭയുടെ വിവിധ ലക്ഷണങ്ങളിലും വിശേഷതകളിലും ഏതൊന്നാണു തിരുമേനിയെ സാരമായി സ്പർശിക്കുകയും ഹഠാദാകർഷിക്കുകയും ചെയ്തിട്ടുള്ളത്?

ഉ: വ്യക്തികളുടേയും മനുഷ്യകുലത്തിന്റെയും ജീവിതത്തെ സഗാഢം ബന്ധിക്കുന്ന എല്ലാ വിഷയങ്ങളിലും സുനിശ്ചിതമായ മാർഗ്ഗദർശനം നൽകുവാൻ കത്തോലിക്കാസഭക്കു സാധിക്കുമെന്നുള്ള യാഥാർത്ഥ്യമത്രേ പ്രസ്തുത സഭയെപ്പററിയുള്ള മതിപ്പ് എന്നിൽ ഉളവാകുവാൻ പ്രധാനമായി പ്രേരിപ്പിച്ചിട്ടുള്ളത്.

ചോ: "കത്തോലിക്കാസഭ സുനിശ്ചിതമായ മാർഗ്ഗദർശനം നൽകുന്നു"വെന്നുള്ള ബോധ്യം അഭിവന്ദ്യ തിരുമേനിക്കു ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ ഏവയെല്ലാമെന്നു സദയം പ്രസ്താവിക്കുമോ?

ഉ: നിരവധി കാരണങ്ങളാണ് താദൃശബോദ്ധ്യത്തിനു എനിക്കു പ്രേരകമായിത്തീർന്നിട്ടുള്ളത്. യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ച തന്റെ മതത്തിന്റെ—അതെ, ചരിത്രപരമായ ക്രിസ്തുമതത്തിന്റെ—യഥാർത്ഥവും പരിപൂർണ്ണവുമായ മൂർത്തീകരണം കത്തോലിക്കാസഭ മാത്രമാണ്. മനുഷ്യസമുദായത്തിന്റെ അസ്ഥിവാരത്തെപ്പോലും ഇളക്കുന്നതിനുവേണ്ടി നിരവധി ശക്തികൾ ഇന്നത്തെ ലോകത്തിൽ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈദൃശ നശീകരണശക്തികളുടെ വേലിയേററത്തെ ധൈര്യപൂർവ്വകമായും വിജയപ്രദമായും ഇതഃപര്യന്തം അഭിമുഖീകരിച്ചിട്ടുള്ളതും, ഇനിയും എക്കാലവും ശക്തിയുക്തം എതിരിടേണ്ടതും കത്തോലിക്കാസഭമാത്രമാണെന്നുള്ള ദൃഢമായ ബോദ്ധ്യമാണ് സുദീർഘകാലത്തെ പഠനത്തിന്റെയും നിരീക്ഷണത്തിന്റെയും ഫലമായി എനിക്കു ഉണ്ടായിട്ടുള്ളത്.

ചോ:— ഈ വിഷയത്തെപ്പററി കൂടുതൽ വിശദീകരണം നൽകുന്നതിനു തിരുമേനിക്കു ദയവുണ്ടാകുമോ?

ഉ:— കത്തോലിക്കാസഭയുടെ ഉത്ഭവവും സുദീർഘകാലത്തെ ചരിത്രവും, മനുഷ്യസമുദായത്തിൽ പൊതുവെയും ആധുനികകാലത്തെയും പുരാതനകാലത്തെയും വിശുദ്ധന്മാരിൽ പ്രത്യേകമായും അനുനിർവ്വഹിച്ചിട്ടുള്ള സേവനങ്ങളും പുറപ്പെടുവിച്ചിട്ടുള്ള മഹനീയഫലങ്ങളും ശരിക്കു പഠിച്ചുഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് മേൽപ്രസ്താവിച്ച നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നത്. ക്രിസ്തുവിന്റെ സജീവശരീരമാണു സഭ എന്നുള്ള വിശ്വാസം സത്യമാണെന്നു എല്ലാ നിലകളിലും പ്രായോഗികമായി കാണിച്ചുകൊടുക്കുന്നതു കത്തോലിക്കാസഭ മാത്രമാണ്. ദൈവം മനുഷ്യനായി അവതരിച്ചതിന്റെ ഉദ്ദേശം—അതെ, വ്യക്തികളുടേയും സമൂഹത്തിന്റെയും ആത്മരക്ഷ എന്ന ഏകോദ്ദേശം—ലോകത്തിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതും ആ സഭമാത്രമാണ്. ഭൂമിയിൽ ക്രിസ്തുവിന്റെ മൗതികശരീരം കത്തോലിക്കാസഭമാത്രമാണ്. യേശുക്രിസ്തു മാർഗ്ഗവും, സത്യവും, ജീവനും ആണെന്നുള്ള പരമസത്യം സഭയിൽക്കൂടെ മാത്രമേ മനുഷ്യർക്കു ഗ്രഹിക്കുവാൻ സാധിക്കുന്നുള്ളു. കാരണം, മനുഷ്യകുലത്തിനു നേർവഴി കാണിച്ചുകൊടുക്കുകയും, യഥാർത്ഥസത്യം അവരെ പഠിപ്പിക്കുകയും, നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിന്റെ ജീവൻ അവർക്കു നൽകുകയും ചെയ്യുന്നതു കത്തോലിക്കാസഭയാണെന്നുള്ളതത്രേ. നമ്മുടെ രക്ഷകനായ ക്രിസ്തുനാഥൻ ലോകത്തിൽ തന്റെ സഭയെ സ്ഥാപിച്ചതിന്റെ ഉദ്ദേശം ശരിക്കു നിർവ്വഹിക്കുന്നതിനു അകത്തോലിക്കാ സഭാവിഭാഗങ്ങൾ അപ്രാപ്തവും അപര്യാപ്തവും (Inefficient and insufficient) ആണെന്നു എനിക്കു സുദൃഢം ബോധ്യപ്പെട്ടു. ഇന്നത്തെ ലോകത്തിൽ രാഷ്ട്രീയവും വർഗ്ഗീയവും സാമ്പത്തികവുമായ നിരവധി സംഘടനകൾ ഉണ്ടെങ്കിലും അവയെല്ലാം അതീതമായ ഒരു നില അവലംബിച്ചുകൊണ്ടു മനുഷ്യകുലത്തെ ഏകീഭവിപ്പിക്കുന്നതിനും, ശാശ്വതമായ സമാധാനം അവരിൽ കൈവരുത്തുന്നതിനും, ദൈവികാനുഗ്രഹങ്ങൾ അവരുടെമേൽ സമൃദ്ധിയായി വർഷിക്കുന്നതിനും പ്രാപ്തിയും ശക്തിയുമുള്ള ഒരൊററസംഘടനയെ മാത്രമേ കണ്ടെത്തുവാൻ എനിക്കു സാധിച്ചുള്ളു. അതത്രേ കത്തോലിക്കാസഭ. ലോകത്തിൽ മനുഷ്യരാശിയുടെ അഭംഗുരമായ നിലനില്പിനും അനുസ്യൂതമായ പുരോഗതിക്കുംവേണ്ടി ഭാവിയിൽ പരിശ്രമിക്കേണ്ട ഏക ശക്തികേന്ദ്രവും കത്തോലിക്കാസഭയാണെന്നു എന്നെപ്പോലെയുള്ള സൂക്ഷ്മനിരീക്ഷകർക്കു ബോധ്യപ്പെടുന്നതാണ്.

ചോ: കത്തോലിക്കാസഭയുടെ വിശേഷതകളിൽ വന്ദ്യതിരുമേനിയെ ഇനിയും കാര്യമായി സ്പർശിച്ചിട്ടുള്ളവ ഏവയെല്ലാമാണ്?

ഉ: അധികാരത്തിന്റെയും അനുസരണത്തിന്റെയും, സ്വകീയവ്യാഖ്യാനത്തിന്റെയും അപ്രമാദിതാസ്വരത്തിന്റെയും, വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സാമൂഹികകടമകളുടേയും മദ്ധ്യേ നിലകൊണ്ടു അവയ്ക്കു ഓരോന്നിനുമുള്ള യഥാർത്ഥസ്ഥാനം എന്താണെന്നു ലോകത്തെ പഠിപ്പിക്കുകയും ഗ്രഹിപ്പിക്കുകയും ചെയ്യുന്നതു കത്തോലിക്കാസഭയത്രേ. സമൂഹത്തിന്റെ ഘടകം എന്ന നിലയിൽ കുടുംബത്തിനു ന്യായമായ സ്ഥാനം നൽകുന്നതും, ശാസ്ത്രീയപുരോഗതിക്കും സംസ്കാരാഭിവൃദ്ധിക്കുംവേണ്ടി സുസംഘടിതമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ ഉദ്ബോധിപ്പിക്കുന്നതും കത്തോലിക്കാസഭ മാത്രമാണ്.


ചോ: യാക്കോബായസഭയെ ഉപേക്ഷിക്കുന്നതിനും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനും വന്ദ്യതിരുമേനിയെ അവസാനമായി പ്രേരിപ്പിച്ച കാരണം എന്തായിരുന്നു?

ഉ: ശീശ്മസഭയുടെ അംഗമായി ജീവിക്കുന്നതു പാപമാണെന്നുള്ള ബോധ്യംനിമിത്തമാണ് യാക്കോബായസഭയെ ഉപേക്ഷിച്ച് ഞാൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു. ക്രൈസ്തവസഭയുടെ ഐക്യബന്ധത്തിൽനിന്നും പ്രഥമശതകങ്ങളിൽ തന്നെ ഭിന്നിക്കുന്നതിനുള്ള നിർഭാഗ്യം സിദ്ധിച്ച ശീശ്മസഭകളിൽ ഒന്നാണ് യാക്കോബായസഭ. ശീശ്മയെപ്പററിയുള്ള കത്തോലിക്കാസഭാപഠനം സത്യമാണെന്നുള്ള ബോധ്യം എനിക്കു ഉണ്ടായിക്കഴിഞ്ഞപ്പോൾ യാക്കോബായസഭയെ ഉപേക്ഷിക്കുന്നതിനു എന്റെ മനസ്സാക്ഷി എന്നെ ഭേമിച്ചു. ഇതുനിമിത്തം നിരവധി വൈഷമ്യങ്ങൾ തരണംചെയ്യേണ്ടിവരുമെന്നും എനിക്കു അറിയാമായിരുന്നു. ലോകത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസസ്ഥാനം കത്തോലിക്കാസഭമാത്രമായതുകൊണ്ടു ശീശ്മയിൽജീവിക്കുന്നതു ഭയങ്കരപാപമാണെന്നുള്ള ബോധ്യം എന്റെ മനസ്സിൽ പ്രതിദിനം ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. ദൈവാനുഗ്രഹത്തിന്റെ ശക്തിമത്തായ പ്രവർത്തനംമൂലം എന്റെ മനസ്സാക്ഷിയുടെ പ്രേരണക്കു ഞാൻ വശംവദനായിത്തീരുകയും അങ്ങിനെ പടിപടിയായി കത്തോലിക്കാസഭയെ സമീപിച്ച് അവസാനം പ്രസ്തുതസഭയെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിക്കുകയുംചെയ്തു.

ചോ: വന്ദ്യതിരുമേനിയെ അനുഗമിച്ച് ഇതിനകം എത്ര ആളുകൾ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ട്?

ഉ: തിരുവല്ലാമെത്രാനും എന്റെ സഹോദരനുമായ മാർ തിയോഫിലോസും, യാക്കോബായസഭയിലെ നിയുക്തമെത്രാന്മാരായിരുന്ന രണ്ടു റമ്പാന്മാരും, ഞാൻ സ്ഥാപിച്ച ക്രിസ്താനുകരണ

---



ബ. അൽഫോൻസായുടെ സഹായത്താലും വി. യൂദാ തദേവൂസിന്റെ മാദ്ധ്യസ്ഥതാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പള്ളിക്കുന്നേൽ വക്കി പൈലി, മുതലക്കോടം

---

സഹോദരസമൂഹത്തിലെ 24 അംഗങ്ങളിൽ 19 പേരും, സഹോദരീസമൂഹത്തിൽ ആകെ ഉണ്ടായിരുന്ന 13 അംഗങ്ങളും, ഇവർക്കു പുറമെ ഒട്ടനേകം അൽമേനികളും എന്നെ അനുഗമിച്ചു ഇതിനകം കത്തോലിക്കാസഭാപുനരൈക്യം പ്രാപിച്ചിട്ടുണ്ട്.

തങ്ങളെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു 32 യാക്കോബായവൈദികന്മാരുടെ അപേക്ഷകൾ എനിക്കു ലഭിച്ചിട്ടുണ്ട്. കത്തോലിക്കാസഭാംഗങ്ങളാകുവാൻ നിരവധി വൈദികരും അൽമേനികളും ഇനിയും സന്നദ്ധരാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു."

തുടർന്നു പുനരൈക്യപ്രസ്ഥാനപുരോഗതിക്കു ആവശ്യകമായ കാര്യങ്ങളെപ്പററിയുള്ള ചോദ്യോത്തരങ്ങളായിരുന്നു നടന്നത്. ആകയാൽ അവയെല്ലാം ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു. യാക്കോബായസഭയിൽ ഏതുകൊണ്ടും ഉന്നതനിലയിൽ എത്തിയിരുന്ന പണ്ഡിതവരേണ്യനായ മാർ ഈവാനിയോസ് തിരുമേനിക്കു കത്തോലിക്കാസഭാപുനരൈക്യത്തിനു പ്രേരകമായിത്തീർന്ന കാരണങ്ങൾ ഇന്നത്തെ യാക്കോബായ സഭയുടെ നിലനില്പിനും, സമാധാനത്തിനും, അഭിവൃദ്ധിക്കുംവേണ്ടി പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന വന്ദ്യതിരുമേനിമാരുടേയും, വൈദികന്മാരുടേയും, അൽമേനിപ്രമുഖന്മാരുടേയും ഗാഢമായ ചിന്തക്കു വിഷയീഭവിക്കുമെന്നുള്ള പ്രതീക്ഷയോടെവിരമിച്ചുകൊള്ളുന്നു.

—o—

# മരിയവത്സരമഞ്ജരി

## സൂനം 12

അൽബേനിയായിൽ സ്കട്ടാറി എന്ന സ്ഥലത്തു അനേക ശതാബ്ദങ്ങൾ പഴക്കമുള്ള ഒരു മാതൃസ്വരൂപം വണങ്ങപ്പെട്ടുപോന്നു. "സൽബുദ്ധിയുടെ മാതാവു്" എന്ന അഭിധാനത്തിലാണു് അതറിയപ്പെട്ടിരുന്നതു്. 1467-ൽ തുൎക്കികൾ ആ സ്ഥലം ആക്രമിച്ചു. പക്ഷെ, അതിനു മുമ്പായി ഈ അത്ഭുതസ്വരൂപം ആ സ്ഥലത്തുനിന്നു മാലാഖമാരാൽ ഇററലിയിലുള്ള ജെനസാദക്കാ എന്ന സ്ഥലത്തേക്കു സംവഹിക്കപ്പെട്ടു എന്നാണു് പാരമ്പര്യം. അവിടെയുള്ള അഗസ്റ്റീനിയൻസന്യാസികളുടെ ദേവാലയത്തിൽ അതു സൂക്ഷിക്കപ്പെടുന്നു. പ്രതിവർഷം അനേകായിരം തീൎത്ഥകർ ഈ തിരുസ്വരൂപത്തെ വണങ്ങുന്നതിനായി അവിടെ ഓടിക്കൂടുന്നുണ്ടു്. 1903-ൽ 13-ാം ലെയോ മാർപ്പാപ്പാ "സൽബുദ്ധിയുടെ മാതാവി"ന്റെ സ്തുതിക്കായി ഒരു തിരുനാൾ കല്പിച്ചു നിശ്ചയിക്കുകയും അതിപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഏപ്രിൽ 26-ാം തീയതി ആചരിക്കപ്പെടുകയും ചെയ്യുന്നു.



### സൽബുദ്ധി

ആധുനികലോകം അത്യഗാധമായ ആശയക്കുഴപ്പങ്ങളിൽ ആണ്ടുപോയിരിക്കയാണെന്നുള്ളതു ഒരു പച്ചപ്പരമാൎത്ഥം മാത്രമാണു്. മതപരമായ കാൎയ്യങ്ങളിൽ മാത്രമല്ല സാമൂഹികവും രാഷ്ട്രീയവുമായ കാൎയ്യങ്ങളിലും ഇതു അനുഭവവേദ്യമാണു്. അതുകൊണ്ടു ഈ അന്ധകാരാവൃതമായ ഗൎത്തത്തിൽനിന്നു മനുഷ്യൻ സമാധാനത്തിന്റെയും നിത്യരക്ഷയുടേയും മാൎഗ്ഗത്തിലേക്കു ആനയിക്കപ്പെടണമെങ്കിൽ, സൽബുദ്ധിയുടെ പ്രകാശനം അവനു ലഭിക്കണമെങ്കിൽ ദിവ്യമായ പ്രകാശകിരണകന്ദളങ്ങൾ അവന്റെ അന്തരാത്മാവിൽ ചൊരിയപ്പെടേണ്ടിയിരിക്കുന്നു.

ഐസയാസ് ദീർഘദർശി മിശിഹായെപ്പററിപ്പറഞ്ഞിട്ടുള്ളതു്, മഹത്തായ സൽബുദ്ധിയുടെ ദൂതനെന്നാണു്; അതായതു മനുഷ്യരക്ഷയെ സംബന്ധിക്കുന്ന ദൈവാജ്ഞ നിൎവ്വഹിക്കുന്നതിനു അയക്കപ്പെട്ട ദൗത്യനിൎവ്വാഹകൻ എന്നു്. ഈ ദിവ്യദൂതന്റെ മാതൃസ്ഥാനമലങ്കരിക്കുന്ന മറിയത്തിനും തദ്വാരാ സൽബുദ്ധിയെ സംബന്ധിച്ചു അനന്യസാധാരണമായ ഒരു പങ്കുണ്ടാകേണ്ടതു അഭിലഷണീയമായിരിക്കുന്നു. അതാണു് വസ്തുതയും. മിശിഹായുടെ പീഡാനുഭവത്തിലും കുരിശുമരണത്തിലും മറിയം ഇതു വ്യക്തമാക്കുന്നുണ്ടു്. രക്ഷണീയനാടകത്തിൽ അഹംഭാവം വിനയംകൊണ്ടും, അനുസരണയില്ലായ്മ മരണംവരെയുള്ള അനുസരണംകൊണ്ടും, പാപകരമായ സന്തോഷാസ്വാദനങ്ങൾ പീഡാനുഭവംകൊണ്ടും പരിഹരിക്കപ്പെടേണ്ടിയിരുന്നു. അവ വഴിയായി മനുഷ്യൻ അവന്റെ ആസ്തികൃത്തിന്റെ പരമോദാരശ്യവും, പാപങ്ങൾക്കു പരിഹാരപരമായ പ്രായശ്ചിത്തവും ജീവിത വിശുദ്ധീകരണത്തിനുള്ള തീവ്രശ്രമവും ചെയ്യേണ്ടതിന്റെ ആവശ്യകതയും ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ ദിവ്യമായ സൽബുദ്ധി മറിയത്തിൽ പരിപൂൎണ്ണമായി പ്രകാശിച്ചിരുന്നു. മറിയത്തിന്റെ ജീവിതം ഇതിനു തെളിവാണു്. മംഗലവാൎത്തയുടെ അവസരത്തിൽ കാണുന്ന അഗാധമായ എളിമ, ബെത്ലേഹമിലെ ദാരിദ്ര്യത്തിലും ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടത്തിലും പ്രകടമാകുന്ന അനുസരണാബോധം, ശിമയോന്റെ പ്രവചനത്തിലും കാൽവരിയിലെ പരമയജ്ഞത്തിലും നിഴലിക്കുന്ന സഹനമനോഭാവം എന്നിവ ഈ ദിവ്യമായ സൽബുദ്ധിയുടെ പ്രകാശനങ്ങളത്രെ. പിശാചിന്റെ ദുർബുദ്ധിയെ അനുഗമിച്ച ഹൗവായുടെ അധഃപ്പതനത്തെ നിവാരണം ചെയ്യുന്നതിനു രണ്ടാമത്തെ ഹൗവായായ മറിയം ദൈവത്തിന്റെ ദിവ്യദാനമായ സൽബുദ്ധിയെ അനുപദം അനുഗമിക്കുന്നു.

പരിശുദ്ധകന്യകമറിയം മഹത്തായ സൽബുദ്ധിയുടെ ദൂതനായ മിശിഹായെ ഏററവും പൂൎണ്ണമായ വിധത്തിൽ പ്രതിഫലിപ്പിക്കുന്നതുകൊണ്ടു ഈ അമ്മയുടെ സൽബുദ്ധി നമുക്കു ദിവ്യമായ സൽബുദ്ധിയെത്തന്നെയാണു് പ്രദാനം ചെയ്യുന്നതു്. അതുകൊണ്ടു് ക്രിസ്തീയ ജീവിതത്തിനാവശ്യമായ ദൈവഭയവും സ്നേഹവും, സത്യവും, പ്രസാദവരവും, പുണ്യവും, നിലനില്പും, കൎത്താവിന്റെ രക്ഷയും പ്രദാനം ചെയ്യുന്ന മറിയത്തോടു നമുക്കു പ്രാൎത്ഥിക്കാം:-

**സൽബുദ്ധിയുടെ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.**

## സൂനം 13

സൃഷ്ടികൎമ്മത്തെ രണ്ടു വിധത്തിൽ നമുക്കു മനസ്സിലാക്കാവുന്നതാണു്. ഒന്നാമത്തെ സൃഷ്ടിയുടെ ചരിത്രം ഉൽപ്പത്തിപ്പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു; രണ്ടാമത്തേതു വിശുദ്ധ സുവിശേഷങ്ങളിലും. രണ്ടിലും സ്രഷ്ടാവു ഒന്നുതന്നെ: ദൈവം. എന്നാൽ രണ്ടാമത്തേതിൽ മറിയത്തിന്റെ ദിവ്യമാതൃത്വംമൂലം ആ അമ്മ ഏററവും അടുത്ത ഒരു ബന്ധം സ്ഥാപിച്ചിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും ഏകദൈവമായതുകൊണ്ടു് ഒരാളെപ്പററിപ്പറയുന്നതു മൂന്നുപേരെയും സാരാംശത്തിൽ ഉൾക്കൊള്ളുന്നതാണു്. ദൈവവചനമായ പുത്രൻ "ദൈവമഹത്വത്തിന്റെ പ്രകാശവും ദൈവസത്തയുടെ പ്രതിരൂപവു"മാണല്ലോ. ഈ പ്രതിരൂപത്തിൽ ദൈവപിതാവു് ദൈവത്വത്തിന്റെ നിസ്സീമമായ പരിപൂൎണ്ണതയെ ദൎശിക്കുന്നു. സൃഷ്ടിയിൽ പ്രതിഫലിപ്പിക്കാവുന്ന അപരിമിതമായ അനുകരണസാദ്ധ്യതയും അതിൽ ദൈവം ദൎശിക്കുന്നുണ്ടു്. അവിടുത്തേക്കു സൃഷ്ടിക്കാവുന്ന നിരവധിസംഭാവ്യതകളിൽ അവിടുത്തെ ഇഷ്ടാനുസരണം ഒന്നു കാലത്തിന്റെ തികവിൽ യാഥാൎത്ഥ്യം പ്രാപിച്ചിരിക്കുന്നു. "എല്ലാവസ്തുക്കളും അവിടുന്നുവഴി ഉണ്ടായി; അവിടുന്നുവഴിയല്ലാതെ ഉണ്ടാക്കപ്പെട്ട യാതൊന്നും ഉണ്ടായിട്ടുമില്ല." (യോഹ: 1:3) എന്നാൽ ആദ്യസൃഷ്ടിയിൽ പ്രതിഫലിച്ച ദിവ്യക്രമവും ദിവ്യസൗന്ദൎയ്യവും നീണ്ടുനിന്നില്ല. പാപം അതു അലങ്കോലപ്പെടുത്തി. മനുഷ്യൻ അവന്റെ ദൈവപ്രസാദജീവനെ നഷ്ടപ്പെടുത്തി. അവൻ ഭൗമ്യപറുദീസായിൽനിന്നു പുറംതള്ളപ്പെട്ടു. ദൈവശാപം ലോകത്തിൽ നിഴലിച്ചു. എന്നാൽ ദൈവത്തിന്റെ സംവിധാനങ്ങൾ നശിപ്പിക്കപ്പെടുക സാദ്ധ്യമല്ല. ആദ്യത്തെ സൃഷ്ടികൎമ്മം ഏവംവിധം അലങ്കോലപ്പെടുന്നതിനു അവിടുന്നു അനുവദിച്ചെങ്കിൽ, അതിലുപരി മേന്മയേറിയ വേറൊരു സൃഷ്ടിസംവിധാനം നിത്യതയിൽ അവിടുന്നു സജ്ജമാക്കിയിരുന്നു.

### രണ്ടാമത്തെ സൃഷ്ടികർമ്മം

രണ്ടാമത്തെ സൃഷ്ടികൎമ്മത്തിലും സ്രഷ്ടാവു ഒന്നുതന്നെ: ദൈവം. പക്ഷെ ഒരു വ്യത്യാസം: അവിടുന്നു മനുഷ്യാവതാരം സ്വീകരിച്ചു. പ്രവൎത്തനരീതിയും വ്യത്യസ്തമാണു്. മനുഷ്യൻമൂലം ആദ്യസൃഷ്ടിയിൽ സംഭവിച്ച നാശത്തെ മാനുഷികമായ ഉപാധികൾമൂലം പരിഹരിച്ചു രണ്ടാമത്തെ സൃഷ്ടികൎമ്മം പൂൎത്തിയാക്കുന്നതിനാണു് ദൈവം നിശ്ചയിച്ചതു്. തന്മൂലം മറിയത്തിൽനിന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു പരിപൂൎണ്ണമനുഷ്യനാകുന്നതിനും ദൈവമാതൃത്വംവഴി മറിയത്തെ ഈ മഹനീയകൎമ്മത്തിൽ ഭാഗഭാക്കാക്കുന്നതിനും അവിടുന്നു തിരുവുള്ളമായി. ഇതെല്ലാം അപരിമേയമായ ദൈവജ്ഞാനത്തിന്റെ അത്ഭുതകരങ്ങളായ രഹസ്യങ്ങളാണു്.

ഈ സൃഷ്ടികൎമ്മം ദൈവമാതാവാകാനുള്ള മറിയത്തിൽ മനുഷ്യസ്വഭാവത്തെ അതിന്റെ ഔന്നത്യത്തിലേക്കുന്നമിപ്പിച്ചുകൊണ്ടാണു് സമാരംഭിക്കുന്നതു്. ദൈവം രണ്ടാമതും "ഉണ്ടാകട്ടെ" എന്ന അത്ഭുതവാക്കുരുവിടുന്നു. പാപലേശമേശാത്ത മനോഹരിയായ മറിയം സൎവ്വശ്രേഷ്ഠപ്രസാദപരിപൂൎണ്ണയായി പ്രാവിർഭവിക്കുന്നു. അതേ ദൈവവാക്കിന്റെ ശക്തിയാൽ പരിശുദ്ധാരൂപിയുടെ ആവാസഫലമായി കന്യകയുടെ ഉദരത്തിൽ നിഷ്കളങ്കമായ മനുഷ്യസ്വഭാവം ദൈവവചനത്തിനുവേണ്ടി സജ്ജീകൃതമാകുന്നു. രക്ഷകനെ കന്യാത്വഭംഗം കൂടാതെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യുന്നു. ദൈവനീതിയിലും പുണ്യപരിപാകതയിലും പുതിയ സൃഷ്ടികൎമ്മത്തിന്റെ പ്രാരംഭം നിൎവ്വഹിക്കപ്പെട്ടുകഴിഞ്ഞു.

പരിശുദ്ധ കന്യകമറിയത്തിൽനിന്നു മനുഷ്യനായവതരിച്ച ദൈവവചനം മാനവവംശത്തെ നവീകരിക്കുന്ന ശിരസാണു്. അവിടുന്നു മറിയത്തോടുകൂടിയും മറിയംവഴിയായും ഈ അഭിനവ സൃഷ്ടികൎമ്മം സമാരംഭിച്ചു. മറിയത്തോടുകൂടിയും മറിയംവഴിയായും അവിടുന്നു അതു പുരോഗമിപ്പിക്കുകയും സമാപിക്കുകയും ചെയ്യും. മംഗലവാൎത്തയുടെ അവസരത്തിൽ മറിയം ഉച്ചരിച്ച സമ്മതവാക്യം രണ്ടാമതു സൃഷ്ടിക്കപ്പെടുന്ന പുതിയ ലോകത്തിന്റെ മുഴുവൻ സമ്മതം ഉൾക്കൊള്ളുന്നതാണെന്നും, ആദ്യസൃഷ്ടിയിൽ മനുഷ്യൻ നഷ്ടപ്പെടുത്തിയതെല്ലാം അവൾവഴി ലോകം നേടിയെന്നുമാണു് വിശുദ്ധ തോമാ മല്ലാൻ പ്രസ്താവിക്കുന്നതു്. ഈ രണ്ടാമത്തെ സൃഷ്ടി ചിരന്തനമാണു്. ഒന്നാമത്തെ സൃഷ്ടികൎമ്മത്തെപ്പോലെ അതു നശിപ്പിക്കപ്പെടുവാൻ സാദ്ധ്യമല്ല. അതിന്റെ പരാജയം എപ്പോഴെങ്കിലും സംഭവിക്കുന്നുവെങ്കിൽ അതു വ്യക്തികളുടെ പരാജയം മാത്രമായിരിക്കും. സൃഷ്ടികൎമ്മം പരാജയപ്പെടുകയില്ല. യാതൊരു വ്യക്തിയിലും അതു പരാജയപ്പെടാതിരിക്കാൻ അതിലെ കൎമ്മനായികയായ മറിയത്തെ നോക്കി നമുക്കു പ്രാൎത്ഥിക്കാം:-

**സ്രഷ്ടാവിന്റെ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ**

(11-ാം പേജു് തുടർച്ച)

ങ്ങളിൽ വിദേശങ്ങളിൽനിന്നു് ചൂഷണം ചെയ്തെടുത്ത സഹായങ്ങളിലാണു്. യുദ്ധാനന്തരകാലത്തിന്റെ ആദ്യദശയിൽ ഐക്യരാഷ്ട്രസമിതിയുടെ നേതൃത്വത്തിൽനടത്തപ്പെട്ട പുനരുദ്ധാരണസേവനങ്ങളും (UNRRA) സഹായകമായിരുന്നിട്ടുണ്ടു്. "രാഷ്ട്രീയ ഇറക്കുമതികൾ" എന്ന ഏക ഇനത്തിൽത്തന്നെ റഷ്യക്കു ലഭിച്ചിട്ടുള്ള ആകെത്തുക 20മുതൽ 30വരെ കോടി ഡോളറായിരിക്കണമെന്നാണു് കണക്കാക്കിയിട്ടുള്ളതു്. ഇവയിൽ ഒരംശം ഉപഭോഗസാധനങ്ങളുടെ രൂപത്തിലാണു് ലഭിച്ചിട്ടുള്ളതു്. അതിന്റെ സിംഹഭാഗവും മോസ്കോപട്ടണത്തിനുതന്നെ കൈവരുകയുണ്ടായി. വലിയ കച്ചവടസ്റ്റോറുകൾ സന്ദൎശിക്കുന്നവരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ അതിലൊരുഭാഗം സവിശേഷമായ സാമാനങ്ങൾ സമലങ്കരിച്ചുവച്ചു് മോടിപിടിപ്പിക്കുന്നതുപോലെ, റഷ്യ സന്ദൎശിക്കുന്ന വിദേശികളുടെ പ്രശംസയെ ആൎജ്ജിക്കുവാൻ മോസ്കോപട്ടണത്തെ മോടിപിടിപ്പിച്ചുവയ്ക്കുവാൻ സാധിക്കുന്നതു് ഇക്കാരണത്താലാണു്.





### കമ്മ്യൂണിസ്റ്റ് സാമ്രാജ്യദുഷ്പ്രഭുത്വം

സാമ്രാജ്യദുഷ്പ്രഭുത്വത്തിനു് ലനിൻ നൽകിയ നിൎവ്വചനം യഥാൎത്ഥമാണെങ്കിൽ — അതിന്റെ പ്രധാന ലക്ഷണങ്ങൾ വിദേശങ്ങളിലുള്ള താല്പൎയ്യങ്ങളും, മൂലധനനിക്ഷേപങ്ങളും, വൻകിടയിലുള്ള ആദായങ്ങളും, വിദേശീയ രാഷ്ട്രീയചൂഷണം ചെയ്യുവാൻവേണ്ടി അവയുടെമേൽ ചുമത്തുന്ന രാഷ്ട്രീയനിയന്ത്രണവുമാണെങ്കിൽ—സോവ്യററു് യൂണിയനു് അതിന്റെ ഉപഗ്രഹരാജ്യങ്ങളുമായുള്ള ഈ പുതിയ മാതിരി ബന്ധത്തിനു് ആ നിർവചനം ശരിക്കു പററുന്നുണ്ടു്. "ലോകത്തെ പങ്കിടുക" എന്ന പരിപാടി ലെനിന്റെ പ്രസ്തുത നിർവചനം പ്രത്യക്ഷപ്പെട്ടശേഷം കഴിഞ്ഞ നാല്പതു സംവത്സരങ്ങൾക്കിടയിൽ പാശ്ചാത്യശക്തികളെ സംബന്ധിച്ചിടത്തോളം പിന്നോക്കം പോവുകയാണു ചെയ്തിട്ടുള്ളതു്. പാശ്ചാത്യരാജ്യങ്ങളുടെ സാമ്രാജ്യത്വം അതിന്റെ പിടിയിലിരുന്ന രാജ്യങ്ങളുടെ മുക്കാൽ ഭാഗത്തിലധികവും കൈവിട്ടുകഴിഞ്ഞു; അതേസമയം സോവ്യററു് രാഷ്ട്രം ഇതരരാജ്യങ്ങളെ പിടിയിൽ കൊണ്ടുവന്നു വളരെയധികം വികസിക്കുകയും, ലെനിന്റെ വിവക്ഷയനുസരിച്ചുള്ള സാമ്രാജ്യവളർച്ചയുടെ കേന്ദ്രമായി പരിണമിക്കുകയും ചെയ്തിരിക്കുന്നു.

പാശ്ചാത്യരാജ്യങ്ങളുടേയും സോവ്യററു് രാഷ്ട്രത്തിന്റെയും സാമ്രാജ്യത്വത്തിനുള്ള മൗലികവ്യത്യാസം സാമ്പത്തികമായ സാമ്രാജ്യനിൎമ്മാണത്തിനു് വിനിയോഗിച്ച മാൎഗ്ഗങ്ങളിലാണുള്ളതു്. പാശ്ചാത്യരാഷ്ട്രങ്ങൾ സാമ്പത്തികപ്രവൎത്തനങ്ങളാൽ സാധിച്ചതു് സോവ്യററു റഷ്യ കേവലം സൈനികബലത്താലും രാഷ്ട്രീയശക്തിയാലും സാധിച്ചു. ആദ്യത്തേതു് മയമുള്ള സാമ്രാജ്യത്വം, രണ്ടാമത്തേതു് രാക്ഷസീയസാമ്രാജ്യത്വം!

—o—

## തൃശ്ശൂർ മുൻസിപ്പൽ ചെയർമാൻ



ശ്രീ സി. എം. ജോസഫ് എം. എ. എൽ എൽ. ബി. അവർകൾ

മുൻസിപ്പൽ ചെയർമാനായിരുന്ന ശ്രീ ബാലകൃഷ്ണമാരാർ ദേവസ്വം ബോർഡിലേക്കു് തിരഞ്ഞെടുക്കപ്പെട്ടതിനെ തുടൎന്നു് അദ്ദേഹം ചെയർമാൻസ്ഥാനം രാജിവെച്ച ഒഴിവിലേക്കാണു് ഈ തിരഞ്ഞെടുപ്പു നടന്നതു്. വൎത്തകപ്രമാണിയും പൊതുകാൎയ്യപ്രസക്തനും അഭ്യസ്തവിദ്യനുമായ ശ്രീ സി. എം. ജോസഫിനു് 31 വയസ്സുമാത്രമെ പ്രായമുള്ളു. ഇത്രയും ചെറുപ്പത്തിൽ ഈ മുൻസിപ്പാലിററിയുടെ ചെയർമാൻസ്ഥാനം അലങ്കരിക്കുവാനുള്ള ഭാഗ്യം മററാൎക്കും സിദ്ധിച്ചിട്ടില്ലതന്നെ. തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞാൽ പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒരു മുൻസിപ്പാലിററിയാണിതു്.

## സമാധാന സ്മാരക ദേവാലയം

ഹിരോഷിമായിൽ അണുബോംബിട്ടസ്ഥലത്തു് "സമാധാനസ്മാരക"മായി പണികഴിപ്പിച്ചിട്ടുള്ള ദേവാലയം, ആ സംഭവം നടന്നതിന്റെ ഒമ്പതാംവാൎഷികദിനമായ ആഗസ്റ്റു് 6-ാംതീയതി കൂദാശ ചെയ്യപ്പെടുന്നതാണു്. ഈ സ്മാരകദേവാലയത്തിന്റെ പണിക്കു ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള കത്തോലിക്കരും അകത്തോലിക്കരും സംഭാവനകൾ നൽകിയിട്ടുണ്ടു്. ജപ്പാനിലെ പേപ്പൽ ഇൻറർനുൺഷിയോ മോസ്റ്റ് റവ. ഡോക്ടർ ഫർസ്റ്റൻബെൎഗ്ഗ് തിരുമേനി കൂദാശാകൎമ്മം നിൎവ്വഹിക്കുന്നതും ചക്രവൎത്തിയുടെ സഹോദരൻ പ്രിൻസ് ടക്കമാററ്സ് തദവസരത്തിൽ സന്നിഹിതനായിരിക്കുന്നതുമാണു്.

## വീട്ടപകടങ്ങൾ

(ശിവറാം)

ആ വീട്ടിലാകെ ഇരുൾ വ്യാപിച്ചിരിക്കയാണു്. സമയത്തിനു വല്ലതും കഴിക്കണമെന്നോ കാര്യങ്ങൾ നേരെ നടത്തണമെന്നോ ആർക്കും ചിന്തയില്ലെന്നായിരിക്കുന്നു. വരുന്നവർ വരുന്നവർ കണ്ണുനീരുമ്മി ഏങ്ങലടിച്ചു് ആ വീട്ടിലുള്ളവരോടു് അടുത്തിരുന്നു കരയാൻ തുടങ്ങുന്നു. കോവണിപ്പടിയുടെ ചുവട്ടിലൊരു മൂന്നു ചക്രസൈക്കിൾ കിടക്കുന്നു. അതു് കാണുമ്പോൾ ആ വീട്ടിലെ അമ്മക്കു് ഉറക്കെ കരച്ചിൽവരുന്നു. ആർക്കും അങ്ങനെ വന്നുപോകും. ഇന്നലെവരെ അവരുടെ ഓമനക്കുഞ്ഞു ജീവിച്ചിരുന്നു. ഒരപകടത്തിൽ കുടുങ്ങി ആ കുട്ടി എന്നന്നേക്കുമായി അവരെ പിരിഞ്ഞുപോയിരിക്കുന്നു. മാളികമുകളിലെ കട്ടിലിൽ ഉറങ്ങിക്കിടന്നിരുന്ന കുട്ടിയെ തനിയെ കിടത്തിയിട്ടു് അമ്മ അടുക്കളയിൽ പണിക്കുപോന്നു. കുട്ടി ഉറക്കത്തിൽ നിന്നും ഉണർന്നു. അവനമ്മയെ വിളിച്ചുകൊണ്ടു് ഉറക്കപ്പിച്ചോടെ എഴുന്നേററുപോന്നു. കോവണിപ്പടിയിറങ്ങുമ്പോൾ കാൽ വഴുതി. കുട്ടി കരണംമറിഞ്ഞു പടികളിൽക്കൂടി ഉരുണ്ടുരുണ്ടു് താഴെ ചങ്കടിച്ചുവീണു. ആ കുഞ്ഞു് അന്നുതന്നെ ആ വീട്ടിൽനിന്നും പിരിഞ്ഞു. അങ്ങനെ ഒരപകടം ആ വീട്ടിലുള്ളവരെ സന്താപത്തിലേക്കു് ആഴ്ത്തിയിരിക്കയാണു്. അവർ കണ്ണുനീരിൽകുളിച്ചുകിടന്നുരുളുകയാണു്.

നമ്മുടെ ചുററുപാടും എന്നും നടക്കുന്ന അപകടങ്ങളെത്രയാണു്. ഹൃദയമുള്ളവർക്കു് ഇതു കണ്ടുകൊണ്ടിരിക്കാൻ ധൈര്യമുണ്ടാവില്ല. കടയിൽ സമാനംവാങ്ങാൻ പോയ രണ്ടു പെൺകുട്ടികൾ ഒരു ബസ്സു വരുന്നതുകണ്ടു് റോഡരികിലേക്കു് ഒതുങ്ങിനിന്നതാണു്. നിർഭാഗ്യമെന്നേ പറയേണ്ടു, ഓടുന്ന വണ്ടിയുടെ ഒരു ചക്രം തെറിച്ചുവീണതു് ആ കുട്ടികളുടെ ദേഹത്തായിരുന്നു. ആശുപത്രിയിലുടൻ കൊണ്ടുപോയെങ്കിലും മൂത്തകുട്ടി ഉടനെ മരിച്ചുപോയി. ഇളയകുട്ടി ഇന്നും ആശുപത്രിയിൽ കിടക്കുന്നു.

പാമ്പാടിയിൽ ഈയിടെയുണ്ടായ ബസ്സപകടം ഹൃദയംഭേദിക്കുന്ന ഒരു ഭയങ്കരസംഭവമാണു്. പത്രങ്ങൾ മുഖപ്രസംഗങ്ങൾപോലും അതെക്കുറിച്ചു് എഴുതിക്കഴിഞ്ഞു.


തെങ്ങിൽനിന്നും വീണു് നട്ടെല്ലൊടിഞ്ഞും, മണ്ണിടിഞ്ഞു അതിനടിൽ കുടുങ്ങി മരിക്കാറായും ആശുപത്രിയെ ഈയിടെ ശരണം പ്രാപിച്ച രണ്ടു പേരെക്കുറിച്ചു് എല്ലാവരും പത്രത്തിൽ വായിച്ചിരിക്കും.

ഒരു ശീലക്കുട ഒരു കുടുംബത്തിലുള്ള എട്ടംഗങ്ങളെ ഒരുമിച്ചു അപകടത്തിലാഴ്ത്തിയ ഒരു സംഭവവും പത്രത്തിൽ വായിച്ചിരിക്കും. ദേവാലയത്തിലേക്കു് ഒരു കാളവണ്ടിയിൽ സഞ്ചരിച്ചിരുന്ന 8 പേർക്കാണപകടം പററിയതു്. വഴിയെപോയ ഒരാൾ ഒരു ശീലക്കുട നിവർത്തിക്കാണിച്ചു് വണ്ടിക്കാളകളെ ഭയപ്പെടുത്തി. കാളകൾ വണ്ടിക്കാരന്റെ നിയന്ത്രണംവിട്ടു് വെഹിളിപിടിച്ചുപാഞ്ഞു് അടുത്തുള്ള കുഴിയിൽ വണ്ടി മറിയുകയാണുണ്ടായതു്. അതിന്റെ ഫലമായി ആ കുടുംബാംഗങ്ങൾ മുറിവുപററി അംഗഭംഗം നേരിട്ടു് വേദന തിന്നേണ്ടി വന്നു.

നാൾക്കുനാൾ അപകടത്തിൽ ചാടി അനാവശ്യവേദനകൾക്കും നഷ്ടത്തിനും മരണത്തിനും ഇടവരുത്തുന്നവരുടെ സംഖ്യകൂടിതന്നെ വരുന്നു. ഈ പോക്കു് തടയേണ്ടിയിരിക്കുന്നു. മനുഷ്യസ്നേഹമുള്ളവർ—മനുഷ്യജീവിതത്തിന്റെ വില ശരിക്കറിവുള്ളവർ—അപകടങ്ങൾ തടയുന്നതിനു് വേണ്ട നടപടികൾ ഉടൻ എടുക്കേണ്ടതാണു്. സർക്കാരിന്റെ ദൃഷ്ടിയും ഈ വിഷയത്തിൽ പതിഞ്ഞുകാണാൻ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ടാവും.

പൊതുജനാരോഗ്യം, കൃഷിവികസനം ഇവയ്ക്കൊക്കെ ഗവർമെൻറു് ശ്രദ്ധിക്കുന്നുണ്ടു്. അതുപോലെതന്നെ അപകടങ്ങളെ ഇല്ലാതാക്കുന്നതിനും വേണ്ടത്ര പ്രചരണങ്ങൾ ഗവർമെൻറു് പൊതുജനങ്ങളുടെ സഹകരണത്തോടെ ചെയ്തുതുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇന്നു സത്യദീപം വായിക്കുന്നവർക്കു മാത്രമാണു് വീട്ടപകടങ്ങളെക്കുറിച്ചെങ്കിലും ഒരു ബോധം ഉണ്ടായിരിക്കുന്നതു്. അതുകൊണ്ടു് ഒരുവിഭാഗം ജനങ്ങൾക്കു മാത്രമേ ഗുണമുണ്ടാകുന്നുള്ളു. എല്ലാ ജനങ്ങൾക്കും സ്വയരക്ഷയെ സംബന്ധിച്ചു് ശരിയായ ബോധം ഉണ്ടാകണം. അങ്ങനെ വരുമ്പോൾ ഇന്നുണ്ടാകുന്ന അപകടങ്ങളും അനാവശ്യമായ കഷ്ടനഷ്ടങ്ങളും വളരെയേറെ ലഘൂകരിക്കാൻ കഴിയുന്നതാണു്.

നമുക്കു് പൗരബോധമുണ്ടായിരിക്കേണ്ടതുപോലെതന്നെ രക്ഷാബോധവും ഉണ്ടായിരിക്കണം. എന്നാലേ ജീവിതം മഹത്തായും സുന്ദരമായും അനുഭവപ്പെടുകയുള്ളു.



അവനമ്മയെ വിളിച്ചുകൊണ്ടു് ഉറക്കപ്പിച്ചോടെ എഴുന്നേററുപോന്നു.

വിമർശനവീഥി

# സോവ്യററു സാമ്രാജ്യത്തിലെ ചൂഷണസമ്പ്രദായങ്ങൾ

പുതിയ സോവ്യററുസാമ്രാജ്യത്തിലെ കൊളോണിയൽ രാജ്യങ്ങളിൽനിന്നു്, പ്രത്യേകിച്ചും കിഴക്കെ യൂറോപ്പിൽ കഴിഞ്ഞ മഹായുദ്ധത്തിനുശേഷം ആയുധശക്തിയാൽ കൊളോണിയൽരാജ്യങ്ങളായി കീഴിൽ വച്ചിരിക്കുന്ന പ്രദേശങ്ങളിൽനിന്നു്, സോവ്യററു് യൂണിയൻ ഗവമ്മെൻറു് ചൂഷണംചെയ്തു് എടുത്തിരിക്കുന്ന ഭീമങ്ങളായ തുകകളുടെ ഏകദേശമായ ഒരു വിവരണവും ചൂഷണത്തിന്റെ ചില ഇനങ്ങളും കഴിഞ്ഞ ലേഖനങ്ങളിൽ നൽകിയിരുന്നല്ലോ. വേറെയും ചില ഇനങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്.

### 4. രാഷ്ട്രീയ ഇറക്കുമതികൾ

അശേഷം വിലകൊടുക്കാതെയോ, നിസ്സാരമായ വിലമാത്രം കൊടുത്തോ സമ്പാദിക്കുന്ന വകകൾക്കുള്ള പുതിയൊരു പേരാണിതു്. അധീനരാജ്യങ്ങളിൽനിന്നു് സോവ്യററുഗവമ്മെൻറു് ഈ ഇനത്തിൽ എടുത്തിട്ടുള്ള വകകളുടെ വില അമേരിക്കയിലെ യാഥാസ്ഥിതികരായ സാമ്പത്തികശാസ്ത്രജ്ഞന്മാർ 1947-ലേക്കു് കണക്കാക്കിയതു് 1,200,000,000 ഡോളർ എന്നാണു്. ജമ്മൻസാമ്പത്തികശാസ്ത്രജ്ഞന്മാരാകട്ടെ, ഒരുപക്ഷെ അതിവർണ്ണനം ചെയ്തിട്ടായിരിക്കാം, അതിനേക്കാൾ മികച്ച തുകയാണു് കണക്കാക്കിയിട്ടുള്ളതു്. യുദ്ധത്തിനുശേഷം മൂന്നു കൊല്ലങ്ങളിൽ ജമ്മനി സോവ്യററുയൂണിയനു് അടച്ചുതീർത്ത തുക പ്രതിവർഷം 10,000,000,000 ഡോളറോ, 3,000,000,000 ഡോളറിൽ കവിഞ്ഞതോ ആണെന്നു് ഒരു സെനററർ (Harmssan of Bremen) കണക്കാക്കിയിരിക്കുന്നു. ജമ്മനിയിലെ സോഷ്യൽ ഡെമോക്രാററിക് പാർട്ടി 1950-ൽ പ്രസിദ്ധീകരിച്ച വിശദമായ മെമ്മോറാണ്ഡത്തിൽ ഇതിലും കൂടിയ തുകയാണു് ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. കൊള്ളദ്രവ്യങ്ങൾക്കു് 2,000,000,000 ഡോളറും, ജമ്മൻ വ്യവസായയന്ത്രസജ്ജീകരണങ്ങൾ പൊളിച്ചെടുത്തുകൊണ്ടുപോയവയ്ക്കു് 4,000,000,000 ഡോളറും, മററു പല വകകൾക്കു് 10,000,000,000 ഡോളറും വിലവരുമെന്നാണു് ആ രേഖയിലെ കണക്കു്.

### 5. കറൻസിവ്യത്യാസം

റഷ്യയും അവളുടെ ഉപഗ്രഹങ്ങളായ രാജ്യങ്ങളും തമ്മിലുള്ള പുതിയ വ്യാപാരയുടമ്പടികളിൽ അമേരിക്കൻ ഡോളറാണു് അഭേദ്യകറൻസിയായി സമാനന്യേന നിശ്ചയിച്ചിട്ടുള്ളതു്. ആ രാജ്യങ്ങളിലെ വിലകൂടുതലുള്ള കറൻസികൾ ഡോളറുകളായി കണക്കുകൂട്ടുന്നതിൽ പല ചെപ്പടിവിദ്യകൾക്കും ധാരാളം അവസരങ്ങളുണ്ടായിട്ടുണ്ടു്. ഉദാഹരണമായി, ഹംഗറിയിൽ ഒരു ഡോളറിന്റെ വില ചിലപ്പോൾ 11·60 ഫില്ലറും (Filler), മററു ചിലപ്പോൾ 25·00 ഫില്ലറും ആയിരുന്നിട്ടുണ്ടു്. ഭിന്നമായ രണ്ടു വിലകളിൽ കൂടുതൽ ആദായകരമായതു സ്വീകരിക്കുവാൻ ബലംകൂടിയ കക്ഷിക്കു് വല്ല പ്രയാസവുമുണ്ടോ?

### 6. ലാഭവിലയ്ക്കുവില്പന

എം. വി. ടി. (രഹസ്യപ്പോലീസ്സു്) അധികാരികൾ ചിലപ്പോൾ ഉപഗ്രഹരാജ്യങ്ങളിൽനിന്നു് താണവിലയ്ക്കു സാധനങ്ങൾ വാങ്ങുകയും, മറെറാരു രാജ്യത്തു കൂടിയവിലയ്ക്കു അവയെ വില്ക്കുകയും ചെയ്തിരുന്നു. ജമ്മനിയിലെ ഫെർട്ടിലൈസറുകൾ ഫിൻലണ്ടിലും, പോളൻറിലെ കല്ക്കരി സ്വീഡനിലും, മോസ്കോ വിററതു് ഈ സമ്പ്രദായമനുസരിച്ചാണു്. റുമേനിയായിലെ എണ്ണയും മോസ്കോയിലെ എം. വി. ടി. അധികാരികൾ ഇടപെട്ടു് മററു ഉപഗ്രഹരാജ്യങ്ങളിൽ ഇങ്ങനെ വില്ക്കുകയുണ്ടായി. ഈ വ്യാപാരസമ്പ്രദായത്തിന്റെ ഏററവും പ്രസിദ്ധമായ ഉദാഹരണം ബൾഗേറിയായിലെ നാകശേഖരം ചെക്കോസ്ലോവാക്കിയായിൽ വിററതാകുന്നു. അതു് ടൺ ഒന്നിനു് 144 ഡോളർ വിലയ്ക്കു് നേരിട്ടുവില്ക്കുവാൻ ബൾഗേറിയ ശ്രമങ്ങൾ നടത്തി. അപ്പോൾ മോസ്കോ ഇടയ്ക്കുകയറി അവരിൽനിന്നു അതു് കുറഞ്ഞവിലയ്ക്കു വാങ്ങി കൂടിയവിലയ്ക്കു വിററു. ഈ കച്ചവടങ്ങളിൽ മദ്ധ്യവർത്തിയായി നിന്ന മോസ്കോയ്ക്കു് വളരെ വലിയ ആദായം ലഭിച്ചെന്നു പറയണമെന്നില്ലല്ലോ. 1948 ഒക്ടോബറിൽ ടർക്കിയിൽ വില്ക്കുവാൻ വേണ്ടി ബൾഗേറിയാ 2 കപ്പൽ നിറയെ മരങ്ങൾ റുമേനിയായിൽനിന്നു വാങ്ങി. ഒരു സോവ്യററു് കാവൽക്കപ്പൽ ബൾഗേറിയൻ കപ്പലിനെ ബ്ളാക്കു്സീയിൽ തടഞ്ഞുനിർത്തി, ബൾഗേറിയൻ തുറമുഖത്തിലേക്കു തിരിച്ചു പോകുവാൻ ആജ്ഞനൽകി. ആ മരങ്ങൾ തങ്ങൾക്കു വിലയ്ക്കു കൊടുക്കണമെന്നു് സോവ്യററു പ്രതിനിധികൾ ആവശ്യപ്പെടുകയും തദനന്തരം അവർ അവയെ കൂടിയവിലയ്ക്കു് ലോകവിപണിയിൽ വില്ക്കുകയുംചെയ്തു.

### 7. പുതുതായി ചെയ്ത വ്യാപാര ഉടമ്പടികൾ

സോവ്യററു് ഭാഗത്തേക്കു് അനുകൂലങ്ങളും ഉപഗ്രഹരാജ്യങ്ങൾക്കു് അനുകൂലങ്ങളല്ലാത്തവയുമായിരുന്നു ഈ ഉടമ്പടികൾ. അവയുടെ ശരിയായ സ്വഭാവം പ്രകാശിപ്പിക്കാൻ ചില ഉദാഹരണങ്ങൾ പറയാം. പോളൻറു് റഷ്യയ്ക്കു കല്ക്കരിവില്ക്കുകയും പകരം അവളിൽനിന്നു പഞ്ഞിവാങ്ങുകയും ചെയ്തിരുന്നു. ഈ വ്യാപാരങ്ങളിൽ ലോകവിപണികളിലേക്കാൾ കുറഞ്ഞവില കല്ക്കരിക്കും, കൂടിയവില പഞ്ഞിക്കും വച്ചിരുന്നു. 1948-ൽ ലോകവിപണിയിൽ കല്ക്കരിയുടെ വില ടൺ ഒന്നിനു് 14 നും 20 നും മദ്ധ്യേ ഡോളറായിരുന്നപ്പോൾ, ടണ്ണിനു് 1·20 ഡോളർ വിലവച്ചു് 600,000 ടൺ കല്ക്കരി പോളൻറു് സോവ്യററുയൂണിയനു വിററു. അങ്ങനെ ആ ഒരു വ്യാപാരത്തിൽത്തന്നെ സോവ്യററുയൂണിയനു് 10,000,000 ഡോളർ ആദായംലഭിച്ചു. ബൾഗേറിയായിലെ റോസു്ഓയിൽ മോസ്കോ വാങ്ങിച്ചു് 1,000 ശതമാനം ആദായത്തിനു വില്ക്കുകയുണ്ടായി. വിമാനയാത്രയ്ക്കുള്ള എണ്ണ റുമേനിയാ റഷ്യക്കു വിററതു് ഗ്യാലൺ ഒന്നിനു് 7 സെൻറു് വിലവച്ചാണു്. നേരെമറിച്ചു് ഇടത്തരം സിസു് (zis) ട്രക്കുകൾ ഒന്നിനു് 2,900 ഡോളർ വിലകൊടുത്താണു് റുമേനിയാ സോവ്യററുകാരിൽനിന്നു വാങ്ങിയതു്. മഞ്ചൂറിയായിലും ചൈനായിലുംനിന്നു് അനേകം തീവണ്ടികൾ നിറയെ പയറുവർഗ്ഗങ്ങൾ, തകരം മുതലായവ ഇടതടവില്ലാതെ റഷ്യയിലേക്കു കൊണ്ടുപോയിരുന്നു. റഷ്യയിൽനിന്നാകട്ടെ ഏതാനും മോട്ടോർ വാഹനങ്ങളും, വീഞ്ഞു ചോക്കലേററും കയററിയ ചെറുവണ്ടികളും മാത്രമേ ആ രാജ്യങ്ങളിലേക്കു കൊണ്ടുപോന്നതായി അറിയപ്പെട്ടിട്ടുള്ളു.

### 8 പലിശ

സോവ്യററു് യൂണിയനിൽനിന്നു വാങ്ങിയ കടങ്ങൾക്കുള്ള പലിശ ഗവമ്മെൻറുകളുടെ ഇടയിൽ നിലവിലിരിക്കുന്നതിനേക്കാൾ കൂടിയ റേററിലാണു് പലപ്പോഴും കണക്കാക്കിയിട്ടുള്ളതു്. ഉദാഹരണമായി, ചെക്കോസ്ലോവാക്കിയായ്ക്കു് നൽകിയകടവായ്പയ്ക്കു് മൂന്നരശതമാനം പലിശ ചുമത്തി. എന്നാൽ "കയററുമതി—ഇറക്കുമതി ബാങ്കിലെ" പലിശനിരക്കു് അപ്പോൾ രണ്ടരശതമാനമായിരുന്നു.

### 9 കൊമിൻറേൺ നൽകിയ സഹായങ്ങൾക്കു പ്രതിഫലം

സാർവ്വദേശീയ കമ്മ്യൂണിസ്റ്റു് വിപ്ലവസംഘടനയായ കൊമിൻറേൺ അതിന്റെ സ്ഥാപനംമുതൽ (1919) വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റു്പാർട്ടിക്കു നൽകിക്കൊണ്ടിരുന്ന സഹായത്തിനു സോവ്യററു് റഷ്യ പ്രതിഫലം ആവശ്യപ്പെട്ടിരുന്നു. ബൾഗേറിയായിലെ കമ്മ്യൂണിസ്റ്റു്പാർട്ടിക്കു നൽകിയ പണസഹായത്തിനും, പാർട്ടിയുടെ നേതാക്കന്മാർക്കു റഷ്യയിൽ താമസിച്ചിരുന്ന കാലത്തു് ചെയ്തുകൊടുത്ത ആനുകൂല്യങ്ങൾക്കും പ്രതിഫലമായി മോസ്കോ 10,000,000 ഡോളർ ആ രാജ്യത്തോടാവശ്യപ്പെട്ടു. ബൾഗേറിയൻ കമ്മ്യൂണിസ്റ്റു്പാർട്ടി അതിന്റെ ലക്ഷ്യത്തിലെത്തി രാജ്യത്തിലെ അധികാരം പിടിച്ചെടുത്തതു് സോവ്യററു് റഷ്യയുടെ സഹായത്താലാകയാൽ അതിനു പ്രതിഫലം കൊടുക്കാൻ കടമയുണ്ടെന്നു ന്യായം ഉന്നയിക്കപ്പെട്ടു. എന്നാൽ ആ പ്രതിഫലം 10,000,000 ഡോളറായി കണക്കാക്കിയ വിവരങ്ങൾ കാണിക്കുന്ന യാതൊരു പ്രമാണവും പരസ്യപ്പെടുത്തിയിട്ടില്ല. കിഴക്കെ ജമ്മനി ഉൾപ്പെടെ മററു യൂറോപ്യൻ ഉപഗ്രഹരാജ്യങ്ങളും കൊമിൻറേൺ വഴിയായി തങ്ങൾക്കു ലഭിച്ച സഹായങ്ങൾക്കു് ഇതുതോതിൽ റഷ്യക്കു പ്രതിഫലം നൽകിയാൽ അതിന്റെ ആകെ തുക എത്രയായിരിക്കും! വിദൂരപൂർവ്വപ്രദേശങ്ങളിലെ പുതിയ ഉപഗ്രഹരാജ്യങ്ങളും ഇതുപോലുള്ള സംഖ്യകൾ കൊടുക്കേണ്ടിവന്നാൽ എന്തായിരിക്കും കഥ!

### പുനരുദ്ധാരണം

യുദ്ധാനന്തരം റഷ്യയിലുണ്ടായ സാമ്പത്തികപുനരുദ്ധാരണം വളരെ വലിയതുതന്നെ. റഷ്യയുടെ സാമ്പത്തികസ്ഥിതി യുദ്ധത്തിനു മുമ്പുള്ള തോതിൽ മിക്കവാറും എത്തിയിട്ടുണ്ടെന്നു് സോവ്യററു് ഗവമ്മെൻറു് പെരുമ്പറയടിക്കുന്നതിൽ കുറെ വാസ്തവമില്ലാതില്ല. ജീവിതതോതു 1945-നു ശേഷം മെച്ചമായിട്ടുണ്ടു്. റഷ്യ 30ലക്ഷം ആളുകളെ സൈന്യത്തിൽ ചേർത്തു് തീററിപ്പോററുകയും, റഷ്യൻ വ്യവസായം അധികവും ഇനിയും സൈനികമായ വിഭവങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നസ്ഥിതിക്കു് അവിടത്തെ ജീവിതതോതു് മെച്ചമായതെങ്ങനെയെന്നു് ആശ്ചര്യമുണ്ടായേക്കാം. അതിനു ശരിയായമറുപടി കാണാൻ കഴിയുന്നതു്, മേൽ വിവരിച്ച വിധ

(ശേഷം 10-ാംപേജിൽ)

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam, July 14, 1954 No. 45

## ദൂഷിച്ചസിനിമയെ

### മാപ്പാപ്പ അപലപിക്കുന്നു

ധാമ്മികമായി അപകടകരമായ സിനിമാച്ചിത്രങ്ങളെ കലാപരമായ മേന്മയെ ആധാരമാക്കി അംഗീകരിക്കുന്നതിലുള്ള ആബദ്ധത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു പരിശുദ്ധ പിതാവു് കത്തോലിക്കാ സിനിമാ ഉപദേശകബോർഡംഗങ്ങൾക്കു ഒരു താക്കീതു നൽകിയിരിക്കുന്നു. പരിശുദ്ധ പിതാവിനുവേണ്ടി വത്തിക്കാൻ സ്റ്റേറ്റു്പ്രോ-സിക്രട്ടറി മോൺ. മൊന്തീനി സാർവ്വലൗകിക കത്തോലിക്കാ സിനിമാഓഫീസിൻെറ ഫ്റഞ്ചുപ്രസിഡൻറു് ആബെ ജീൻ ബർണാർഡിനയച്ച കത്തിൽ ഇതു വിശദമാക്കിയിരിക്കുന്നു. പ്രസ്തുത സംഘടന ജർമ്മനിയിൽ കൊളോൺ എന്ന സ്ഥലത്തു ഒരു സമ്മേളനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. പ്രസ്തുത കത്തിൽ ഓരോ രാജ്യങ്ങളിലും ഹയരാർക്കികൾ കത്തോലിക്കാ സിനിമാബോർഡുകൾ സ്ഥാപിച്ചു് ചലച്ചിത്രങ്ങളുടെ ധാർമ്മികനിലവാരത്തെപ്പററി കത്തോലിക്കരെ ഗ്രഹിപ്പിക്കുന്നതിനെ പ്രകീർത്തിക്കുകയും അപ്രകാരമുള്ള ബോർഡുകൾ സംഘടിപ്പിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ അവയെ സ്ഥാപിച്ചു് ഫലപ്രദമായി പ്രവർത്തിപ്പിക്കണമെന്നുൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. "പ്രദർശിപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ ധാർമ്മികമോ മതപരമോ ആയ നിലവാരത്തെപ്പററി വേണ്ടത്ര അറിവുകൂടാതെ വളരെ അധികം കത്തോലിക്കർ സിനിമാക്കൊട്ടകകളിലേക്കു ഓടിക്കൂടുന്നുണ്ടു്. ഇക്കാര്യത്തിൽ പലരും അവരുടെ കടമയെന്താണെന്നുപോലും അറിയുന്നതായിതോന്നുന്നില്ല. പ്രത്യേകിച്ചു് ചെറുപ്പക്കാർ സിനിമായുടെ നാശകരമായ വശീകരണത്തിൽനിന്നും വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല" എന്നാണു് ആ കത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

## കത്തോലിക്കരുടെ

### പ്രതിഷേധപ്രകടനം

മാർഷൽ ടീറേറാ ഈയിടെ ഏതൻസ് സന്ദർശിച്ച അവസരത്തിൽ ആ രാഷ്ട്രമേധാവിയെ ബഹുമാനിക്കുന്നതിനു അദ്ദേഹത്തിൻെറ ആഗമനാവസരത്തിൽ എല്ലാ പൊതുസ്ഥാപനങ്ങളും സ്വകാര്യഭവനങ്ങളും അവയുടെ ഉയന്ന സ്ഥാനങ്ങളിൽ പതാകകൾ പറത്തണമെന്നു ഗവർമ്മെൻറു് ആജ്ഞനൽകിയിരുന്നു. പ്രസ്തുത ഉത്തരവു പുറപ്പെട്ടയുടനെ അവിടത്തെ കത്തോലിക്കർ കൂട്ടമായി കത്തീദ്രൽവികാരിയോടു് തിരുസ്സഭയെ ഞെരുക്കികൊണ്ടിരിക്കുന്ന ഒരാളെ ബഹുമാനിക്കുവാൻ കത്തീദ്രലിനുമേൽ കൊടിപാറത്തരുതെന്നു അപേക്ഷിച്ചു. കർദ്ദിനാൾ സ്റ്റെപ്പിനാക്കിനേയും അനേകസഹസ്രം കത്തോലിക്കരേയും കാരാഗൃഹത്തിലടച്ചിരിക്കുന്ന ഒരുത്തനെ ബഹുമാനിക്കാത്തതുകൊണ്ടു് എന്തു പിഴശിക്ഷവന്നാലും ഇടവകക്കാർ അതടച്ചുകൊള്ളാമെന്നു് അവർ ഏററുപറഞ്ഞു. ഗവർമ്മെൻറു് നിർബന്ധിക്കുകയാണെങ്കിൽ കൊടികൾ പകുതി താഴ്ത്തികെട്ടി പള്ളിമണികൾ ദുഃഖസൂചകമായി അടിക്കാമെന്നാണു് അവർ തീരുമാനിച്ചതു്. എന്നാൽ ടിറേറായുടെ ഔദ്യോഗികസന്ദർശനാവസരത്തിൽ കത്തോലിക്കാദേവാലയത്തിനുമേൽ കൊടി തൂക്കിയിരുന്നില്ല. അതേപ്പററി ഇതുവരെയും നടപടികൾ ഒന്നും എടുത്തതായും അറിവില്ല. ഏതായാലും ഏതൻസിലെ കത്തോലിക്കർ അവരുടെ ന്യായമായ പ്രതിഷേധം രേഖപ്പെടുത്തുകതന്നെചെയ്തു.

# —വിവിധവൃത്താന്തങ്ങൾ—

### പോളിഷ് ഡെമോക്രാററിക്

## നേതാവു അന്തരിച്ചു

പോളണ്ടിലെ ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടിയുടെയും യുദ്ധകാലത്തു അവിടത്തെ "അണ്ടർ ഗ്രൗണ്ടു്" പ്രവർത്തനത്തിൻെറയും നേതാവായിരുന്ന മി. ജോസഫ് ചാച്ചിൻസ്കി വാർസോയിൽ വച്ചു 65-ാമത്തെ വയസ്സിൽ മരണമടഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ ജീവിതകാലം മുഴുവനും, പരിശുദ്ധ പിതാവു് 13-ാംലെയോ മാർപ്പാപ്പാ ഉൽബോധിപ്പിച്ചിട്ടുള്ള സാമൂഹികനീതിനിർവ്വഹണമെന്ന മഹനീയാദർശത്തിനുവേണ്ടി തീവ്രമായി പോരാടുകയും ദയനീയമായി പീഡകൾ സഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം ഒരു പാർലമെൻറു് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴും ബന്ധിതനായിരിക്കുന്ന ബിഷപ്പു് ആഡംസ്കിയെ തുടന്നു് അദ്ദേഹം ക്രിസ്ത്യൻ ഡെമോക്രാററിക്കുപാർട്ടിയുടെ ലീഡറായി. ജർമ്മൻകാർ അദ്ദേഹത്തെ ആവുസ്ച്ചുവിസു് തടങ്കൽപ്പാളയത്തിലടച്ചു. അവിടെനിന്നു മോചനം പ്രാപിച്ച ഉടൻ "അണ്ടർ ഗ്രൗണ്ടു്" പ്രവത്തനരംഗത്തേക്കാണദ്ദേഹം പ്രവേശിച്ചതു്. 1944-ൽ അദ്ദേഹത്തിൻെറ പുത്രനെ ജർമ്മൻകാർ വെടിവച്ചുകൊന്നു. പുത്രിമാരെ ജർമ്മനിയിലേക്കു പിടിച്ചുകൊണ്ടുപോയി. 1954-ൽ അദ്ദേഹം വേറെ 15 അണ്ടർഗ്രൗണ്ടു് പ്രവത്തകന്മാരോടുകൂടി റഷ്യാക്കാരാൽ അറസ്റ്റു ചെയ്യപ്പെട്ടു. ഒരു കരാറനുസരിച്ചു് പിന്നീടദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടു. ഇപ്രകാരം വിഷമകരമായ എല്ലാ സാഹചര്യങ്ങളിലും തൻെറ ആദർശത്തിനുവേണ്ടി സധീരം അടരാടി ജീവിതം നയിച്ച ഒരു ധീരനാണു് അദ്ദേഹം.

## ജപ്പാനിലെകമ്മ്യൂണിസ്റ്റ് ഭീഷണി

യൊക്കോഹാമായിലെ മെത്രാനായിരുന്ന റൈററ് റവ. ഡോക്ടർ വാക്കിഡാ തിരുമനസ്സുകൊണ്ടു് തെക്കെ അമേരിക്കായിലേക്കുള്ള യാത്രാമദ്ധ്യേ സാൻഫ്റാൻസിസ്കോയിൽവച്ചു പ്രസ്താവിച്ചതിപ്രകാരമാണു്: ജപ്പാനിൽ ഗവമ്മെൻറിൻെറ വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരെന്നു കരുതപ്പെടുന്നവരുടെ ഇടയിലുള്ള നിന്ദ്യമായ പ്രവത്തനമാണു് അവിടെ കമ്മ്യൂണിസ്റ്റു തന്ത്രങ്ങൾക്കു വളം വച്ചുകൊണ്ടിരിക്കുന്നതു്. തെക്കെ കൊറിയാ കമ്മ്യൂണിസ്റ്റുകൾക്കടിപ്പെടുകയാണെങ്കിൽ ലോകത്തുള്ള യാതൊരു ശക്തിക്കും തുടന്നുള്ള ജപ്പാൻെറ അധഃപ്പതനത്തെ തടുത്തുനിർത്തുവാൻ സാദ്ധ്യമല്ല. യുദ്ധാനന്തരം ജപ്പാനിൽ കത്തോലിക്കരുടെ സംഖ്യ ഇരട്ടിച്ചിട്ടുണ്ടെങ്കിലും അവിടെ ഇപ്പോൾ 150 ഏതദ്ദേശീയവൈദികർ മാത്രമേയുള്ളു.

## കടലിനടിയിൽ

### കുർബാന

ഒരമേരിക്കൻ നാവികചാപ്ലയിനായ റവ. ഫാദർ ഫെറേരി അവർകൾ മദ്ധ്യധരണിക്കടലിനടിയിൽക്കൂടി യാത്രചെയ്തിരുന്ന ഒരന്തർവാഹിനിക്കപ്പലിൽവച്ചു ദിവ്യബലി അർപ്പിച്ചിരിക്കുന്നു. സമുദ്രത്തിനടിയിൽ ഓടിക്കൊണ്ടിരിക്കുന്ന കപ്പലിൽവച്ചു ആദ്യമായി അർപ്പിക്കപ്പെട്ടിട്ടുള്ള കുർബാനയായിരിക്കണം ഇതെന്നു വിശ്വസിക്കപ്പെടുന്നു.

### മേരീരാജ്ഞിക്കു്

## പുതിയ തിരുനാൾ

മരിയവത്സരത്തിലെ അഖിലലോക മരിയൻകോൺഗ്രസ്സ് ഒക്ടോബർ 24 മുതൽ നവമ്പർ 1 വരെ റോമയിൽ ആഘോഷിക്കുന്നതിനാണല്ലോ തീരുമാനിച്ചിരിക്കുന്നതു്. ഈ അവസരം മറിയത്തിൻെറ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിൻെറ നാലാംവാർഷികമഹവും കൂടിയാണല്ലോ. ഈ സംഭവങ്ങളെ അനുസ്മരിച്ചു് കോൺഗ്രസ്സിൻെറ പര്യവസാനത്തിൽ പരിശുദ്ധ പിതാവു് മറിയത്തിൻെറ രാജ്ഞിയെന്നുള്ള അഭിധാനത്തിൽ ഒരു തിരുനാൾ പ്രഖ്യാപിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

### ദേവാലയ പുനരുദ്ധാരണത്തിനു

## രാജ്ഞിയുടെ ദാനം

സൗത്തു്വാക്കിലുള്ള വിശുദ്ധ ഗീവർഗ്ഗീസിൻെറ കത്തീദ്രൽ ദേവാലയം പുനരുദ്ധരിക്കുന്നതിനു മഹാരാജ്ഞി ഒരു തുക ദാനംചെയ്തിരിക്കുന്നു. 16-ാം നൂററാണ്ടിലെ പ്രോട്ടസ്റ്റൻറു് മതവിപ്ലവത്തിനുശേഷം ഭരണം നടത്തുന്ന രാജസ്ഥാനത്തുനിന്നു ഒരു കത്തോലിക്കാദേവാലയത്തിനുവേണ്ടി ഒരു ദാനം നടത്തുന്ന ആദ്യത്തെ സംഭവമാണിതെന്നു വിശ്വസിക്കപ്പെടുന്നു. ഡ്യൂക്കു് ഓഫ് എഡിൻബറ്ഗ്ഗ് അവർകളും ഒരു സംഭാവന നൽകിയിട്ടുണ്ടു്. ഒരു ലക്ഷത്തി പതിനായിരം പവൻ പിരിക്കാനാണു് അഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നതു്. യുദ്ധത്തിൽ നശിപ്പിക്കപ്പെട്ട പഴയ ദേവാലയത്തിൻെറ നഷ്ടപരിഹാരം വകയിൽ 3 ലക്ഷത്തി തൊണ്ണൂറെറണ്ണായിരം പവൻ കമ്മീഷൻ നൽകിയിട്ടുണ്ടു്. കഴിഞ്ഞ വേനൽക്കാലത്തു സമാരംഭിച്ച പുനരുദ്ധാരണജോലികൾ 5കൊല്ലംകൊണ്ടു പൂർത്തിയാകുമെന്നാണു് കരുതപ്പെടുന്നതു്.

### സലേഷ്യൻ സുപ്പീരിയർ ജനറലിനു

## ബഹുമതി

സലേഷ്യൻ സഭയുടെ സുപ്പീരിയർ ജനറൽ റവ. ഫാദർ റെനാത്തുസ് സിഗ്ഗിയോട്ടി അവർകൾക്കു ഇററാലിയൻ പ്രസിഡൻറു് "മെറിററ് ഇൻ കൾച്ചറി" നുള്ള സ്വർണ്ണമെഡൽ സമ്മാനിച്ചിരിക്കുന്നു. ഇററലിയിൽ സലേഷ്യൻ സഭക്കാർ 400 സ്കൂളുകൾ നടത്തുന്നുണ്ടു്. ലോകത്തിലാകെ അവർ നടത്തുന്ന വിദ്യാലയങ്ങളുടെ സംഖ്യ 2000 മാണു്. തൊഴിലാളിവിഭാഗത്തിൻെറ സാങ്കേതികവും മതാത്മകവുമായ ആവശ്യങ്ങളെ സാധിച്ചുകൊടുക്കുന്നതിനുപയുക്തമായ സാങ്കേതികവിദ്യാലയങ്ങളെ സ്ഥാപിക്കുന്നതിനാണു് ഫാദർ സിഗ്ഗിയോട്ടി പ്രത്യേകം ഉത്സാഹിച്ചുകൊണ്ടിരിക്കുന്നതു്.

### മെത്രാന്മാർക്കു് പാസ്പോർട്ടു്

## നിഷേധിച്ചു

വിശുദ്ധ പത്താംപീയൂസിൻെറ പുണ്യപദപ്രഖ്യാപനകർമ്മത്തിൽ സംബന്ധിക്കുന്നതിനു റോമിൽ പോകുന്നതിനപേക്ഷിച്ച 5 യൂഗോസ്ലാവു് മെത്രാന്മാക്കു് പാസ്പോർട്ടു് നിഷേധിക്കപ്പെട്ടു. അപ്രകാരംതന്നെ അനുമതിക്കപേക്ഷിച്ച ഹംഗറിയിലേയും സ്ലോവാക്കിയായിലേയും എല്ലാ മെത്രാന്മാക്കും കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു അനുവാദം നിഷേധിക്കുകയാണുണ്ടായതെന്നും റിപ്പോർട്ടു് ചെയ്യപ്പെട്ടിരിക്കുന്നു.

### ജർമ്മനിയിൽ പ്രേഷിതശതാബ്ദ

## ജൂബിലി

ജർമ്മനിയുടെ അപ്പസ്തോലനായ വിശുദ്ധ ബോനിഫേസ് മരിച്ചിട്ടു 12 ശതാബ്ദം പൂർത്തിയായ ജൂബിലിമഹം ഫൾഡാ എന്ന സ്ഥലത്തുവച്ചു അത്യാഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു ഒരുനൂറിൽപ്പരം മെത്രാന്മാരും സഭാശ്രേഷ്ഠന്മാരും അതിൽ പങ്കെടുത്തു. ഒരാഴ്ചത്തേക്കു ദീർഘിച്ച ആഘോഷപരിപാടികൾ ജൂൺ 13-ാംതീയതിയാണു് സമാപിച്ചതു്. അവസാനനാളിയിൽ കമ്മ്യൂണിസ്റ്റധീനമായ കിഴക്കെ ജർമ്മനിയിൽനിന്നു നിരവധി ആളുകൾ സംബന്ധിച്ചു എന്നതു അപ്രതീക്ഷിതമായൊരു സംഭവമാണു്. കിഴക്കെ ജർമ്മനിയിൽനിന്നു ഇരുമ്പുകർട്ടൻ ഭേദിച്ചു രണ്ടു സ്പെഷ്യൽ തീവണ്ടികൾ തീർത്ഥകരേയുംകയററി ഫൾഡായിലേക്കു പോകുന്നതുകണ്ടു കമ്മ്യൂണിസ്റ്റധികാരികൾ മിഴിച്ചുനിന്നതേയുള്ളു. ഫൾഡായിലേക്കുള്ള അവരുടെ ആഗമനം വികാരതരളിതമായിരുന്നു. വളരെനാളായി തമ്മിൽ കാണാൻ കഴിയാതിരുന്ന കുടുംബാംഗങ്ങൾ ആർത്തിയോടെ അവരുടെ സ്വന്തപ്പെട്ടവരെ ആശ്ലേഷിച്ചു സ്വാഗതംചെയ്തു. ബ്രിട്ടൻ, ഫ്റാൻസു്, ബെൽജിയം, ഇററലി, ഹോളണ്ടു്, മുതലായ വിവിധ രാജ്യങ്ങളിൽനിന്നും പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. സമാപനസമ്മേളനത്തിൽ പ്രസംഗിച്ച ജർമ്മൻ ചാൻസലർ ഡോക്ടർ അഡേനോവർ ജർമ്മനിയുടെ ഐക്യത്തിനുവേണ്ടി സർവ്വശ്രമവും ചെയ്യുന്നതാണെന്നുറപ്പുപറയുകയുണ്ടായി.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

